
# SANTHOM VOICE

Ramanathapuram Diocesan Bullettin

Vol. 10, 2019 DECEMBER, No.12



Imprimatur
(Sd)
**Mar Paul Alappatt**
Bishop of Ramanathapuram

Chief Editor
**Fr. Bijo Palayil**
Mob: 8903219668
Associate Editor
**Fr. Jaison Enchathanath CST**
Mob: 7592915106
secretaryramanathapuram@gmail.com
Published by
**Fr. Joseph Alappadan**
Bishop's House, Ramanathapuram
Ph: 0422- 4221795
Website :
www.dioceseoframanathapuram.org
www.dioceseoframanathapuram.com
Printed at: S. Sridhar offset Printing
Annual Subscription Rs. 250/-
Single Copy Rs. 30/-


## ഈ ലക്കത്തിൽ


| | |
|---|---|
| Pope Tweets | 02 |
| ഇടയലേഖനം | 03 |
| സർക്കുലർ - കെ.സി.ബി.സി. | 06 |
| സർക്കുലർ - കർദിനാൾ ജോർജ് ആലഞ്ചേരി | 12 |
| രൂപതാകാര്യാലയം | 21 |
| ഫിനാൻസ് ഓഫീസ് | 24 |
| Bishop's Engagements | 26 |
| From the Bishop's Diary | 27 |
| സഭാവാർത്തകൾ | 28 |
| പുരോഹിതൻ : ധാർമ്മികശക്തിയോടെ ശുശ്രൂഷ നിർവഹിക്കുന്നവൻ | 31 |
| കുടുംബക്കൂട്ടായ്മ പഠനവിഷയം | 38 |
| മൈനർ സെമിനാരി | 41 |
| വിശ്വാസപരിശീലനം | 42 |
| *Mater Dei* International School | 45 |
| ജീവൻജ്യോതി സെന്റർ | 46 |
| മദർ തെരേസ പീസ് ഹോം | 47 |
| സാന്തോം സോഷ്യൽ സർവ്വീസ് | 49 |
| ചിൽഡ്രൻസ് മിനിസ്ട്രി | 49 |
| പിതൃവേദി | 50 |
| ഫാമിലി അപ്പസ്തോലേറ്റ് | 51 |
| നവീകരണമുന്നേറ്റം | 52 |
| എസ്.എം.ആർ.സി. | 52 |
| പള്ളികളിലെ കുർബാന സമയം | 53 |
| Snippets | 54 |


**Let us pray for the intentions of the Holy Father**

**The Future of the Very Young**

That every country take the measures necessary to prioritize the future of the very young, especially those who are suffering.



# Pope Francis Tweets

**Pope Francis @Pontifex Nov 14**

God has entrusted us with His greatest gifts: our life, the lives of others, and so many different gifts for each person. He invites us to make these talents bear fruit with audacity and creativity.

**Pope Francis @Pontifex Nov 15**

God is merciful towards those who admit their need.

**Pope Francis@Pontifex Nov 16**

Let us pray for the grace to be able to listen to the cry of the poor: it is the cry of hope of the Church.

**Pope Francis @Pontifex Nov 17**

How beautiful it would be if the poor could occupy in our hearts the place they have in the heart of God!

**Pope Francis @Pontifex Nov 18**

God will not be the only one who welcomes us into Heaven. There will also be those with whom we have shared all the Lord has placed in our hands, after administering it well.

**Pope Francis @Pontifex Nov 19**

I leave today on my 32nd #ApostolicJourney. Dear friends in Thailand and Japan, before we meet, let us pray together that these days may be rich in grace and joy.

**Pope Francis @Pontifex Nov 21**

When Christians and Buddhists have the opportunity to appreciate and esteem one another, in spite of our differences, we offer the world a word of hope that can encourage and support those who are wounded by division.


***MATER DEI*** **INTERNATIONAL SCHOOL**
(Diocese of Ramanathapuram)

**Trinity Nagar, L & T Bye-pass road,**
**Pattanam, Coimbatore 641016**

Pre-KG + LKG, UKG, Std. I - V ക്ലാസ്സുകളിലേക്ക് പ്രവേശനം ആരംഭിച്ചിരിക്കുന്നു.

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക : Mob : 9489133403**

***MATER DEI*** **INTERNATIONAL SCHOOL**
(An Educational Institution owned and run by the Diocese of Ramanathapuram)

Admissions open for the Pre-KG, LKG, UKG & Std I - V

**For more details, contact : Mob :9489133403**

No. 174/2019
22-11-2019 PL-4

# ഇടയലേഖനം

പോൾ ആലപ്പാട്ട്

**ദൈവകൃപയാലും സഭാനേതൃത്വത്തിന്റെ അനുഗ്രഹത്താലും
രാമനാഥപുരം രൂപതാ മെത്രാൻ**

## ക്രിസ്തുമസ്സ് - 2019

ഈശോമിശിഹായിൽ സ്നേഹമുള്ളവരേ,

01-12-2019 ഞായറാഴ്ച നാം വീണ്ടുമൊരു ആരാധാനക്രമവത്സരത്തിലേക്കും മംഗളവാർത്താക്കാലത്തിലേയ്ക്കും പ്രവേശിച്ചിരിക്കുകയാണ്. നാല് ആഴ്ചകളോളം ദീർഘിക്കുന്ന മംഗളവാർത്താക്കാലം അക്കാലഘട്ടത്തിന്റെ കേന്ദ്രബിന്ദുവായ ക്രിസ്തുമസ്സ് അർത്ഥപൂർണ്ണമായി ആഘോഷിക്കാനുള്ള ഒരുക്ക കാലഘട്ടമാണ്. അനുദിനം വി. കുർബാനയിൽ പങ്കെടുത്തും നന്നായി ഒരുങ്ങി കുമ്പസാരിച്ച് വി. കുർബാന സ്വീകരിച്ചും നോമ്പ് നോറ്റും ഉണ്ണീശോയെ നമ്മുടെ വ്യക്തിജീവിതത്തിലേയ്ക്കും കുടുംബങ്ങളിലേയ്ക്കും സമൂഹങ്ങളിലേയ്ക്കും വലിയ ആത്മീയ ഉന്മേഷത്തോടെ സ്വീകരിക്കാനുള്ള ധന്യത നിറഞ്ഞ സമയം ആഘോഷവും മണ്ണിൽ വന്ന് അവതീർണ്ണനായ ഉണ്ണീശോയുടെ സമാധാനവും കൃപയും നമ്മിലും നമ്മുടെ കുടുംബങ്ങളിലും സമൂഹങ്ങളിലും വന്ന് നിറയാനുള്ള അവസരമാകട്ടെ ഇത് എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

“എന്തെന്നാൽ അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിന് വേണ്ടി തന്റെ ഏകജാതനെ നല്കുവാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു” (യോഹ. 3:16). തന്റെ പക്കലുണ്ടായിരുന്ന ഏറ്റവും വലിയ നിധിയും സമ്പാദ്യവും ലോകരക്ഷയ്ക്കുവേണ്ടി നല്കിക്കൊണ്ടാണ് പിതാവായ ദൈവം തനിക്ക് ലോകത്തോടുള്ള അധമ്യമായ സ്നേഹം വെളിപ്പെടുത്തിയത് ഇവിടെ ഒരു കാര്യം വ്യക്തം - ഈശോയുടെ മനുഷ്യവതാരം ദൈവസ്നേഹത്തിന്റെ ഏറ്റവും ഉന്നതമായ രൂപമാണ്. ഈ മനുഷ്യാവതാര രഹസ്യം ഉൾക്കൊള്ളുന്ന ത്യാഗവും പങ്കുവയ്ക്കലും നമ്മുടെ ജീവിതത്തിന്റെ ഭാഗമാകാത്തിടത്തോളം കാലം നമ്മുടെ ക്രിസ്തുമസ്സ്

അർത്ഥപൂർണ്ണമാകില്ല. മനുഷ്യകുല രക്ഷയ്ക്കുവേണ്ടി തന്നെത്തന്നെ മുഴുവനായും വ്യയം ചെയ്ത ഈശോയുടെ ജന്മദിനം ആഘോഷിക്കുന്നവർ അപരനുവേണ്ടി സ്വന്തം സമയവും കഴിവുകളും പണവും അനുബന്ധ സൗകര്യങ്ങളും നിസ്വാർത്ഥമായി സമർപ്പിക്കാൻ തയ്യാറാകണം.

രൂപതയെ സംബന്ധിച്ചിടത്തോളം ഈ വർഷത്തെ ക്രിസ്തുമസ്സിന് ഒരു പ്രത്യേകതയുണ്ട്. നമ്മുടെ രൂപതയുടെ ദശവത്സരത്തിലെ ക്രിസ്തുമസ്സ്. 10 വർഷങ്ങളായി നല്ലദൈവം നല്ലമനസ്സുള്ളവരിലൂടെ രൂപതയിൽ വർഷിച്ച കൃപകളുടെയും നന്മകളുടെയും ഫലമാണ് ഇന്നത്തെ രാമനാഥപുരം രൂപത. വൈദികരുടെയും സന്യസ്തരുടെയും അല്മായ സഹോദരരുടെയും ഗുണകാംക്ഷികളുടെയും സഹകരണത്തിന്റെയും അദ്ധ്വാനത്തിന്റെയും ഔദാര്യത്തിന്റെയും ഫലം. നമുക്ക് അഭിമാനിക്കാം, സന്തോഷിക്കാം, ദൈവതിരുമുമ്പിൽ നമുക്ക് നന്ദിയോടുകൂടിയായിരിക്കാം.

ഇനിയും നമ്മുടെ രൂപതയ്ക്ക് ഒരുപാട് മുന്നേറാനുണ്ട്. ഈ ദശവത്സരാചരണം ഒരു പുനരർപ്പണത്തിന് അവസരമാകണം. അംഗീകരിക്കേണ്ടവരെ അംഗീകരിക്കാനും കഴിഞ്ഞകാല സംഭവങ്ങളേയും പ്രവർത്തനങ്ങളേയും വിലയിരുത്താനും തിരുത്തലുകൾ ഉൾക്കൊള്ളാനും നവീകൃതമായ മനസ്സോടും ശക്തമായ കൂട്ടായ്മയോടും കൂടി മുന്നേറാനും നമുക്ക് കഴിയണം.

രൂപതയുടെ ദശവത്സരാചരണം "നമ്മുടെ കൂടെയായിരിക്കാൻ" ഭൂമിയിലേയ്ക്ക് ഇറങ്ങിവന്ന "ഇമ്മാനുവേലി"ന്റെ ചൈതന്യമനുസരിച്ച് ക്രമപ്പെടുത്താനാണ് നാം ആഗ്രഹിക്കുന്നത്. പാവപ്പെട്ടവരുടെ ഉന്നമനത്തിനുവേണ്ടി വീടുപണിയ്ക്കുള്ള സഹായം, വിദ്യാഭ്യാസ സഹായം, പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിനുള്ള സഹായം എന്നീ ജീവകാരുണ്യ പരിപാടികളാണ് ഈ ദശവത്സരത്തിൽ നാം വിഭാവനം ചെയ്യുന്നത്. ഇതിന്റെ വിശദാംശങ്ങളും മറ്റുപരിപാടികളെപ്പറ്റിയും നിങ്ങളെ പിന്നീട് അറിയിക്കുന്നതാണ്. നിങ്ങളുടെ നിർലോഭമായ സഹകരണവും ഔദാര്യവും ദശവത്സര പരിപാടികളുടെ വിജയത്തിന് അത്യാവശ്യമാണ്. "പുൽക്കൂട്ടിലെ പൊന്നുണ്ണിക്ക് എന്റെ/എന്റെ കുടുംബത്തിന്റെ/എന്റെ സമൂഹത്തിന്റെ കൈത്താങ്ങ്" എന്ന മുദ്രാവാക്യവുമായി നാം ഒറ്റക്കെട്ടായി മുന്നോട്ടുപോയാൽ ഈ ദശവത്സരത്തിൽ പാവപ്പെട്ടവർക്കായി ഒരുപാട് നന്മകൾ ചെയ്യാൻ നമുക്ക് കഴിയും. ഈ വർഷത്തിന്റെ പ്രാധാന്യത്തെപ്പറ്റി ഇടവക ജനമുൾപ്പെടെയുള്ള ബന്ധപ്പെട്ട എല്ലാവരേയും ബോദ്ധ്യപ്പെടുത്താൻ ബഹു. വൈദികരും സന്യാസ സമൂഹ മേജർ സുപ്പീരിയേഴ്സും മതാദ്ധ്യാപകരും ശ്രമിക്കണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുന്നു.

"അവരുടെയിടയിൽ ആവശ്യത്തിൽ ഞെരുങ്ങുന്നവർ ആരും ഉണ്ടായിരുന്നില്ല" (അപ്പ. 4:34) എന്ന ആദിമ സഭയെപ്പറ്റിയുള്ള ദൈവവചനം, പലവിധ പരിമിതികൾക്കുള്ളിലും, നമ്മുടെയിടയിൽ യാഥാർത്ഥ്യമാ

ക്കാൻ നമുക്ക് ശ്രമിക്കാം. നമ്മൾ ആസ്വദിക്കുന്ന സുഖങ്ങളിലും സന്തോഷങ്ങളിലും സൗകര്യങ്ങളിലും ആനുകൂല്യങ്ങളിലും മറ്റുള്ള വർക്കും പങ്കുവേണമെന്ന ചിന്ത നമുക്കുണ്ടായാൽ "പങ്കുവയ്ക്കുന്ന ക്രിസ്തുമസ്സ് ആഘോഷം" ഒരു യാഥാർത്ഥ്യാകും.

തന്റെ ദൈവീകമഹത്വം മനുഷ്യരുമായി പങ്കുവയ്ക്കാൻ ഈ ഭൂമിയി ലേയ്ക്ക് കടന്നുവരികയും തന്റെ അവസാന തുള്ളി രക്തം വരെ നമു ക്കായി ബലിയർപ്പിക്കുകയും ചെയ്ത ഈശോയുടെ "പങ്കുവയ്ക്കുന്ന" മനോഭാവം (ഫിലി. 2:5) സ്വന്തമാക്കാനും യാഥാർത്ഥ്യമാക്കാനും (പരി മിതമായ സാഹചര്യങ്ങളിലാണെങ്കിലും) നമുക്ക് സാധിച്ചാൽ 10 വർഷം പ്രായമായ രാമനാഥപുരം രൂപത ശരിയായ ദിശയിലാണെന്ന് നമുക്ക് പറയാൻ കഴിയും. കാരണം നമ്മുടെ സഭാ ശുശ്രൂഷകൾ പാവ പ്പെട്ടവരിലേയ്ക്ക് എത്താത്തിടത്തോളം കാലം (മത്താ. 25:40, 45) അവ പൂർണ്ണവും വികലാംഗവുമാകും.

ഇത്തരുണത്തിൽ, ക്രിസ്തുമസ്സ് സമാധാനപരമായി ആഘോഷിക്കാൻ പറ്റിയ രാഷ്ട്രീയ, സാമൂഹ്യ സാഹചര്യമില്ലാതെ വലയുന്ന, യുദ്ധത്തി ന്റെയും ഭീകരവാദത്തിന്റെയും മതമൗലികവാദത്തിന്റെയും ഭീഷണി യിൽ കഴിയുന്ന എല്ലാ സഹോദരീ സഹോദരന്മാർക്കും വേണ്ടി നമുക്ക് പ്രാർത്ഥിക്കാം. നമ്മുടെ മാതൃഭൂമിയായ ഭാരതത്തേയും തിരുസന്നിധി യിൽ നമുക്ക് ഓർക്കാം. മതങ്ങൾക്കും ജാതികൾക്കും ഭാഷകൾക്കുമ പ്പുറം ഇന്ത്യക്കാരെ സ്വന്തം സഹോദരീസഹോദരന്മാരായി കാണാനും അംഗീകരിക്കാനും ബഹുമാനിക്കാനും കഴിയുന്ന മതേതര മനോഭാവം ഇന്ത്യക്കാരിൽ വളരാൻ ഉണ്ണീശോത്തന്നെ നമ്മുടെ മാതൃഭൂമിയെ അനുഗ്രഹിക്കട്ടെ. ക്രിസ്തുമസ്സിന്റെ ശാന്തിയും ആനന്ദവും പ്രത്യാ ശയും നമ്മിലും നമ്മുടെ കുടുംബങ്ങളിലും ലോകം മുഴുവനിലും വന്ന് നിറയാൻ, പ. അമ്മയുടെയും വി. യൗസേപ്പ് പിതാവിന്റെയും കുടുംബ ങ്ങളുടെ മദ്ധ്യസ്ഥ "വീട്ടുമുറ്റത്തെ വിശുദ്ധ"യായ വി. മറിയം ത്രേസ്യാ യുടെയും മദ്ധ്യസ്ഥതയിൽ നമുക്ക് പ്രാർത്ഥിക്കാം.

കൃപാപൂർണ്ണമായ ക്രിസ്തുമസ്സും ഫലപ്രദമായ നവവത്സരവും ഞാൻ നിങ്ങൾക്കേവർക്കും നേരുന്നു.

ഉണ്ണീശോയിൽ നിങ്ങളുടെ വത്സല പിതാവ്

**മാർ പോൾ ആലപ്പാട്ട്**

രാമനാഥപുരം രൂപതാ മെത്രാൻ

NB : ഈ ഇടയലേഖനം 08-12-2019 ഞായറാഴ്ച രൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കണം. +PA

Ref: 3231/K-5/KCBC/OL/DS 08.11.2019

# 2019 ഡിസംബർ 29 ബൈബിൾ ഞായർ

## കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

പിതാവായ ദൈവം മനുഷ്യരക്ഷയ്ക്കായി ലോകത്തിലേക്കയച്ച സ്വപുത്രൻ മനുഷ്യരൂപമെടുത്ത് നമ്മുടെയിടയിൽ കൂടാരമടിച്ചതിന്റെ ഓർമയാണ് ആരാധനാവത്സരത്തിലെ ആഗമനകാലത്തിലും തിരുപ്പിറവി കാലത്തിലും നിറഞ്ഞുനില്ക്കുന്നത്. യേശുക്രിസ്തുവിനെ കൂടുതലായി അറിയാനും സ്നേഹിക്കാനും നമ്മുടെ ജീവിതത്തിലേക്ക് സ്വീകരിക്കാനുമാണ് ഈ ദിനങ്ങളിൽ നാം പ്രത്യേകമായി ശ്രദ്ധിക്കുന്നത്. യേശുവിനെ അറിയാൻ വിശുദ്ധഗ്രന്ഥത്തിലേക്കാണല്ലോ നാം പ്രഥമമായി തിരിയേണ്ടത്. ബൈബിളിന് വ്യക്തിജീവിതത്തിലും സഭാജീവിതത്തിലുമുള്ള പ്രാധാന്യം സഭാമക്കൾ തിരിച്ചറിയാനും അത് ജീവിതത്തിന്റെ അടിത്തറയാക്കാനുമായി പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ ആരാധനാവർഷത്തിലെ മൂന്നാം സാധാരണ ഞായർ 'ദൈവവചന ഞായർ' ആയി ആഘോഷിക്കണമെന്ന് '*അപെരൂയിത് ഇല്ലിസ്*' (Aperuit Illis - AI) എന്ന അസ്തോലിക ലേഖനത്തിൽ 2019 സെപ്റ്റംബർ 30-ാം തീയതി പ്രഖ്യാപിക്കുകയുണ്ടായി.

ദൈവവചനത്തിൽ രൂപമെടുക്കുകയും (cf. അപ്പ 2,41-42; റോമാ 10,17) വചനത്താൽ പോഷിതയാകുകയും (cf. Dei Verbum, 21) ചെയ്യുന്ന സഭയുടെ ജീവിതത്തിൽ വചനമാകുന്ന യേശുക്രിസ്തു സന്നിഹിതനായിരിക്കുന്നത് യേശുവിന്റെ പ്രേഷ്ഠശിഷ്യനായ യോഹന്നാനു ലഭിക്കുന്ന മനോഹരമായ ദർശനത്തിലുണ്ട്: "സ്വർണനിർമിതമായ ഏഴു ദീപപീഠങ്ങൾ ഞാൻ കണ്ടു. ദീപപീഠങ്ങൾക്കു മധ്യേ മനുഷ്യപുത്രനെപ്പോലുള്ള ഒരുവൻ" (വെളി 1,12-13). സഭയാകുന്ന ദീപപീഠങ്ങൾക്കു മധ്യേ നില്ക്കുന്ന ഈ മനുഷ്യപുത്രൻ ആരെന്ന് വെളിപാടിലെ സമാപന ദൃശ്യത്തിൽ വ്യക്തമാക്കുന്നു: "അവൻ വിളിക്കപ്പെടുന്ന നാമം ദൈവവചനം എന്നാണ്" (വെളി 19,13). ദൈവവചനമാകുന്ന യേശുക്രിസ്തുവിനെ അറിയാനും അടുത്തനുകരിക്കാനും വിശുദ്ധഗ്രന്ഥത്തിലേക്കാണ് നാം തിരിയേണ്ടത്. ക്രിസ്തീയജീവിതത്തിൽ വിശുദ്ധഗ്രന്ഥത്തിന്റെ പ്രാധാന്യം വ്യക്തമാക്കിക്കൊണ്ട്, ദൈവവചനഞായറിന്റെ പ്രധാന ലക്ഷ്യങ്ങളായി ദൈവവചനത്തിന്റെ പ്രഘോഷണവും പഠനവും വ്യാപനവും ഫ്രാൻസിസ്പാപ്പ എടുത്തുപറയുന്നു (AI, 3).

## ദൈവജനവും ദൈവവചനവായനയും

വിശുദ്ധഗ്രന്ഥത്തിനു കാതുകൊടുക്കുന്നവരാണ് ദൈവജനം. ബാബിലോണിയായിലെ വിപ്രവാസത്തിൽനിന്ന് സ്വദേശത്തു തിരിച്ചെത്തിയ ഇസ്രായേൽജനം ഒറ്റക്കെട്ടായി (നെഹ 8,1) ജറുസലേമിൽ ജലകവാടത്തിനു മുന്നിലെ മൈതാനത്തു നില്ക്കുന്നതും അതിരാവിലേ മുതൽ മധ്യാഹ്നം വരെ എസ്രാ നിയമഗ്രന്ഥം വായിക്കുന്നതു ശ്രദ്ധാപൂർവം ശ്രവിക്കുന്നതും നെഹമിയായുടെ പുസ്തകം വിവരിക്കുന്നു (നെഹ 8,3). വചനം ശ്രവിച്ച അവർ തങ്ങളുടെ ജീവിതത്തിന്റെ പൊരുൾ അതിൽ കണ്ടെത്തുന്നു. ദൈവവചനം വിശ്വാസികളേവരെയും ഒന്നിപ്പിക്കുകയും അവരെ ഒരു ജനമാക്കിത്തീർക്കുകയും ചെയ്യുന്നു (AI, 4). ദൈവവചനമാണ് പുതിയ ദൈവജനമായ വിശ്വാസീസമൂഹത്തെ ഒന്നിപ്പിക്കുന്നത്. വിശുദ്ധഗ്രന്ഥത്തിലൂടെ നമ്മുടെയിടയിൽ സന്നിഹിതനായിരിക്കുന്ന യേശുവിന് ആരാധനാക്രമത്തിന്റെ ആഘോഷത്തിലൂടെയും വ്യക്തിപരമായ പ്രാർഥനയിലൂടെയും കാതുകൊടുക്കുകയെന്നത് വിശ്വാസികളായ നാമേവരുടെയും കടമയാണ്. കൗദാശികമായും ഏറ്റവും ആഘോഷകരമായും ബൈബിൾ വായിക്കപ്പെടുന്നത് വിശുദ്ധ കുർബാനമധ്യേയാണല്ലോ. കർത്താവായ യേശു തന്റെ മണവാട്ടിയായ സഭയോടു നിരന്തരം സംസാരിക്കുന്ന സജീവവചനമാണ് ബൈബിൾ (AI, 2) എന്ന ബോധ്യത്തോടെയായിരിക്കണം കുർബാനയിലെ ദൈവവചനവായന. ക്രൈസ്തവജീവിതത്തിൽ ദൈവവചനം ശ്രവിക്കുന്നതിന്റെ പ്രാധാന്യം കണക്കിലെടുത്താണ് കേരളസഭ ഏതാനും വർഷങ്ങളായി ഡിസംബർമാസം വചനപാരായണമാസമായി ആചരിക്കുന്നത്. മാംസംധരിച്ച വചനമായ യേശുവിന്റെ തിരുപ്പിറവിയുടെ ആഘോഷത്തിനായുള്ള നല്ലൊരു ഒരുക്കംകൂടിയാണ് വചനപാരായണം.

## ദൈവജനവും വചനപഠനവും

വചനത്തിനു സമർപ്പിക്കപ്പെടുന്ന ദിവസം വർഷത്തിൽ ഒരിക്കൽ മാത്രമുള്ളതല്ല, അത് വർഷംമുഴുവൻ നീണ്ടുനില്ക്കേണ്ടതാണ് എന്ന് ബൈബിൾ ഞായർ പ്രഖ്യാപിച്ച വേളയിൽ പരിശുദ്ധപിതാവ് ഓർമിപ്പിക്കുന്നുണ്ട് (AI, 8). വചനം വായിക്കുകയും ശ്രവിക്കുകയും ചെയ്യുന്ന ശീലം കേരളസഭയിൽ വ്യാപകമായിരിക്കുന്നു എന്നത് ചാരിതാർഥ്യജനകമാണ്. ഈ വചനാഭിമുഖ്യം സഭയുടെ വലിയ ശക്തിതന്നെയാണ്. ബൈബിൾ വായിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നതോടൊപ്പം ബൈബിൾ എന്താണെന്ന് ആഴത്തിൽ മനസ്സിലാക്കേണ്ടതും ആവശ്യമാണ്. മനുഷ്യചരിത്രത്തിൽ ഇടപെടുന്ന ദൈവം തിന്മയുടെയും മരണത്തിന്റെയും അധീനതയിൽനിന്ന് മനുഷ്യകുലത്തെ രക്ഷിക്കുന്നതിന്റെ വിവരണമാണല്ലോ ബൈബിൾ. വിശുദ്ധലിഖിതം

ക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ രക്ഷപ്രാപിക്കുന്നതിനെക്കുറിച്ചു പഠിപ്പിക്കുന്നുവെന്ന് പൗലോസ്ശ്ലീഹാ പറയുന്നു (2 തിമോ 3,15). വിശുദ്ധഗ്രന്ഥത്തിൽ ഉള്ളതെല്ലാം രക്ഷയിലേക്കു നയിക്കുന്നതാണ് (DV, 11). രക്ഷയുടെ സന്ദേശം ഉൾക്കൊള്ളുന്ന ദൈവവചനത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്നതുവഴിയാണ് മണവാളനായ യേശുവിനോടുള്ള സ്നേഹത്തിലും വിശ്വസ്തതയിലും സഭ വളരുന്നത്.

ബൈബിൾ പഠിക്കുന്നതിനെ രണ്ടാം വത്തിക്കാൻ കൗൺസിൽ പിതാക്കന്മാർ *ദൈവാവിഷ്കാരം* എന്ന പ്രമാണരേഖയിലൂടെ ഏറെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ദൈവം തന്റെ സഭയ്ക്കു നല്കിയ വചനം ആഴത്തിൽ ഗ്രഹിക്കാനുള്ള പരിശ്രമം ക്രൈസ്തവജീവിതത്തിന്റെ ഉയർന്ന മാനദണ്ഡം പ്രകടമാക്കുന്നുവെന്ന് *കർത്താവിന്റെ വചനം* എന്ന അപ്പസ്തോലികാഹ്വാനം (VD, 72) പ്രസ്താവിക്കുന്നു. എമ്മാവൂസിലേക്കു പോയ ശിഷ്യന്മാർക്ക് യേശു വചനം വ്യാഖ്യാനിച്ചുകൊടുത്തപ്പോൾ അവരുടെ ഹൃദയം ജ്വലിച്ചുവെന്ന (ലൂക്കാ 24,32) വചനം ബൈബിൾ പഠിതാക്കൾക്ക് പ്രോത്സാഹനമാകണം. ദൈവവചനപഠനം ക്രിസ്തീയജീവിതത്തിന് ഉണർവേകുകയും വിശ്വാസത്തെ ഉറപ്പിക്കുകയും ചെയ്യും.

**ദൈവവചനത്തിന്റെ വ്യാപനം**

നമ്മെ രക്ഷയിലേക്കു നയിക്കുന്ന ദൈവവചനം വലിയ ഒരു ഉത്തരവാദിത്വംകൂടി നമ്മെ ഭരമേല്പിക്കുന്നുണ്ട്. യേശുവിലുള്ള രക്ഷയുടെ സന്ദേശം ലോകംമുഴുവൻ വ്യാപിപ്പിക്കാനുള്ള ദൗത്യം യേശു നമുക്കു നല്കിയിരിക്കുന്നു: "നിങ്ങൾ ലോകമെങ്ങും പോയി സർവസൃഷ്ടികളോടും എന്റെ സുവിശേഷം പ്രഘോഷിക്കുവിൻ" (മർക്കോ 16,15). പരിശുദ്ധാത്മാവിനാൽ ശാക്തീകരിക്കപ്പെട്ട ശിഷ്യന്മാർ (യോഹ 20,23; അപ്പ 24) യേശുവിന്റെ സുവിശേഷം സധൈര്യം പ്രഘോഷിച്ചു. ദൈവവചനം അവർക്ക് വായിൽ തേൻപോലെ മധുരിക്കുന്നതും ഉദരത്തിൽ കയ്പായി മാറുന്നതുമായിരുന്നു (എസെ 3,3; വെളി 10,10). ദൈവവചനത്തിലൂടെ നാമോരോരുത്തരും അനുഭവിക്കുന്ന രക്ഷ തേൻപോലെ മധുരിക്കുന്നതാണ്. ദൈവവചനത്തിന്റെ മാധുര്യം നാം കണ്ടുമുട്ടുന്നവരുമായി അതു പങ്കുവയ്ക്കാനും അതിലടങ്ങിയിരിക്കുന്ന പ്രത്യാശ പ്രഘോഷിക്കാനും (1 പത്രോ 3,15-16) നമ്മെ പ്രചോദിപ്പിക്കുന്നു. വചനത്തിന്റെ പ്രകാശം ലോകമെമ്പാടും എത്തിക്കുകയെന്ന ക്രിസ്തുശിഷ്യന്മാർ തുടങ്ങിവച്ച ദൗത്യം ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവർക്കുമുള്ളതാണെന്ന് ഒക്ടോബർ 2019 -ലെ അസാധാരണ പ്രേഷിതമാസത്തെക്കുറിച്ചുള്ള മാർഗനിർദേശകരേഖയിൽ ഫ്രാൻസീസ് പാപ്പാ ഓർമിപ്പിക്കുന്നു. ദൈവവചനത്തിനു സാക്ഷ്യംനല്കാൻ അയയ്ക്കപ്പെട്ടവരാണ് ജ്ഞാനസ്നാനം സ്വീക

രിച്ച എല്ലാവരും.

ദൈവവചനത്തിനു സാക്ഷ്യം നല്കുകയെന്നാൽ പിതാവായ ദൈവത്തിന്റെ കരുണാർദ്രമായ സ്നേഹം ജീവിതത്തിൽ പ്രാവർത്തികമാക്കുകയാണ് അർഥമാക്കുന്നത്. കരുണാർദ്രസ്നേഹത്തിന്റെ സമ്പൂർണ പ്രകടനമായിരുന്നു ഒന്നും തനിക്കായി മാറ്റിവയ്ക്കാതെ, എല്ലാവർക്കുമായി സർവതും ദാനം ചെയ്ത യേശുവിന്റെ ജീവിതം. ദൈവവചനം നമ്മെ കരുണയിലേക്കു നയിക്കണമെന്ന് വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിലെ ലാസറിന്റെ ഉപമ നമ്മെ ഓർമപ്പെടുത്തുന്നുണ്ട്. ഈ ഉപമയിൽ ഏറെ ശക്തമാണ് അബ്രാഹത്തിന്റെ വാക്കുകൾ: "അവർക്ക് മോശയും പ്രവാചകരും ഉണ്ടല്ലോ. അവരെ കേൾക്കട്ടെ" (ലൂക്കാ 16,29). 'മോശയും പ്രവാചകരും' എന്നതുകൊണ്ട് ഉദ്ദേശിച്ചത് വിശുദ്ധലിഖിതംതന്നെയാണ്. വചനം ശ്രവിക്കുന്നവർ നമ്മുടെ ചുറ്റുമുള്ള ലാസറുമാരെ അവഗണിക്കരുതെന്നു ചുരുക്കം.

ദൈവവചനം ശ്രവിക്കുകയും കരുണ ജീവിതത്തിൽ പ്രാവർത്തികമാക്കുകയുമാണ് നമ്മുടെ മുന്നിലുള്ള വലിയ വെല്ലുവിളി. ദൈവവചനത്തിനു ജീവിതത്തിൽ സാക്ഷ്യംനല്കാനും ദൈവവചന വ്യാപനത്തിനായി ജീവൻ സമർപ്പിക്കാനും മുന്നിട്ടിറങ്ങുന്നവരെ കാത്തിരിക്കുന്നത് എന്താണെന്നതിന്റെ പ്രതീകമാണ് എസെക്കിയേൽ പ്രവാചകൻ മുകളിൽ സൂചിപ്പിച്ച 'ഉദരത്തിൽ അനുഭവപ്പെടുന്ന കയ്പ്'. ദൈവവചനം ജീവിതത്തിൽ സ്ഥിരതയോടെ പിഞ്ചെല്ലുക എത്ര ദുഷ്കരമാണെന്ന തിരിച്ചറിവാണിത്. നമ്മുടെ കണ്ണുകൾ തുറക്കാനും മുരടിപ്പിക്കുന്നതും തരിശുമായ വ്യക്തിവാദത്തിൽനിന്ന് (individualism) പങ്കുവയ്ക്കലിന്റെയും ഐകമത്യത്തിന്റെയും (solidarity) പുതിയ പാതയിലേക്കു നമ്മെ നയിക്കാനും ശക്തമാണ് ദൈവവചനം (AI, 13). ദൈവവചന ഞായർ ആഘോഷങ്ങൾ ദൈവാനുഭവത്തിൽനിന്ന് പങ്കുവയ്ക്കലും സ്വയംദാനവുമാകുന്ന കാരുണ്യപ്രവൃത്തികളിലേക്കു നമ്മെ നയിക്കണമെന്നാണ് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ ഇവിടെ ഉദ്ബോധിപ്പിക്കുന്നത്.

**ദൈവവചനവും കേരളസഭയും**

ഫ്രാൻസീസ് പാപ്പ ആഗോളസഭയ്ക്കായി ബൈബിൾ ഞായർ പ്രഖ്യാപിച്ചിരിക്കുന്ന ഈ അവസരത്തിൽ, വർഷങ്ങളായി നാം ബൈബിൾ ഞായറും ബൈബിൾ മാസവും ആഘോഷിച്ചു വരികയാണെന്ന് കേരളസഭയ്ക്ക് അഭിമാനപൂർവം പറയാൻ കഴിയും. കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റും ചേർന്ന് വിവിധങ്ങളായ ബൈബിൾ അധിഷ്ഠിത പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. വചനചൈതന്യം സജീവമായി നിറഞ്ഞുനില്ക്കുന്ന കേരളസഭ ആഗോളസഭയ്ക്ക് മാതൃകയും പ്രചോദനവുമാണ്.

വചനമേഖലയിൽ കേരളസഭ അനുഭവിച്ചുകൊണ്ടിരിക്കുന്ന അനുഗ്രഹപ്പെരുമഴ വലിയ ഉത്തരവാദിത്വവും നമ്മെ ഭരമേല്പിക്കുന്നുണ്ട്. ബൈബിൾ സാധാരണ ലത്തീൻഭാഷയിൽ (വുൾഗാത്ത) വിവർത്തനം ചെയ്ത് ദൈവവചനം എല്ലാവരിലും എത്തിക്കാൻ പരിശ്രമിച്ച വി. ജറോമിന്റെ 1600-ാം മരണവാർഷികത്തോടനുബന്ധിച്ച് ഡിസംബർ 1-മുതൽ 2020 സെപ്റ്റംബർ 30-വരെ കൂടുതൽ ബൈബിൾ അധിഷ്ഠിത പരിപാടികൾ നടത്താൻ അന്തർദേശീയ ബിബ്ലിക്കൽ ഫെഡറേഷൻ പ്രസിഡന്റ് കർദിനാൾ ലൂയിസ് അന്തോണിയോ താഗ്ലേ ആഹ്വാനം ചെയ്യുന്നു. വചനമേഖലയിൽ നാം ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങൾ കൂടുതൽ ഉത്സാഹത്തോടെ തുടരാൻ ഈ ആരാധനാവർഷം നമുക്ക് ഉത്സാഹിക്കാം. ബൈബിളിനുള്ള പ്രാധാന്യം എടുത്തുകാണിക്കാൻ ബൈബിൾ ഞായറോടനുബന്ധിച്ച് വിശുദ്ധകുർബാനയിൽ ബൈബിൾ ആഘോഷപൂർവം പ്രതിഷ്ഠിക്കുന്നത് ഉചിതമാണെന്ന് ഫ്രാൻസിസ്പാപ്പ വചനഞായറിനെക്കുറിച്ചുള്ള അപ്പസ്തോലികലേഖനത്തിൽ പറയുന്നുണ്ട്. വചനപാരായണമാസമായി ആചരിക്കുന്ന ഡിസംബർ മാസത്തിൽ ഇടവകകൾതോറും പ്രാർഥനാനിർഭരമായ അന്തരീക്ഷത്തിൽ ഒരു ദിവസമെങ്കിലും നീളുന്ന വചനപാരായണം സംഘടിപ്പിക്കേണ്ടതാണ്. 'ദിവ്യവായന' എന്നറിയപ്പെടുന്ന പ്രാർഥനാരീതി വിശ്വാസികളായ എല്ലാവരും പരിശീലിക്കുന്നത് നല്ലതാണ്. ശ്രദ്ധയോടും ഭക്തിയോടുംകൂടി വിശുദ്ധഗ്രന്ഥം വായിക്കുന്നതാണ് ഇതിലെ ആദ്യ ഘട്ടം. തുടർന്ന് വിചിന്തനത്തിലൂടെ ദൈവം നമ്മോടു സംസാരിക്കുന്നത് മനസ്സിലാക്കുന്നു. ദൈവവുമായുള്ള സംഭാഷണത്തിൽ ഏർപ്പെടുന്ന പ്രാർഥനയാണ് അടുത്തത്. അവസാനം നമ്മുടെ ഹൃദയങ്ങളെ ക്രിസ്തുവിന്റെ സാന്നിധ്യാനുഭവത്തിലേക്ക് ഉയർത്തുന്ന പൂർണധ്യാനത്തിൽ നാം എത്തിച്ചേരുന്നു. ഇടവകകളിൽ ദൈവവചനം വായിച്ചു പ്രാർഥിക്കുന്ന കൂട്ടായ്മകൾക്കു രൂപംകൊടുക്കുന്നതുവഴി ഇടവകസമൂഹത്തിന്റെ വിശ്വാസജീവിതം ശക്തിപ്പെടുത്താൻ കഴിയും.

ഈ വർഷവും കേരളം പ്രകൃതിദുരന്തത്തിന് ഇരയായി. കഴിഞ്ഞ വർഷത്തേതുപോലെ ഇത്തവണയും ബൈബിൾ നഷ്ടമായവർക്ക് അവ എത്തിച്ചു നല്കാൻ ബൈബിൾ കമ്മീഷനോടൊപ്പം രൂപതാ ബൈബിൾ അപ്പോസ്തലേറ്റും സംഘടനകളും വ്യക്തികളും മുന്നിട്ടിറങ്ങിയെന്നത് സന്തോഷകരമാണ്. ബൈബിൾ ഇല്ലാത്ത കുടുംബങ്ങളിൽ ഇടവകതന്നെ മുൻകൈയെടുത്ത് ബൈബിൾ കൊടുക്കുന്നത് ഇടവകസമൂഹത്തിന്റെ കടമയായി മാറണം. ബൈബിൾ ആഴത്തിൽ ഗ്രഹിക്കാൻ പരിശുദ്ധപിതാവു നല്കുന്ന ആഹ്വാനമനുസരിച്ച്, ബൈബിൾ പഠനവേദികൾ ഒരുക്കുന്നതിന് കുടുതൽ ഇടവകകൾ മുന്നോട്ടു വരുന്നതിനെ അഭിനന്ദിക്കുന്നു.

കേരളസഭയുടെ അഭിമാനമായ ലോഗോസ് ക്വിസ് ഒരു മത്സരമെന്നതിലുപരി വചനപഠനവേദിയാണെന്ന് തിരിച്ചറിഞ്ഞ് കൂടുതൽപേരെ വചനത്തിലേക്കടുപ്പിക്കാൻ ഏവരും ഉത്സാഹിക്കേണ്ടതാണ്. കഴിഞ്ഞ വർഷം ശ്രവണവൈകല്യമുള്ളവർക്കായി ലോഗോസ് സംഘടിപ്പിച്ചതു വഴി അവരുടെയിടയിൽ വചനസ്നേഹവും വചന പഠനൗത്സുക്യവും വളർത്താനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനും നമുക്കു കഴിഞ്ഞു. ശാരീരിക പരാധീനതകളുള്ളവർപോലും വചനത്തോടു കാണിക്കുന്ന ഈ ആവേശം അവരുമായി താരതമ്യം ചെയ്യുമ്പോൾ ഏറെ കഴിവുകളുള്ള നാം എത്രമാത്രം വചനത്തിനായി സമയം കണ്ടെത്തണമെന്ന ഓർമപ്പെടുത്തൽകൂടിയാണ്.

കേരള കത്തോലിക്കാസഭ ബൈബിൾ ഞായറായി ആചരിക്കുന്ന ഡിസംബർ 29-ാം തീയതി നിങ്ങൾ നല്കുന്ന സംഭാവന രൂപതകളുടെയും കെ.സി.ബി.സി.യുടെയും ബൈബിൾപ്രേഷിതപ്രവർത്തനങ്ങൾക്കുപകരിക്കും. രൂപതാബൈബിൾ അപ്പോസ്തലേറ്റിനും കെ.സി.ബി.സി. ബൈബിൾ കമ്മീഷനുംവേണ്ടിയുള്ള ഈ സംഭാവന രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർഥിക്കുന്നു. വചനം മാംസംധരിച്ച യേശുവിനെ ഹൃദയവാതിലുകൾ തുറന്ന് സ്വീകരിക്കാനും അവിടത്തെ സുവിശേഷം ഏവരിലും എത്തിക്കാനും ഉത്സാഹിക്കണമെന്ന് ആഹ്വാനംചെയ്തുകൊണ്ടും തിരുപ്പിറവിയുടെ അനുഗ്രഹങ്ങൾ ഏവർക്കും സ്നേഹപൂർവം നേർന്നുകൊണ്ടും,

**+ ബിഷപ് ഡോ. എബ്രഹാം മാർ യൂലിയോസ്**

ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

**+ ബിഷപ് മാർ ജേക്കബ് മനത്തോടത്ത്**

വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

**+ ബിഷപ് ഡോ. പീറ്റർ അബീർ അന്തോണിസ്വാമി**

വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

കൊച്ചി - 682 025

---

NB: NB: 2019 ഡിസംബർ 1-ാം തീയതിയോ തുടർന്നുള്ള ഞായറാഴ്ചയോ ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

Prot. No. 1644/2019

# സർക്കുലർ

## 2019 ഒക്ടോബർ 03 മുതൽ 14 വരെ റോമിൽ നടന്ന സീറോമലബാർ സഭയിലെ മെത്രാന്മാരുടെ *ആദ് ലിമിന* സന്ദർശനത്തിനുശേഷം എല്ലാ സീറോമലബാർ വിശ്വാസികൾക്കും വേണ്ടി മേജർ ആർച്ച്ബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി പുറപ്പെടുവിക്കുന്ന സർക്കുലർ.

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

2019 ഒക്ടോബർ 03 മുതൽ 14 വരെ തീയതികളിൽ സീറോ മലബാർസഭയിലെ പിതാക്കന്മാരുടെ ആദ് ലിമിന അപ്പോസ്തലോരും സന്ദർശനം റോമിൽ നടന്നു. 'ആദ് ലിമിന അപ്പോസ്തലോരും' എന്ന ലത്തീൻ പ്രയോഗം തന്നെ അർത്ഥമാക്കുന്നത് അപ്പസ്തോലന്മാരുടെ പിൻഗാമികളായ മെത്രാന്മാർ റോമിൽ രക്തസാക്ഷിത്വം വരിച്ച പത്രോസ് - പൗലോസ് ശ്ലീഹന്മാരുടെ അടുത്തേക്കു ചെല്ലുന്നു എന്നാണ്.

ഒക്ടോബർ 3-ാം തീയതി രാവിലെ 8 മണിക്ക് വി. പത്രോസിന്റെ കബറിടത്തിങ്കൽ എല്ലാ പിതാക്കന്മാരും കൂടി അർപ്പിച്ച വിശുദ്ധ കുർബാനയോടുകൂടിയാണ് സന്ദർശനം ആരംഭിച്ചത്. ആദ് ലിമിന സന്ദർശന പരിപാടികളിൽ ഏറ്റവും പ്രധാനപ്പെട്ടത് പരി. പിതാവ് ഫ്രാൻസിസ് പാപ്പായുമായുള്ള കൂടിക്കാഴ്ചയായിരുന്നു. ഒക്ടോബർ 3-ാം തീയതി രാവിലെ 10.30 മുതൽ 12.30 വരെ നടന്ന പാപ്പായുമൊത്തുള്ള സംഭാഷണം വളരെ ഹൃദ്യവും സഫലവുമായിരുന്നു. വത്തിക്കാൻ കൊട്ടാരത്തിലെ കൺസിസ്റ്ററി ഹാളിലാണ് പാപ്പാ ഞങ്ങളെ സ്വീകരിച്ചത്. ഹാളിൽ രണ്ടുവശത്തായി ഓരോ വരിയിൽ ഞങ്ങൾ ഇരുന്നു. പാപ്പാ വന്നപ്പോൾ അദ്ദേഹത്തിന്റെ കസേര ഞങ്ങളിൽനിന്ന് അല്പം അകലെയാണെന്നു കണ്ട് തർജ്ജമചെയ്യാൻ വന്നിരുന്ന അച്ചനോടു കസേര കുറച്ചുകൂടി അടുപ്പിച്ചിടാൻ പറഞ്ഞു. മാർപാപ്പയും കസേര അടുപ്പിച്ചിടാൻ സഹായിച്ചു. പരിശുദ്ധ പിതാവും തർജ്ജമക്കാരനും ഞങ്ങൾ 48 പിതാക്കന്മാരും അല്ലാതെ മറ്റാരും ആ ഹാളിൽ ഉണ്ടായിരുന്നില്ല.

ആദ്യമേ തന്നെ, പരി. പിതാവ് സഭയ്ക്ക് പൊതുവെയും നമ്മുടെ സഭയ്ക്ക് പ്രത്യേകമായും ചെയ്യുന്ന നന്മകൾക്കു നന്ദി പറഞ്ഞുകൊണ്ട് ഞാൻ സംസാരിച്ചു. പിന്നീട് ഗൾഫ് നാടുകളിലെ നമ്മുടെ ജനങ്ങൾക്ക് സഭയുടെ പാരമ്പര്യമനുസരിച്ചുള്ള അജപാലനം നാം നിയോഗിക്കുന്ന വൈദികർ വഴി ലഭിക്കുന്നതിനുള്ള സൗകര്യം

ഏർപ്പെടുത്തിത്തരണമെന്ന് പരി. പിതാവിനോട് അഭ്യർത്ഥിച്ചു. തുടർന്ന് മാർപാപ്പായുടെ ആവശ്യപ്രകാരം അഭിവന്ദ്യ മൂലക്കാട്ടു പിതാവിനെ മോഡറേറ്ററായി നിശ്ചയിച്ചു. സംസാരിക്കാൻ ആഗ്രഹം പ്രകടിപ്പിച്ച പിതാക്കന്മാരെ മൂലക്കാട്ട് പിതാവ് ആശയാവതരണത്തിനു ക്ഷണിച്ചു. ഓരോരുത്തരെ കേട്ടശേഷം പാപ്പാ മറുപടി പറഞ്ഞുകൊണ്ടിരുന്നു.

പരി. പിതാവുമായുള്ള സംഭാഷണത്തിൽ നിന്നും രൂപപ്പെട്ട പ്രധാന ആശയങ്ങളും കർമ്മപദ്ധതികളും താഴെപ്പറയുന്നവയാണ്:

1. വൈദികർക്കു തങ്ങളുടെ വിളിയെയും ദൗത്യത്തെയുംകുറിച്ച് ആഴമായ ബോധ്യങ്ങളുണ്ടാകാൻ വേണ്ടതു ചെയ്യുക. വൈദികർക്കുള്ള പാപ്പായുടെ സന്ദേശത്തെക്കുറിച്ചു ചോദിച്ചപ്പോൾ 2019 ആഗസ്റ്റ് 4-നു താൻ വൈദികർക്ക് എഴുതിയ കത്ത് പരി. പിതാവ് ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തി. നാലു പ്രധാന ചിന്തകൾ പാപ്പാ പങ്കുവച്ചു: വൈദികർ ദൈവത്തോടു നിരന്തരബന്ധത്തിലായിരിക്കണം, വൈദികർ തങ്ങളുടെ മെത്രാന്മാരോടും നല്ല ബന്ധത്തിലായിരിക്കണം, അതിനായി മെത്രാന്മാർ വൈദികരെ തികഞ്ഞ കരുതലോടെ കാണുകയും സ്നേഹിക്കുകയും വേണം, വൈദികർ തമ്മിലും ഊഷ്മളമായസ്നേഹബന്ധങ്ങൾ ഉണ്ടായിരിക്കണം, വൈദികർക്ക് അല്മായരോടും നല്ല ബന്ധങ്ങൾ സ്ഥാപിക്കാൻ കഴിയണം. ആഴമാർന്ന സമർപ്പണമനോഭാവത്തോടെ അവർ ശുശ്രൂഷ ചെയ്യണം.

2 ഗൾഫ് നാടുകളിലെ സീറോമലബാർ വിശ്വാസികൾക്കു സഭാ പാരമ്പര്യങ്ങൾക്കനുസൃതമായി അജപാലന ശുശ്രൂഷകൾ ലഭിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതിനു താൻ കളമൊരുക്കിക്കൊണ്ടിരിക്കുകയാണ് എന്ന് മാർപാപ്പ പറഞ്ഞു.

3. പൗരസ്ത്യ കത്തോലിക്കാ സഭകൾക്കുവേണ്ടി ഒരു പ്രത്യേക സിനഡ് നടത്തണമെന്നുള്ള ഞങ്ങളുടെ ആവശ്യത്തിന് പാപ്പാ അനുകൂലമായ മറുപടി നല്കി.

4. റോമിൽ പത്തുസ്ഥലങ്ങളിൽ സീറോമലബാർ സമൂഹങ്ങൾക്കു വി. കുർബാനയും മറ്റു തിരുക്കർമ്മങ്ങളും നടക്കുന്നുണ്ട്. അവയെല്ലാം ക്രോഡീകരിക്കുന്നതിന് ഒരു ദൈവാലയവും വൈദികമന്ദിരവും റോമൻ വികാരിയേറ്റിൽ നിന്ന് അനുവദിച്ചു കിട്ടിയാൽ നന്നായിരുന്നു എന്ന ആവശ്യത്തിന്, ഈ വിഷയം പിന്നീട് തന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് പാപ്പാ അപ്പസ്റ്റോലിക് വിസിറ്റേറ്ററായ സ്റ്റീഫൻ ചിറപ്പണത്ത് പിതാവിനോട് പറഞ്ഞു.

5. സീറോമലബാർ സഭയ്ക്ക് ഇന്ത്യമുഴുവനിലും ലഭിച്ചിരിക്കുന്ന അജപാലന സ്വാതന്ത്ര്യത്തെ പരാമർശിച്ച് ശരിയായ പ്രേഷിതപ്രവർത്തനം ത്വരിതപ്പെടുത്തണമെന്ന് പാപ്പാ പറഞ്ഞു. പ്രേഷിതപ്രവർത്തനം എന്താണെന്ന് മാർപാപ്പ വ്യക്തമാക്കി: “എങ്ങനെയെങ്കിലും ക്രൈസ്തവരുടെ എണ്ണം വർദ്ധിപ്പിക്കുകയല്ല;

നല്ല ക്രൈസ്തവജീവിത മാതൃകവഴി ജനങ്ങളെ ക്രിസ്തുവിലേക്ക് ആകർഷിക്കുകയാണു വേണ്ടത്". സഹനവും രക്തസാക്ഷിത്വവും മിഷൻ പ്രവർത്തനത്തിന്റെ അവിഭാജ്യ ഭാഗങ്ങളാണെന്ന് പരി. പിതാവ് കൂട്ടിച്ചേർത്തു.

6. അവസാനമായി, ഞങ്ങളുടെ ആദ് ലിമിന യുടെ നാളുകളിൽ തന്നെ റോമിൽ നടക്കുന്ന ആമസോൺ സിനഡിനെക്കുറിച്ച് പാപ്പായോടു ഞങ്ങൾ ചോദിച്ചു. സിനഡിന്റെ ലക്ഷ്യങ്ങൾ സംബന്ധിച്ച് മാധ്യമങ്ങളിൽ തെറ്റായ വാർത്തകൾ വരുന്നുണ്ടെന്ന് മാർപാപ്പാ പറഞ്ഞു. സിനഡിന്റെ വിജയത്തിനുവേണ്ടി പ്രാർത്ഥിക്കണമെന്ന് മാർപാപ്പ ഞങ്ങളോട് ആവശ്യപ്പെട്ടു. വളരെ ഹൃദ്യമായ അനുഭവമാണ് മാർപാപ്പയുമായുള്ള കൂടിക്കാഴ്ചയിൽ ഞങ്ങൾക്കെല്ലാവർക്കു മുണ്ടായത്.

*Legion of Christ* സന്യാസസമൂഹത്തിന്റെ നേതൃത്വത്തിലുള്ള റോമിലെ മാത്തർ എക്ലേസിയെ ഇന്റർനാഷണൽ സെമിനാരിയിലായിരുന്നു എല്ലാ മെത്രാന്മാരും താമസിച്ചത്. ഏഷ്യയിൽ നിന്നും ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിൽ നിന്നും വൈദികപരിശീലനം നേടുന്ന വിദ്യാർഥികളാണ് ഈ സെമിനാരിയിൽ ഉള്ളത്. കേരളത്തിൽ നിന്നു തന്നെ 25 വൈദികവിദ്യാർഥികൾ ഇവിടെ താമസിച്ചു പഠിക്കുന്നുണ്ട്.

ആദ് ലിമിന സന്ദർശനം ഞങ്ങൾ മെത്രാന്മാർക്ക് എല്ലാവർക്കും വലിയ ദൈവാനുഗ്രഹത്തിന്റെ അനുഭവമായിരുന്നു. ആഗസ്റ്റ് സിനഡിൽ ഉണ്ടായ വർദ്ധിച്ച കൂട്ടായ്മയും ഐക്യവും വളർത്താൻ ആദ് ലിമിനയിലെ പരിപാടികൾ വളരെ സഹായകമായി. പരി. പിതാവുമായുള്ള കൂടിക്കാഴ്ചയ്ക്കുശേഷം നടന്ന പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള കാര്യാലയത്തിലെ സന്ദർശനം എറെ ഫലദായകമായിരുന്നു. അടുത്തകാലത്ത് നമ്മുടെ സഭയ്ക്കു വേണ്ടി ഈ കാര്യാലയത്തിന്റെ പ്രീഫെക്ട് കർദ്ദിനാൾ ലെയനാർദോ സാന്ദ്രി എടുത്ത തീരുമാനങ്ങൾക്ക് ഞങ്ങൾ നന്ദി രേഖപ്പെടുത്തി. ആഗസ്റ്റ് സിനഡിന്റെ വിജയത്തിൽ അദ്ദേഹം സംതൃപ്തി പ്രകടിപ്പിച്ചു. വർദ്ധിതമായ ഐക്യത്തിലും സമാധാനത്തിലും സഭ മുന്നേറണമെന്ന് അദ്ദേഹം ഓർമ്മപ്പെടുത്തുകയും ചെയ്തു. റോമിലെ മറ്റു കാര്യാലയങ്ങളും പിതാക്കന്മാർ സന്ദർശിച്ച് ആശയവിനിമയം നടത്തുകയുണ്ടായി. ഒക്ടോബർ 11-ാം തീയതിയോടുകൂടി കാര്യാലയ സന്ദർശനങ്ങൾ സമാപിച്ചു.

റോമിലെ വിവിധ കോൺഗ്രിഗേഷനുകളുടെയും പൊന്തിഫിക്കൽ കൗൺസിലുകളുടെയും ഓഫീസുകൾ സന്ദർശിക്കാൻ പോയ വേളയിൽ ഞങ്ങൾക്ക് യാത്രാസൗകര്യം ഒരുക്കിതന്നത് The Work of the Church എന്ന ഒരു സമൂഹത്തിലെ വൈദികരാണ്. റോമിലെത്തുന്ന മെത്രാന്മാർക്ക്, അവർ ഏതുരാജ്യക്കാരായാലും, സന്മനസ്സോടെ ഇവർ

ചെയ്തുവരുന്ന ശുശ്രൂഷകളെ എത്ര പ്രശംസിച്ചാലും മതിയാവുകയില്ല.

റോമിൽ നാലു മേജർ ബസിലിക്കകൾ ഉണ്ട്: വി. പത്രോസിന്റേത്, സെന്റ് ജോൺ ലാറ്ററൻ, മേരി മേജർ, വി. പൗലോസിന്റേത്. ഇവയിൽ മൂന്നിൽ ഞങ്ങൾ മെത്രാന്മാർ എല്ലാവരും ചേർന്ന് സഭയുടെ നിയോഗങ്ങൾക്കായി വി. കുർബാന അർപ്പിച്ചു. മേരി മേജർ ബസിലിക്കയിൽ മറിയം ത്രേസ്യാമ്മയുടെ നാമകരണത്തിനു തലേ ദിവസം ആഘോഷമായ ജാഗരണ പ്രാർത്ഥന നടത്തി. വിശുദ്ധരുടെ നാമകരണനടപടികൾ നടത്തുന്ന കാര്യാലയത്തിന്റെ പ്രീഫെക്ട് കാർഡിനൽ ജ്യോവാന്നി ബെച്യു ആയിരുന്നു കാർമ്മികൻ.

ആദ് ലിമിന സന്ദർശനത്തിനു ശേഷം മെത്രാന്മാർ എല്ലാവരും ഒക്ടോബർ 13-ാം തീയതി വി. പത്രോസിന്റെ ചത്വരത്തിൽ നടന്ന നാമകരണ നടപടിയിൽ സംബന്ധിച്ചു. അന്ന് ഫ്രാൻസിസ് പാപ്പാ മറ്റു നാലു പേരോടൊപ്പം നമ്മുടെ മറിയം ത്രേസ്യാമ്മയെയും വിശുദ്ധ പദവിയിലേയ്ക്കുയർത്തി. വി. കുർബാനയോടുകൂടി നടന്ന പ്രസ്തുത ചടങ്ങിൽ കേന്ദ്രസർക്കാറിന്റെ പ്രതിനിധികളായി മന്ത്രി ശ്രീ വി. മുരളീധരനും മണിപ്പൂർ മന്ത്രി സഭയിലെ ശ്രീ ശ്യാം കുമാറും ഇന്ത്യയുടെ വത്തിക്കാൻ സ്ഥാനപതി ശ്രീ സിബി ജോർജും സംബന്ധിച്ചിരുന്നു. മറിയം ത്രേസ്യാമ്മയോടൊപ്പം കാർഡിനൽ ജോൺ ഹെൻറി ന്യൂമാനും വിശുദ്ധനായി നാമകരണം ചെയ്യപ്പെട്ടു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. നാമകരണത്തിനു പിറ്റേന്ന് റോമിലെ വി. അനസ്താസിയായുടെ ബസിലിക്കായിൽ ഞങ്ങൾ മെത്രാന്മാർ എല്ലാവരും ചേർന്ന് കൃതജ്ഞതാബലിയർപ്പിച്ചു.

സീറോ മലബാർ വിശ്വാസിസമുഹത്തിനു വേണ്ടി റോമിൽ സ്ഥാപിതമായ ഇടവകയുടെ രജത ജൂബിലിയാഘോഷങ്ങളുടെ സമാപന സമ്മേളനം ഒക്ടോബർ 6-ാം തീയതി ഞായറാഴ്ച *ദിവീനോ അമോറെ* എന്ന മാതാവിന്റെ തീർഥാടന കേന്ദ്രത്തിൽ വച്ചു നടന്നു. അന്നേ ദിവസം നടത്തപ്പെട്ട വി. കുർബാനയിലും പൊതുസമ്മേളനത്തിലും എല്ലാ മെത്രാന്മാരും സംബന്ധിച്ചു.

ആദ് ലിമിനസന്ദർശന ദിവസങ്ങളിൽ നടന്ന മറ്റൊരു പ്രധാനപ്പെട്ട സംഭവമാണ് നമ്മുടെ പ്രൊക്യൂരയുടെ ആശീർവാദം. Domus Mar Thoma (മാർ തോമാ ഭവൻ) എന്നാണ് പ്രൊക്യൂരയുടെ പേര്. ഇവിടെയും മെത്രാന്മാർ എല്ലാവരും ചേർന്നുള്ള വി. കുർബാന ഉണ്ടായിരുന്നു. കുർബാനയ്ക്കുശേഷം കർദ്ദിനാൾ സാന്ദ്രി *ദോമൂസ് മാർതോമ്മ* ഉദ്ഘാടനം ചെയ്തു. അദ്ദേഹവും ഞാനും ചേർന്ന് ആശീർവാദകർമ്മം നിർവഹിച്ചു. ഉച്ചഭക്ഷണത്തോടെ സമാപിച്ച ചടങ്ങിൽ വത്തിക്കാനിലെയും റോമിലെയും പല വിശിഷ്ട വ്യക്തികളും വൈദികരും സമർപ്പിത ശ്രേഷ്ഠരും

അല്മായപ്രതിനിധികളും സംബന്ധിച്ചു. നമ്മുടെ സഭയുടെ റോമിലെ ഔദ്യോഗിക പ്രവർത്തനങ്ങൾക്ക് ഈ ഭവനം പലവിധത്തിലും ഉപകരിക്കും. ഇതിന്റെ നിർമ്മാണവും സംവിധാനവും അനേകരുടെ നിരന്തരവും കഠിനവുമായ പരിശ്രമത്തിന്റെ ഫലമാണ്. യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേറ്ററും നമ്മുടെ സഭയുടെ റോമിലെ പ്രൊക്യുറേറ്ററുമായ അഭിവന്ദ്യ സ്റ്റീഫൻ ചിറപ്പണത്തു പിതാവിന്റെ നേതൃത്വം പ്രത്യേകം പ്രശംസ അർഹിക്കുന്നു. ഇപ്രകാരം ഒരു പൊതുഭവനം റോമിൽ ലഭിച്ചതിൽ നമുക്കു നന്ദിപറയാം. സഭാ മക്കൾ ഏവരും നല്കിയ സംഭാവനകളാണ് ഈ സ്വപ്നം സാക്ഷാത്ക്കരിക്കാൻ നമുക്കു സഹായകമായത്. എല്ലാവർക്കും നന്ദി പറയുന്നു!

ആദ് ലിമിന സന്ദർനം പിതാക്കന്മാർക്ക് മാനസികവും ആത്മീയവുമായ ഒരു വിരുന്നനുഭവമായിരുന്നു. സാർവത്രികസഭയുടെ പ്രവർത്തനങ്ങൾ മനനം ചെയ്ത് വീക്ഷണങ്ങൾ വിശാലമാക്കാൻ പിതാക്കന്മാർക്കു സാധിച്ചു. അസ്സീസിയിലേക്കുള്ള ഒരു ദിവസത്തെ തീർത്ഥാടനം നവമായ ആത്മീയോൽക്കർഷത്തിന് ഏറെ ഉപകരിച്ചു. വി. ഫ്രാൻസിസിന്റെ ഭൗതികാവശിഷ്ടങ്ങൾ സൂക്ഷിച്ചിരിക്കുന്ന ദൈവാലയത്തിൽ ഞങ്ങൾ ഒരുമിച്ചു വി. കുർബാന അർപ്പിച്ചു. ഫ്രാൻസിസ്കൻ കൊൺവെൻചൽ ആശ്രമത്തിലെ വൈദികസഹോദരൻമാർ ഞങ്ങൾക്ക് ചെയ്തുതന്ന സഹായങ്ങൾ നന്ദിയോടെ സ്മരിക്കുന്നു. ആദ് ലിമിന സന്ദർശനവും അനുബന്ധപരിപാടികളും ഒക്ടോബർ 14-നു സമാപിച്ചു.

റോമിലെ പ്രധാന പരിപാടികളുടെ വാർത്തകൾ ദൃശ്യശ്രാവ്യ മാധ്യമങ്ങളിലൂടെയും പത്രങ്ങളിലൂടെയും നിങ്ങൾ അറിഞ്ഞിരുന്നുവല്ലോ. കൂടുതൽ വിശ്വാസതീക്ഷ്ണതയോടും സഭയോടുള്ള പ്രതിബദ്ധതയോടുംകൂടി നമ്മുടെ ശുശ്രൂഷകൾ തുടരാൻ കാരുണ്യവാനായ കർത്താവ് നമ്മെല്ലാവരെയും അനുഗ്രഹിക്കട്ടെ. പരി. അമ്മയുടെയും പുതുതായി നാമകരണം ചെയ്യപ്പെട്ട വിശുദ്ധമറിയം ത്രേസ്യാമ്മയുടെയും മാദ്ധ്യസ്ഥ്യസഹായം നിങ്ങൾക്കും നിങ്ങളുടെ കുടുംബങ്ങൾക്കും ലഭിക്കുമാറാകട്ടെ!

ഈശോയിൽ സ്നേഹപൂർവം,

**കർദ്ദിനാൾ ജോർജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2019-ാം ആണ്ട് നവംബർ മാസം 1-ാം തിയതി നൽകപ്പെട്ടത്.

---

N.B: ഈ സർക്കുലർ 5-12-2019 ഞായറാഴ്ച രൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കണം.
+PA

Prot. No. 1644/2019

**Circular - *Ad limina* Visit**
**George Cardinal Alencherry, the Major Archbishop of the Syro-Malabar Church,**
**to the Archbishops, Bishops, Priests, Men and Women Religious and Lay Faithful of the Syro-Malabar Church.**
**May the Grace of the Lord be with you all!**

Dearly beloved brothers and sisters in Christ,

The *ad limina apostolorum* visit of the Syro-Malabar Bishops was held at the Vatican from October 3-14, 2019. The visit started with the Holy Qurbana offered by the bishops at the tomb of St. Peter at 8 am on 3 October. The very meaning of *ad limina apostolorum* is that the bishops who are the successors of the apostles are at the place of the apostles, Peter and Paul who were martyred in Rome.

The most important part of the *ad limina* visit was the meeting with the Holy Father, Pope Francis. The meeting took place on 3 October from 10.30 am to 12.30 p.m. We were received in the Consistory Hall of the Vatican Palace. We were seated in two lines. When the Holy Father came, he saw that his chair was placed a little far from the bishops and he then asked the priest-translator to move the chair close to the bishops. He did also help in moving the chair. In the Hall, there were forty eight bishops, the translator and the Holy Father, and nobody else. It was very cordial and fruitful.

At the outset, I offered our gratitude to the Holy Father for what he is doing for the Church in common and specially to the Syro-Malabar Church. I requested the Holy Father to give the Syro-Malabar Church the permission to render pastoral service to the people of our Church *sui iuris* in the Gulf countries. At the request of the Holy Father, Archbishop Mar Moolakkatt was appointed the moderator of the meeting and he invited all the bishops who raised their hands to speak one after another. The Holy Father responded to each question individually. The following are the ideas and

action plans that were formulated in the meeting with the Holy Father:

1. There is the need to do the possible so that the priests get a deeper awareness of their vocation and mission. When he was requested to give a special message for the priests, he brought to our attention the letter he wrote on 4 August 2019 for priests. The Holy Father shared four major ideas: Priests should live in a close relationship with God; they should foster a close relationship with their respective bishops; the bishops should love them and deal with them with great sensitivity and regard; the priests should develop cordial relationship with the laity and they should be discharging their duties with great commitment.

2. For the faithful in the Gulf countries, arrangements are being made to give them pastoral care according to their Church traditions and faith heritage.

3. Pope responded positively to the suggestion of the bishops to hold a special Synod for the Oriental Catholic Churches.

4. The Holy Father, in response to the request of the Bishops to have a church and a rectory in order to coordinate the activities of the ten Syro-Malabar Centres in Rome, asked Mar Stephen Chirappanath, the Procurator and Apostolic Visitator of Europe, to bring this request to his attention later.

5. The Holy Father has asked us to speed up programmes for evangelization as the Church has got now the permission to engage in pastoral activities in the whole of India. Evangelization does not mean just an increase of the number of Catholics but the development of committed Christians who can attract people to Christ through their exemplary lives. The Holy Father added that suffering and martyrdom are integral parts of the ministry of evangelization.

6. Lastly, we asked for details of the Amazon Synod to be held soon in Rome. The Pope spoke about the misinformation that was

making rounds at that time in the media. He asked us to pray for the successful completion of the Synod. All of us were edified and had very cordial feelings after the meeting with the Holy Father.

All the bishops stayed at the international Seminary of *Maria Mater Ecclesiae* under the Congregation of the Legionaries of Christ. The seminarians from Asia and Latin America reside at this college. From Kerala itself, 25 students are now staying there for their priestly formation.

The *ad limina* visit was a time of special blessings for us bishops. The programmes of the visit cemented more deeply the unity and fraternity that augmented among the bishops during the August Synod. The visit to the Oriental Congregation after the meeting with the Holy Father was very fruitful. We expressed our gratitude to Cardinal Leonardo Sandri, the Prefect of the Congregation for his decisive interventions in favour of our Church in recent times. He expressed his satisfaction at the success of the August Synod and encouraged us to go forward in peace and unity. The bishops exchanged their views visiting the other Congregations too. The visits to the various offices were concluded on 11 October.

The transportation arrangements for visits to the different Congregations and the Pontifical Councils were made by the priests of the *Opera della Chiesa*. Their services to the bishops who come to Rome are inestimable.

There are four major basilicas in Rome: St. Peter's, St. John the Lateran, Mary Major and St. Paul's Outside the Wall. In three of them, all the bishops offered Holy Masses for the intentions of the Church. A prayer vigil was held at the Mary Major Basilica on the day before the canonization of Sr. Mariam Thresia. Cardinal Becciu, the Prefect of the Congregation for the Cause of Saints was the main celebrant at the prayer vigil.

All the bishops participated in the canonization ceremony on 13 October after the *ad limina* visit. On that day, the Holy Father

raised Sr. Mariam Thresia to the status of sainthood along with four others including Cardinal Newman. The Canonization ceremony that included Holy Mass by the Holy Father was attended by Sri. V. Muraleedharan, the Hon. Minister of State, Sri. Syam Kumar, the Manipur cabinet minister and Sri. Siby George, the Indian Ambassador to the Vatican, as members of the Indian delegation. All the bishops joined together to offer a Holy Qurbana of thanksgiving at St. Anastasia Basilica in Rome on the following day after canonization.

The concluding part of the Silver Jubilee celebration of the establishment of the community of the Syro-Malabar faithful in Rome was held on Sunday, 6 October at the Marian pilgrim Centre of *Divino Amore*. All the bishops participated in the Holy Mass and the meeting held on that day.

Another important event during the days of *ad limina* visit was the blessing of the *Procura* known as *Domus Mar Thoma*. All the bishops were concelebrants at the mass. After the Holy Mass, Cardinal Sandri inaugurated the *Procura*. He and I jointly blessed the *Procura*. Many of the faithful and distinguished guests from various Congregations and religious superiors participated in the function which concluded with a lunch. This house will be useful for the various activities of our Church in Rome. Its construction and renovation were done with the help and contributions of many people. The leadership of Mar Stephen Chirappanath, the Apostolic Visitator in Rome as well as the Procurator of the Church deserves our gratitude. We are grateful to God Almighty for making it possible for us to have this common house in Rome. The contribution of the faithful in the procurement of this house is being acknowledged here with great gratitude.

The *ad limina* visit was an occasion of great spiritual and ecclesial experience for all the bishops. The Bishops could witness the working of the Universal Church and broaden their outlook based

on that knowledge. The pilgrimage to Assisi was another event of great spiritual blessings. We offered a Holy Mass together at the church where the relics of St. Francis Assisi are kept. We remember with special gratitude the service rendered by the priests of the Franciscan Conventual Monastery. All the programmes connected to the *ad limina* visit came to an end on 14 October.

You have come to know about all these, I am sure, through the print and visual media. May the Lord bless you to discharge your great service to the Lord with more faith and deep attachment to the Church. May Holy Mother and St. Mariam Thresia, the new saint from our Church, may intercede for you and your families.

Yours cordially in Christ Jesus,

**George Cardinal Alencherry**
Major Archbishop of the Syro-Malabar Church

Given from the Major Archiepiscopal Curia of the Syro-Malabar Church at Mount St Thomas, Kakkanad, on 1 November 2019.




**A. ഓർമ്മിക്കേണ്ട ദിവസങ്ങൾ**

**2019 ഡിസംബർ**

01 : ഇരുപത്തഞ്ച് നോമ്പാരംഭം, എക്യുമെനിക്കൽ ക്രിസ്തുമസ്സ് ആഘോഷം രാമനാഥപുരം കത്തീഡ്രലിൽ

03 : വി. ഫ്രാൻസിസ് സേവ്യർ (ഇന്ത്യയുടെ രണ്ടാമത്തെ അപ്പസ്തോലൻ)

06 : മാസാദ്യവെള്ളി

07 : ഏകദിനധ്യാനം, ഗാന്ധിപുരത്ത്. വി. അംബ്രോസ്

08 : പ. കന്യകാമറിയത്തിന്റെ അമലോത്ഭവ തിരുനാൾ (മൈനർ സെമിനാരി മദ്ധ്യസ്ഥ)

13 : ജാഗരണപ്രാർത്ഥന, രാമനാഥപുരം കത്തീഡ്രൽ പാസ്റ്ററൽ സെന്ററിൽ

14 : കുരിശിന്റെ വി. യോഹന്നാൽ, പ്രെസ്ബിറ്ററൽ കൗൺസിൽ & പാസ്റ്ററൽ കൗൺസിൽ മീറ്റിംഗ്

18 : മൈലാപ്പൂരിലെ അത്ഭുത സ്ലീവാ

25 : നമ്മുടെ കർത്താവീശോമിശിഹായുടെ പിറവിത്തിരുനാൾ (കടമുള്ള ദിവസം)

26 : വി. എസ്തപ്പാനോസ് (സ്റ്റീഫൻ)

27 : വി. യോഹന്നാൻ ശ്ലീഹാ

28 : കുഞ്ഞിപൈതങ്ങൾ (ശിശുദിനം)

29 : തിരുക്കുടുംബം

31 : വർഷാവസാന പ്രാർത്ഥന, ദിവ്യബലി

## B. വിവാഹാഘോഷത്തിന് മുടക്ക്

മംഗളവാർത്താക്കാലത്തിലെ ഡിസംബർ 01 മുതൽ 24 അർദ്ധരാത്രി വരെ വിവാഹാഘോഷത്തിന് അനുവാദമില്ല എന്നകാര്യം അറിയിച്ചത് ഓർക്കുന്നുണ്ടല്ലോ ഇക്കാലഘട്ടത്തിൽ മനസ്സമ്മതവും വിവാഹവും മറ്റു ആഘോഷങ്ങളും ഒഴിവാക്കാൻ എല്ലാവരും ശ്രദ്ധിക്കണം.

## C. വൈദികരുടെ മാസധ്യാനവും സമ്മേളനവും (2020 ജനുവരി)

വൈദികരുടെ ജനുവരി മാസത്തെ ധ്യാനവും സമ്മേളനവും 2020 ജനുവരി 6 തിങ്കളാഴ്ച കാലത്ത് 10 മണിമുതൽ ഉച്ചകഴിഞ്ഞ് 3 മണിവരെ പൂമാർക്കറ്റ് സെന്റ് ജോസഫ് പള്ളിയിൽ വച്ചായിരിക്കും. 2019 ഡിസംബർ മാസത്തെ ധ്യാനവും സമ്മേളനവും ഡിസംബർ 3 ചൊവ്വാഴ്ച സാൻതോം പാസറ്ററൽ സെന്ററിലായിക്കുമെന്ന് അറിയിച്ചത് ഓർക്കുന്നുണ്ടല്ലോ.

## D. പാസ്റ്ററൽ കൗൺസിൽ സമ്മേളനം

രൂപതയുടെ 4-ാം പാസ്റ്ററൽ കൗൺസിലിന്റെ 10-ാം സമ്മേളനം ഡിസംബർ 14 ശനിയാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് സാൻതോം പാസ്റ്ററൽ സെന്ററിലായിരിക്കും എന്നകാര്യം ഓർമ്മിപ്പിക്കുന്നു. അംഗങ്ങളും പ്രത്യേകക്ഷണിതാക്കളും (കഴിഞ്ഞ ലക്കത്തിലെ "ചർച്ചാസഹായി" നോക്കുക) നിർബന്ധമായും മീറ്റിംഗിൽ പങ്കുചേരണം. "ചർച്ചാസഹായി" ചർച്ച ചെയ്തതിനുശേഷമുള്ള റിപ്പോർട്ട് ഡിസംബർ 5ന് മുമ്പ് രൂപതാ കാര്യാലയത്തിലെത്തിക്കണമെന്ന് അറിയിച്ചത് ബന്ധപ്പെട്ടവർ ഓർക്കുമല്ലോ.

## E. 7, 8, 9 ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് പ്രത്യേക പരിശീലനം

നമ്മുടെ രൂപതയിലെ 7, 8, 9 ക്ലാസ്സുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾക്ക്, സംസ്ഥാന - ദേശീയതലങ്ങളിലെ പ്രധാനപ്പെട്ട പരീക്ഷ

കളിൽ ഉന്നതവിജയം നേടാൻ പറ്റുന്നരീതിയിൽ പ്രത്യേക പരിശീലനം രൂപതാതലത്തിൽ നല്കുന്നു. അതിനുമുന്നോടിയായി ഈ വർഷം 6, 7, 8 ക്ലാസ്സുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥിനി വിദ്യാർത്ഥികൾക്കും അവരുടെ മാതാപിതാക്കൾക്കും പ്രത്യേക ഓറിയന്റേഷൻ പ്രോഗ്രാം 2020 ജനുവരി 5-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് രാമനാഥപുരം ട്രിനിറ്റി പാരിഷ് ഹാളിൽ ഉണ്ടായിരിക്കുന്നതാണ്. രൂപതയിലെ വിവിധ ഇടവകകളിൽ/മിഷൻകേന്ദ്രങ്ങളിൽ നിന്നുള്ള രൂപതാംഗങ്ങളായ മേൽപ്പറഞ്ഞ കുട്ടികളെ പ്രസ്തുത പരിപാടിയിലേയ്ക്ക് പറഞ്ഞുവിടാൻ ബഹു. വികാരിയച്ചന്മാരും മാതാപിതാക്കളും വിവിധ സ്കൂളുകളിലെ പ്രിൻസിപ്പൽമാരും മതാദ്ധ്യാപകരും പ്രത്യേകം ശ്രദ്ധിക്കണം.

### F. നവദമ്പതികളുടെ സംഗമം

2019 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലഘട്ടത്തിൽ വിവാഹിതരായ ദമ്പതിമാരുടെ സംഗമം 2020 ജനുവരി 26 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് രാമനാഥപുരം രൂപതാ കുടുംബ പ്രേഷിതത്വ വകുപ്പിന്റെ നേതൃത്വത്തിൽ രൂപതാ സാൻതോം പാസ്റ്ററൽ സെന്ററിൽ നടത്തുന്നു. അവർക്കുവേണ്ടി ക്ലാസ്സും വി. കുർബാനയും അനുമോദന സമ്മേളനവും ഉണ്ടായിരിക്കും. എല്ലാ നവദമ്പതികളേയും ഈ സംഗമത്തിലേക്ക് പറഞ്ഞ് വിടുവാൻ വികാരിയച്ചന്മാരും കുടുംബക്കൂട്ടായ്മ ഭാരവാഹികളും ശ്രദ്ധിക്കണം.

### G. വിവാഹ ജൂബിലിയാഘോഷം

മുൻവർഷങ്ങളിലേതുപോല ഈ വർഷവും, 2019 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലഘട്ടത്തിൽ വിവാഹത്തിന്റെ രജത, സുവർണ്ണ ജൂബിലിയാഘോഷിക്കുന്ന ദമ്പതികൾക്ക് ഡിസംബർ 22 ഞായറാഴ്ച സാൻതോം പാസ്റ്ററൽ സെന്ററിൽ വച്ച് ഉച്ചകഴിഞ്ഞ് 2ന് കുടുംബപ്രേഷിതത്വ വകുപ്പിന്റെ നേതൃത്വത്തിൽ സ്വീകരണം നൽകുന്നു. അവർക്കുവേണ്ടി ക്ലാസ്സും വി. കുർബാനയും അനുമോദന സമ്മേളനവുമുണ്ടാകും. മേൽപറഞ്ഞ എല്ലാ ദമ്പതികളെയും 2 മണിക്ക് മുമ്പ് എത്താവുന്ന രീതിയിൽ പറഞ്ഞുവിടാൻ ബഹു. വികാരിയച്ചന്മാരും ഇടവകകളിലെ മിഷൻ കേന്ദ്രങ്ങളിലെ സന്യസ്തരും പള്ളികളിലെ കുടുംബക്കൂട്ടായ്മ ഭാരവാഹികളും ശ്രദ്ധിക്കുമല്ലോ.

### H. 2020 ലെ സഭാ പഞ്ചാംഗവും കലണ്ടറുകളും

വി. കുർബാനമദ്ധ്യേ വായിക്കാനുള്ള വി. ഗ്രന്ഥഭാഗങ്ങൾ നിർദ്ദേശിക്കുന്ന സഭാപഞ്ചാംഗവും കലണ്ടറുകളും സാൻതോം മതബോധന ബുക്ക് സ്റ്റാളിൽ എത്തിയിട്ടുണ്ട്.

**I. രൂപതാ ബൈബിൾ കൺവെൻഷൻ, അനുമോദനങ്ങൾ, നന്ദി**

രൂപതാ ബൈബിൾ കൺവെൻഷൻ ഭംഗിയായി സംഘടിപ്പിക്കാൻ നേതൃത്വം കൊടുത്ത മോൺ. ജോർജ്ജ് നരിക്കുഴി, ഫാ. ജോസഫ് പുത്തൂർ എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മിറ്റിക്ക് അഭിനന്ദനങ്ങൾ. അവരോട് സഹകരിച്ച കമ്മിറ്റിയംഗങ്ങൾക്കും ബഹു. വൈദികർക്കും സന്യസ്തർക്കും അല്മായ സഹോദരർക്കും യുവജനങ്ങൾക്കും കുട്ടികൾക്കും മറ്റു ഗുണകാംക്ഷികൾക്കും അനുമോദനങ്ങൾ, നന്ദി. കൺവെൻഷൻ സ്ഥലം വിട്ടുതന്ന അൽവേർണിയ കോൺവെന്റിന്റെ മദറിനും സ്കൂൾ പ്രിൻസിപ്പളിനും പ്രത്യേകം കൃതജ്ഞത.

**J. ബഹു. ശെമ്മാശൻമാർക്കുവേണ്ടി പ്രാർത്ഥിക്കുക**

വിവിധ രൂപതകൾക്കും സന്യാസ സമൂഹങ്ങൾക്കും വേണ്ടി വൈദികരാകാൻ ഒരുങ്ങിക്കൊണ്ടിരിക്കുന്ന ഡീക്കന്മാർക്കുവേണ്ടി വി. കുർബാനയിലും മറ്റു പ്രാർത്ഥനവേളകളിലും പ്രാർത്ഥിയ്ക്കുമല്ലോ.

**Permissions/approvals granted:**

1. Permission granted to St. Clotilda's church, Podannur for undertaking obligation of celebrating Holy Mass and office for the dead annually and to find out money for the same from interest accrued from the fixed deposit made in the bank (Order N0. 170/2019 dated 19-11-2019)
2. Approval granted to the annual therattu of the eparchial Vocation commission for the year 2018-'19 (Order No. 172/2019 dated 19-11-2019)
3. Approval granted to the annual therattu of St. Alphonsa Mission, Kodaikanal for the year 2018-'19 (Order No. 173/2019 dated 22-11-2019)

**Mgr. George Narikuzhi,**
Syncellus



# EPARCHIAL FINANCE OFFICE

## A. Seminary Burse

1. Mr. P.A Francis Xavier, Porathur house, Wadakkanchery P.O, TCR
2. Mr.M.V Thomas &Family, Mulakkal House, Mattam TCR
3. Mr. Tom George, Srambikal House, Thundathil, Trivandram

4. Mrs. Maggie Vincent & Family , Kattookaran House, Karanchira, TCR
5. Mrs. Catherine Jose , Jos Nivas, Chiramal Karath house,Varadium , TCR
6. Mr. Vincent Cheru, Kizhakeyil Cheru Veedu , Varakkara , TCR

**B. Mother Theresa Peace Home**

1. Mrs. Annie Porinchu, C/o JMJ Acadamy, Pappampattipirivu 3000/-

**C. Education apostolate**

1. Mr. K.P Jaimon & Family , Keetikal house CBE 4780/-
2. K.D Xavier & Family 6000/-

**D. Kerala Flood relief**

1. Staff & Students , Little flower convent , Matric. Hr. Sec School , Tirupur 100000/-

**E. Beneficiary (Flood Relief )**

1. People Service Society , Diocese of Palakkad. 250000/-

**F. The Churches , Institutions & Associations which have not yet submitted Annual Therattu of the year 2018-2019 for approval**

1. St. Thomas Church , Sulur
2. Eparchial Holy Child Hood
3. Trinity Educational Society
4. St. Thomas Mission Centre , Trichy
5. Mother Theresa Mission Centre, Thanjavur
6. Jeevan Jyothi Centre , Chinnathottipalayam
7. Eparchial Catechism department
8. Eparchial Family Apostolate
9. Santhom Social Service Society
10. Eparchial Social Service
11. St. Joseph Educational Society

**ഫാ. ജെറിൻ എളംകുന്നപ്പുഴ**
അസി. ഫിനാൻസ് ഓഫീസർ

**ഫാ. ജോസഫ് ആലപ്പാടൻ**
ഫിനാൻസ് ഓഫീസർ

# BISHOP'S Engagements



**December 2019:**

| | | |
|---|---|---|
| 01 | : | Holy Mass & Message, Bible Convention, Hosur |
| | | Ecumenical Christmas celebration, Holy Trinity Cathedral, RNM |
| 03 | : | Monthly recollection & Conference of priests, Santhom Pastoral centre, Selvarajapuram |
| 04 | : | Class, Minor seminary, Vadakkukad |
| 05-8 | : | Family visit & Pastoral visit, Erode |
| 09 | : | School annual day, Jadayampalayam |
| 11 | : | Tirupur meetings |
| 14 | : | Presbyteral & Pastoral councils, Santhom Pastoral centre |
| | | To Arakuzha, Kothamangalam |
| 15 | : | Holy Mass, Arakuzha, Kothamangalam |
| | : | Seniors's day, Ollur |
| 19 | : | Holy Mass, Porathur |
| 21-22 | : | Family visit & Pastoral visit, Sastrinagar (Erode) |
| 22 | : | Resource team class, Santhom Pastoral centre |
| | : | Wedding Silver & Golden jubilee, Santhom Pastoral centre |
| 23 | : | Christmas celebration, Lisieux school, Saibaba Colony |
| 24-25 | : | Christmas, Kodaikanal |
| 31 | : | Priestly ordination, Palakuzhy (Wadakumchery) |




**നവംബർ 2019**

03 : രാമനാഥപുരം കത്തീഡ്രലിൽ വെച്ച് നടന്ന വി. മറിയം ത്രേസ്യായുടെ പ്രഥമ രൂപതാതല തിരുനാളിൽ ബലിയർപ്പിച്ച് സന്ദേശം നല്കി.

04 : തിരുപ്പൂരിൽ "സാൻതോം ക്രിയേഷൻസിന്റെ"യും പീസ്ഹോമിന്റെയും കമ്മിറ്റി മീറ്റിംഗുകളിൽ അദ്ധ്യക്ഷതവഹിച്ചു.

05 : സാൻതോം പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്ന സാന്തോം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും ദശവത്സരാഘോഷ കമ്മറ്റിയുടേയും മീറ്റിംഗിൽ അദ്ധ്യക്ഷതവഹിച്ചു.

06 : വടക്കുകാട് മൈനർ സെമിനാരിയിൽ ബലിയർപ്പിച്ചു. സെമിനാരിക്കാർക്ക് ക്ലാസ്സെടുത്തു.

: തൃശ്ശൂർ DBCLC യിൽ വെച്ച് നടന്ന 'തൃശ്ശൂരിന്റെ ദീപിക', പരിപാടിയിൽ പെങ്കെടുത്ത് സംസാരിച്ചു.

09 : പൂമാർക്കറ്റ് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ നടന്ന CCEF ജനറൽബോഡി മീറ്റിംഗിൽ അദ്ധ്യക്ഷതവഹിച്ച് സംസാരിച്ചു.

10 : രാമനാഥപുരം കത്തീഡ്രലിൽ ഇടവകദിനത്തിലും ഇടവകയിലെ ആദ്യവ്രതവാഗ്ദാനം സ്വീകരിച്ച സിസ്റ്റേഴ്സിന്റെയും ജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സിന്റെയും സ്വീകരണത്തിലും പങ്കെടുത്തു. കത്തീഡ്രലിൽ അന്ന് ബലിയർപ്പിച്ചു, സന്ദേശം നല്കി. പൊതുസമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ചു.

16 : ചങ്ങനാശ്ശേരി മുണ്ടുപാലത്ത് വിവാഹം ആശീർവദിച്ചു.

17 : ധാരാപുരത്ത് മാമ്മോദീസ നൽകി, ബലിയർപ്പിച്ചു.

19 : തൃശ്ശൂർ അതിരൂപതയിലെ കോലഴിയിൽ ഉപവിസന്യാസിനീ സമൂഹത്തിന്റെ പ്ലാറ്റിനം ജൂബിലിയാഘോഷത്തിൽ പങ്കെടുത്തു.

20 : SABS സിസ്റ്റേഴ്സിന്റെ മീറ്റിംഗിൽ അദ്ധ്യക്ഷതവഹിച്ചു.

21 : പൊള്ളാച്ചിയിൽ ആരോഗ്യമാതാ സ്കൂളിന്റെ സുവർണ്ണജൂബിലിയാഘോഷം ഉദ്ഘാടനം ചെയ്തു.

22-24 : രൂപതാ ബൈബിൾ കൺവെൻഷനിൽ പങ്കെടുത്ത് ആമുഖ പ്രസംഗം നടത്തി.

23 : കണ്ടശ്ശാംകടവിൽ ബഹു. ജോർജ്ജ് വടക്കേത്തല അച്ചന്റെ പൗരോഹിത്യ സുവർണ്ണജൂബിലിയാഘോഷത്തിൽ പങ്കെടുത്ത് സംസാരിച്ചു.

24 : രാമനാഥപുരത്ത് ഹോറേബ്ബ് ഫെസ്റ്റിൽ പങ്കെടുത്ത് സംസാരിച്ചു. രൂപതാ ബൈബിൾ കൺവെൻഷന്റെ സമാപന കുർബാനയ്ക്ക് കാർമ്മികത്വം വഹിച്ചു. സന്ദേശം നൽകി

25 : സെൽവരാജപുരം ബിഷപ്പ്സ് ഹൗസിൽ വെച്ച് നടന്ന TRIP Inter Curia മീറ്റിംഗിൽ പങ്കെടുത്തു.
ദശവത്സരാചരണ കോർകമ്മിറ്റി മീറ്റിംഗിൽ അദ്ധ്യക്ഷതവഹിച്ചു.

27 : വടക്കുകാട് മൈനർ സെമിനാരി ഹോംഡേയിൽ ബലിയർപ്പിച്ചു, മീറ്റിംഗിൽ അദ്ധ്യക്ഷതവഹിച്ചു.

29 : ജഡയംപാളയത്ത് സ്കൂൾ കമ്മറ്റി മീറ്റിംഗിൽ അദ്ധ്യക്ഷതവഹിച്ചു.

# പ്രധാന സഭാവാർത്തകൾ

1. ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയുള്ള വചനപ്രഘോഷണം വഴി അനേകായിരങ്ങളെ വിശ്വാസത്തിലേക്ക് നയിച്ച ആർച്ച് ബിഷപ്പും പണ്ഡിതനും എഴുത്തുകാരനും പ്രഭാഷകനുമായിരുന്ന ധന്യൻ ഫുൾട്ടൺ ജെ. ഷീൻ ഡിസംബർ 21ന് വാഴ്ത്തപ്പെട്ടവരുടെ നിരയിലേക്ക് ഉയർത്തപ്പെടും.
2. ആർച്ച് ബിഷപ്പ് ഗബ്രിയേൽ കസിയയെ ഐക്യരാഷ്ട്രസഭയിലെ വത്തിക്കാൻ അംബാസഡറായി ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു. ആർച്ച് ബിഷപ്പ് ബർണാർദിത്തോ ഓസയുടെ പിൻഗാമിയായാണ് ഗബ്രിയേൽ കസിയയുടെ നിയമനം. 2017 മുതൽ ഫിലിപ്പീൻസിലെ വത്തിക്കാൻ അംബാസഡറായി സേവനം ചെയ്തുവരികയായിരുന്നു അദ്ദേഹം.
3. ആഗോള സഭാ ചരിത്രത്തിൽ നിർണ്ണായക ശബ്ദമായി മാറിയ എമിരിറ്റസ് ബനഡിക്ട് പാപ്പയുടെയും ഫ്രാൻസിസ് പാപ്പയുടെയും ജീവിതകഥ പറയുന്ന ചലച്ചിത്രം ‘ദ റ്റു പോപ്പ്സ്’ നവംബർ 27ന് റിലീസ് ചെയ്തു.
4. ലോകത്തെ മികച്ച അധ്യാപകനുള്ള അവാർഡ് കരസ്ഥമാക്കിയ ഫ്രാൻസിസ്കൻ സഭാംഗമായ ബ്രദർ പീറ്റർ തബിച്ചിയെ തേടി ഐക്യരാഷ്ട്രസഭയുടെ പുരസ്കാരം, യുഎന്നിന്റെ “പേഴ്സൺ ഓഫ് ദി ഇയർ” അവാർഡാണ് അദ്ദേഹത്തിനു സമ്മാനിച്ചിരിക്കുന്നത്. ഈ ബഹുമതി ലഭിക്കുന്ന ആദ്യത്തെ ആഫ്രിക്കക്കാരനാണ് പീറ്റർ തബിച്ചി.
5. ലോകത്ത് ഏറ്റവുമധികം സ്വാധീനമുള്ള നൂറു വനിതകളെക്കുറിച്ചുള്ള ബിബിസിയുടെ വാർഷിക പട്ടികയിൽ സിംഗപ്പൂർ സ്വദേശിനിയായ കത്തോലിക്കാ കന്യാസ്ത്രീയും. സിസ്റ്റർ ജെറാർഡ്

ഫെർണാണ്ടസ് എന്ന കന്യാസ്ത്രീയാണ് ബിബിസി പട്ടികയിൽ ഇടംപിടിക്കുന്ന അദ്യത്തെ സിംഗപ്പൂർ സ്വദേശിനി എന്ന ഖ്യാതി യോടെ ബഹുമതിക്ക് അർഹയായിരിക്കുന്നത്.

6. സീറോമലബാർ സഭയിലെ വിവിധ രൂപതകളിലെയും സന്യാസ സമൂഹങ്ങളിലെയും പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷിക്കുന്ന വൈദികരുടെ സംഗമം സീറോമലബാർ സഭയുടെ ആസ്ഥാനകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്നു. സീറോമലബാർ സഭയുടെ ക്ലെർജി കമ്മീഷനാണ് സംഗമം സംഘടിപ്പിച്ചത്.
7. നാഷണൽ പബ്ലിക് ഗ്രിവൻസ് ആൻഡ് റിഡ്രസൽ കമ്മീഷൻ (എൻപിജിആർസി) 2019 ദേശീയ അവാർഡ് ബത്തേരി ബിഷപ്പ് ഡോ. ജോസഫ് മാർ തോമസിന് സമ്മാനിക്കും.
8. തലശ്ശേരി അതിരൂപതാംഗവും മദ്യനിരോധനസമിതി സംസ്ഥാന പ്രസിഡന്റുമായ ഫാ. തോമസ് തൈത്തോട്ടത്തിനു മോൺസിഞ്ഞോർ പദവി. ആത്മീയസാമൂഹ്യ മദ്യവിരുദ്ധരംഗങ്ങളിലെ സ്തുത്യർഹമായ സേവനങ്ങൾ പരിഗണിച്ച് 'ചാപ്ലയിൻ ഓഫ് ഹിസ് ഹോളിനസ്' എന്ന പദവിയാണ് ഫ്രാൻസിസ് മാർപാപ്പ അദ്ദേഹത്തിനു നൽകിയിരിക്കുന്നത്. ഈ പദവി ലഭിക്കുന്ന വൈദികരെ മോൺസിഞ്ഞോർ എന്നാണ് അഭിസംബോധന ചെയ്യുന്നത്.
9. നവംബർ 20–23 തീയതികളിൽ തായ്‌ലാന്റിലും 23–26 തീയതികളിൽ ജപ്പാനിലും ഫ്രാൻസിസ് മാർപാപ്പ അപ്പസ്തോലിക സന്ദർശനം നടത്തി. 'എല്ലാ ജീവനും സംരക്ഷിക്കുക' എന്നതാണ് പാപ്പയുടെ ജപ്പാൻ സന്ദർശനത്തിന്റെ ആപ്തവാക്യം.
10. ദേശീയ പബ്ലിക് ആൻഡ് റീഡ്രസൽ കമ്മീഷന്റെ കുട്ടികളുടെയും യുവജനങ്ങളുടെയും ഇടയിലെ മികച്ച പ്രവർത്തനത്തിനുള്ള അവാർഡിന് ഫാ. ജോർജ്ജ് പുഞ്ചായിൽ സിഎംഐ തെരഞ്ഞെടുക്കപ്പെട്ടു.
11. സീറോമലബാർ സഭയിലെ എല്ലാ രൂപതകളെയും ഇടവകകളെയും വിശ്വാസികളെയും ഇന്റർനെറ്റ് ശൃംഖലയിലുടെ ബന്ധിപ്പിക്കുന്ന മൊബൈൽ ആപ്ലിക്കേഷൻ സജ്ജമായി. സഭാസംബന്ധമായ അറിയിപ്പുകളും വാർത്തകളും ഉൾപ്പെടെ സമഗ്രവിവര വിനിമയം ലക്ഷ്യമാക്കി സഭയുടെ ഇന്റർനെററ് മിഷനാണ് അപ്ലിക്കേഷനു രൂപം നൽകിയിട്ടുള്ളത്. കോട്ടയം, തലശ്ശേരി, മാനന്തവാടി രൂപതകളിൽ എല്ലാ ഇടവകകളുടെയും മൊബൈൽ ആപ്പുകൾ ഇതിനകം തയ്യാറായിക്കഴിഞ്ഞു. പ്ലേസ്റ്റോറിൽ നിന്നോ ആപ്പ് സ്റ്റോറിൽനിന്നോ അപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാം.

12. കെസിബിസി ബൈബിൾ കമ്മീഷന്റെ കീഴിലുള്ള കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ വചനസർഗ്ഗപ്രതിഭാ അവാർഡ് ധ്യാനഗുരുവും ഗാനരചയിതാവും സംഗീത സംവിധായകനുമായ ഫാ. ഷാജി തുമ്പേച്ചിറയിലിന് ബൈബിൾ കമ്മീഷൻ ചെയർമാൻ ബിഷപ്പ് ഏബ്രാഹാം മാർ യൂലിയോസ് സമ്മാനിച്ചു.
13. പാക്കിസ്ഥാനിലെ കത്തോലിക്കാസഭ യുവജനവർഷാചരണത്തിനു തുടക്കം കുറിച്ചു. നവംബർ 16ന് ലാഹോറിലെ തിരുഹൃദയ കത്തീഡ്രലിൽ വച്ച് നടന്ന ഉദ്ഘാടന ചടങ്ങിൽ പാക്കിസ്ഥാനിലെ വിവിധ രൂപതകളിൽ നിന്നുള്ള യുവജനങ്ങൾ പങ്കെടുത്തു.
14. രാമനാഥപുരം രൂപത 6-ാമത് ബൈബിൾ കൺവെൻഷൻ നവംബർ 22, 23, 24 തീയതികളിൽ കോയമ്പത്തൂർ ട്രിച്ചി റോഡിലുള്ള അൽവേർണിയ സ്കൂൾ ഓപ്പൺ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. പ്രശസ്ത വചന പ്രഘോഷകരായ ശാലോം ടീമാണ് ഇത്തവണത്തെ രൂപതാ ബൈബിൾ കൺവെൻഷന് നേതൃത്വം നൽകിയത്.
15. കോയമ്പത്തൂരിലെ മർത്തോമാ പാരമ്പര്യമുള്ള എപ്പിസ്കോപ്പൽ സഭാംഗങ്ങളുടെ കൂട്ടായ്മയായ CCEF (Coimbatore Christian Ecumeical Feloowship) ന്റെ 2020-2022 വർഷത്തേയ്ക്കുള്ള പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. ഇടയാർപാളയം ഇൻഫന്റ് ജീസസ് ചർച്ച് വികാരി റവ. ഫാ. ജോൺസൺ വീപ്പാട്ടുപറമ്പിലിനെ പ്രസിഡന്റായും, സി.എസ്.ഐ. മലയാളം ചർച്ച് വൈദികൻ റവ. ഡോ. ജേക്കബ് ചാക്കോയെ വൈസ് പ്രസിഡന്റായും, സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ അംഗം ശ്രീ. ഡെന്നി സി. ചാക്കോയെ സെക്രട്ടറിയായും, സെന്റ് മേരീസ് യാക്കോബായ ചർച്ച് അംഗം ശ്രീ. ജീൻ ജോണിനെ ട്രഷറർ ആയും തെരഞ്ഞെടുത്തു.
16. പതിനഞ്ചാം വയസ്സിൽ നിത്യസമ്മാനത്തിന് വിളിക്കപ്പെട്ട, 'സൈബർ അപ്പോസിൽ ഓഫ് ദ യൂക്കരിസ്റ്റ്' എന്ന് വിശേഷിപ്പിക്കപ്പെടുന്ന ധന്യൻ കാർലോ അക്യൂറ്റിസിനെ വാഴ്ത്തപ്പെട്ട പദവിയിലേക്ക് ഉയർത്താനുള്ള അത്ഭുത സൗഖ്യം സ്ഥിരീകരിച്ചു. 2018 ജൂലൈ 5ന് ഫ്രാൻസിസ് പാപ്പയാണ്, അക്യൂറ്റിസിനെ ധന്യരുടെ നിരയിൽ ഉൾപ്പെടുത്തിയത്.
17. ലോകത്തെ ഏറ്റവും വലിയ ബൈബിൾ കയ്യെഴുത്ത് പ്രതി ഒരുക്കിയ നാലംഗ പ്രവാസി മലയാളി കുടുംബം ഗിന്നസ് ബുക്ക് ഓഫ് റെക്കോർഡിലേക്ക്. ദുബായിയിൽ താമസിക്കുന്ന മനോജ് വർഗ്ഗീസും അദ്ദേഹത്തിന്റെ ഭാര്യ സൂസനും മക്കളായ കരുണും

കൃപയും ചേർന്ന് 153 ദിവസം കൊണ്ടാണ് ബൈബിളിന്റെ ലോകത്തെ ഏറ്റവും വലിയ കയ്യെഴുത്ത് പ്രതി തയ്യാറാക്കിയിരിക്കുന്നത്. 151 കിലോഭാരമുള്ള A1 പേപ്പർ സൈസിൽ എഴുതിയുണ്ടാക്കിയ ഈ ഭീമൻ ബൈബിളിൽ 1500 പേജുകളാണുള്ളത്.

18. കോയമ്പത്തൂർ ക്രിസ്ത്യൻ എക്യുമെനിക്കൽ ഫെല്ലോഷിപ്പി (CCEF)ന്റെ ഈ വർഷത്തെ യുണൈറ്റഡ് ക്രിസ്തുമസ്സ് കരോൾ ആഘോഷം "ഗ്ലോറിയ 2019" ഡിസംബർ 1 ഞായറാഴ്ച വൈകിട്ട് 6 മണിക്ക് രാമനാഥപുരം ഹോളിട്രിനിറ്റി കത്തീഡ്രലിൽ വച്ച് നടത്തപ്പെടുന്നു.
19. തമിഴ്നാട്ടിലെ പാളയംകോട്ട രൂപതയുടെ പുതിയ മെത്രാനായി ബംഗളൂർ സെന്റ് പീറ്റേഴ്സ് ദൈവശാസ്ത്ര വിദ്യാപീഠത്തിലെ അധ്യാപകനായ മോൺസിഞ്ഞോർ അന്തോണിസ്വാമി സവരിമുത്തുവിനെ ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു.

---

**പൗരോഹിത്യ ആദ്ധ്യാത്മികത: വചനവിചിന്തനങ്ങൾ**

**മല്പാൻ മാത്യു വെള്ളാനിക്കൽ**

# പുരോഹിതൻ: ധാർമ്മികശക്തിയോടെ ശുശ്രൂഷ നിർവഹിക്കുന്നവൻ

## (തിരുവചനഭാഗം: ശ്ലീഹ 23,1-35)

യഹൂദജനക്കൂട്ടം പൗലോസിനെതിരെ തിരിഞ്ഞ സാഹചര്യത്തിൽ, കാരണം കണ്ടുപിടിക്കാൻ സഹസ്രാധിപൻ സാൻഹെദ്രീൻ സംഘത്തെ വിളിച്ചുകൂട്ടുന്നു. പൗലോസിൽ യാതൊരു കുറ്റവുമില്ലെന്ന് യഹൂദകോടതി പ്രഖ്യാപിക്കുന്നു. ഉത്ഥിതനായ മിശിഹാ പ്രത്യക്ഷപ്പെട്ട് പൗലോസിനെ പ്രോത്സാഹിപ്പിക്കുന്നു. അതേത്തുടർന്ന് പൗലോസിനെ വധിക്കാൻ യഹൂദഗൂഢാലോചന നടക്കുന്നു. അതിനെ തകർത്ത് പൗലോസിനെ കേസറിയായിലെത്തിക്കുന്നു. ഈ വചനഭാഗത്തെ ഇപ്രകാരം വിഭജിക്കാം:

1. പൗലോസിനെ ആലോചനാസംഘത്തിന്റെ മുമ്പിൽ നിർത്തുന്നു (23,1-5)
2. ആലോചനാസംഘത്തിൽ അഭിപ്രായ ഭിന്നത (23,6-11)
3. യഹൂദഗൂഢാലോചനയും സഹസ്രാധിപന്റെ തീരുമാനവും (23,12-22)

4. ഫെലിക്സിന്റെ അടുത്തേക്ക് പൗലോസ് അയയ്ക്കപ്പെടുന്നു (23,23-30)

5. പൗലോസ് ദേശാധിപതിയുടെ കസ്റ്റഡിയിൽ (23,31-35)

പൗലോസ് അഭിമുഖീകരിക്കുന്ന വിചാരണകളിൽ ആദ്യത്തേതാണ് ഈ വിവരണം. പൗരോഹിത്യ ആദ്ധ്യാത്മികതയെ പരിപോഷിപ്പിക്കുവാനുതകുന്ന ചില ചിന്തകൾ ഈ വചനഭാഗത്തുനിന്നും കണ്ടെത്തുവാൻ ശ്രമിക്കാം.

**1. പുരോഹിതൻ: നല്ല മനഃസാക്ഷിയോടെ ശുശ്രൂഷ ചെയ്യുന്നവൻ**

"*പൗലോസ് സംഘത്തെ സൂക്ഷിച്ചുനോക്കിക്കൊണ്ടു പറഞ്ഞു: സഹോദരന്മാരേ, ഇന്നേവരെ ദൈവത്തിന്റെ മുമ്പിൽ നല്ല മനഃസാക്ഷിയോടെയാണു ഞാൻ ജീവിച്ചത്*" (23,1).

പൗലോസ് ആലോചനാസംഘത്തിന്റെ മുമ്പിൽ ആദ്യമായി തന്റെ ജീവിതത്തെക്കുറിച്ച് ഒരു പ്രസ്താവന നടത്തുന്നു: "സഹോദരന്മാരേ, ഇന്നേവരെ ദൈവത്തിന്റെ മുമ്പിൽ നല്ല മനഃസാക്ഷിയോടെയാണു ഞാൻ ജീവിച്ചത്" (23,1). അന്നുവരെ ഒരു യഹൂദനായും ക്രൈസ്തവനായും ദൈവതിരുമുമ്പിൽ മനഃസാക്ഷിയനുസരിച്ചാണ് താൻ ജീവിച്ചതെന്ന് പൗലോസ് അവകാശപ്പെടുന്നു. യഹൂദനെന്ന നിലയിൽ പൗലോസ് ക്രൈസ്തവരെ പീഡിപ്പിച്ചതും, പിന്നീട് മാനസാന്തരത്തിനുശേഷം ക്രൈസ്തവനായിത്തീർന്നതും ദൈവത്തിന്റെ മുമ്പിൽ നല്ല മനഃസാക്ഷിയോടുകൂടെയാണെന്ന് പൗലോസ് പറയുന്നു. യഹൂദമതം ഉപേക്ഷിച്ച് ക്രൈസ്തവമതപ്രവർത്തകനായിത്തീർന്ന പൗലോസ് യാതൊരു തെറ്റും ചെയ്തിട്ടില്ലെന്നും, തന്റെ മനഃസാക്ഷിയിൽ ശുദ്ധനാണെന്നും പറഞ്ഞത് മഹാപുരോഹിതന് ഇഷ്ടപ്പെട്ടില്ല. അതുകൊണ്ടാണ് കരണത്തടിക്കുന്നതിനു പകരം മുഖത്തടിക്കാൻ അടുത്തുനിന്നവരോട് മഹാപുരോഹിതൻ ആവശ്യപ്പെട്ടത്. അപ്രകാരം ചെയ്തപ്പോൾ പൗലോസ് അതിനോട് ശക്തമായി പ്രതികരിക്കുന്നു (23,3). തന്നെ പ്രഹരിക്കാൻ കല്പിച്ച മഹാപുരോഹിതനെ 'വെള്ളപൂശിയ മതിൽ' എന്നു വിശേഷിപ്പിച്ച്, അയാൾക്കു ലഭിക്കാനിരിക്കുന്ന ശിക്ഷയെപ്പറ്റി പ്രവചിക്കുന്നു. വെള്ളപൂശിയ മതിൽ എന്ന് അയാളെ വിശേഷിപ്പിച്ചത്, അയാളുടെ ആത്മാർത്ഥതയില്ലായ്മയെ സൂചിപ്പിക്കുവാനാണ് (എസ 13,14-15; മത്താ 23,27).

'നല്ല മനഃസാക്ഷി' പൗലോസിന്റെ ആദ്ധ്യാത്മികതയുടെ ഒരു അവശ്യഘടകമാണ്. പൗലോസിന്റെ ലേഖനങ്ങൾ ഇതു വ്യക്തമാക്കുന്നുണ്ട്. "ഞങ്ങൾ ലോകത്തിൽ വിശുദ്ധിയോടും പരമാർത്ഥതയോടും കൂടെ വ്യാപരിച്ചു എന്ന മനഃസാക്ഷിയാണ് ഞങ്ങളുടെ അഭിമാനം" (2

കൊറി 1,12). സഭയിലെ ഡീക്കന്മാർ “നിർമ്മല മനഃസാക്ഷിയോടുകൂടെ വിശ്വാസത്തിന്റെ രഹസ്യം സൂക്ഷിക്കുന്നവരാകണം” (1 തിമോ 3,9). “തെറ്റു ചെയ്യുന്നവരെ കുറ്റപ്പെടുത്തുന്നതിന്റെ ലക്ഷ്യം പരിശുദ്ധമായ ഹൃദയത്തിലും നല്ല മനഃസാക്ഷിയിലും നിഷ്കപടമായ വിശ്വാസ ത്തിലും സ്നേഹത്തിലുംനിന്നു രൂപംകൊള്ളുന്ന സ്നേഹമാണ്” (1 തിമോ 1,5). അജപാലനശുശ്രൂഷയിൽ പുരോഹിതന് വ്യത്യസ്തങ്ങ ളായ സാഹചര്യങ്ങളും പശ്ചാത്തലങ്ങളുമൊക്കെയുണ്ടാവും. അപ്ര കാരം മാറിമാറിവരുന്ന സാഹചര്യങ്ങളിൽ തീക്ഷ്ണതയോടും ധീരത യോടുംകൂടെ ശുശ്രൂഷ നിർവഹിക്കണമെങ്കിൽ പൗലോസ് പറയുന്ന തുപോലെ ഒരു ‘നല്ല മനഃസാക്ഷി’യുണ്ടായിരിക്കണം.

**2. പുരോഹിതൻ: നിയമാനുസൃതം സഭാശുശ്രൂഷ ചെയ്യുന്നവൻ**

*“പ്രധാനപുരോഹിതനായ അനനിയാസ് തന്റെ അടുത്തുനിന്നവ രോട് അവന്റെ മുഖത്ത് അടിക്കാൻ ആജ്ഞാപിച്ചു. അപ്പോൾ പൗലോസ് അവനോടു പറഞ്ഞു: വെള്ളപൂശിയ മതിലേ, ദൈവം നിന്നെ പ്രഹരിക്കാനിരിക്കുന്നു. എന്നെ നിയമാനുസൃതം വിധിക്കുവാ നാണ് നീ ഇവിടെ ഇരിക്കുന്നത്. എന്നിട്ടും നിയമവിരുദ്ധമായി പ്രഹരി ക്കാൻ നീ കല്പിക്കുന്നുവോ?”* (23,2-3).

മഹാപുരോഹിതന് പൗലോസിന്റെ പ്രസ്താവന ദുർവഹമായി ത്തോന്നി. അതിന് എത്രയും വേഗം വിരാമമിടുവാൻ അവന്റെ മുഖമ ടച്ചു പ്രഹരിക്കുവാൻ അയാൾ അടുത്തുനിന്നവരോട് ആജ്ഞാപിച്ചു. അതിനോടു പൗലോസ് പ്രതികരിച്ചവിധം ശ്രദ്ധേയമാണ്. ‘വെള്ളപൂ ശിയ മതിലേ’ എന്നു മഹാപുരോഹിതനെ സംബോധന ചെയ്തുകൊ ണ്ട്, നിയമവിരുദ്ധമായി അദ്ദേഹം പ്രവർത്തിച്ചതിനെ ചോദ്യം ചെയ്യു ന്നു. വിസ്താരത്തിനു വിധേയനാകുന്ന മനുഷ്യൻ കുറ്റക്കാരനാ ണെന്നു വിധിക്കപ്പെടുന്നതുവരെ നിരപരാധിയായി കരുതപ്പെടണമെ ന്നാണു യഹൂദനിയമം. ആ നിയമത്തെ മഹാപുരോഹിതൻ ലംഘിക്കു ന്നതിനെയാണ് പൗലോസ് ഇവിടെ ചോദ്യം ചെയ്യുന്നത്. അതോ ടൊപ്പം അയാൾക്കു ലഭിക്കാനിരിക്കുന്ന ശിക്ഷയും പൗലോസ് ഇവിടെ പ്രവചിക്കുകയാണ്. അനനിയാസ് മഹാപുരോഹിതപദം പ്രാപിച്ച ശേഷം റോമിന്റെ മറപറ്റി സ്വന്തകാര്യങ്ങൾ സാധിക്കുവാൻ എന്ത് അഴി മതിയും ചെയ്യുവാൻ മടിക്കാത്ത ആളായിരുന്നു. പുരോഹിതന്മാർക്കു ലഭിക്കുന്ന ദശാംശവും ദൈവാലയത്തിന്റെ വരുമാനത്തിൽ വലിയ ഭാഗവും സ്വന്തമാക്കി ധനാഢ്യനായിത്തീർന്ന വ്യക്തിയായിരുന്നു അയാൾ. ഒടുവിൽ അനനിയാസിനെ ജനങ്ങൾ കൊല്ലുകയായിരുന്നു.

അന്നുവരെ ഒരു യഹൂദനായും ക്രൈസ്തവനായും ദൈവതിരുമു മ്പിൽ മനഃസാക്ഷിക്കനുസരിച്ചാണ് താൻ ജീവിച്ചതെന്നു പൗലോസ്

അവകാശപ്പെടുന്നതിൽനിന്നും വ്യക്തമാകുന്നത് അദ്ദേഹം ദൈവപ്രമാണങ്ങൾക്കും മതപരമായ നിയമങ്ങൾക്കും കൊടുക്കുന്ന പ്രാധാന്യമാണ്. മതപരമായ പ്രമാണങ്ങളും നിയമങ്ങളും ദൈവഹിതത്തിന്റെ പ്രായോഗികമാനങ്ങളായിട്ടാണല്ലോ കണക്കാക്കപ്പെടുന്നത്. പഴയനിയമത്തിൽ ദൈവവും ദൈവജനവും തമ്മിലുള്ള ഉടമ്പടിബന്ധം ദൈവം ഉറപ്പിക്കുന്നത് അവർക്ക് ജീവിതത്തിൽ പ്രായോഗികമാക്കേണ്ട പ്രമാണങ്ങളും നിയമങ്ങളും നല്കിക്കൊണ്ടാണ്: "മോശ ചെന്ന് കർത്താവിന്റെ എല്ലാ വാക്കുകളും നിയമങ്ങളും ജനത്തെ അറിയിച്ചു. കർത്താവു കല്പിച്ച കാര്യങ്ങളെല്ലാം തങ്ങൾ ചെയ്യുമെന്ന് അവർ ഏകസ്വരത്തിൽ മറുപടി പറഞ്ഞു" (പുറ 24,3). പൗലോസിനെപ്പോലെ കർത്താവിന്റെ പ്രമാണങ്ങളും തിരുസ്സഭയുടെ കല്പനകളും വിശ്വസ്തതയോടുകൂടെ പാലിച്ചുകൊണ്ടാണ് പുരോഹിതനും സഭാശുശ്രൂഷ നിർവഹിക്കേണ്ടത്.

### 3. പുരോഹിതൻ: മിശിഹായുടെ ഉത്ഥാനം പ്രഘോഷിക്കുന്നവൻ

"*സംഘത്തിൽ ഒരു വിഭാഗം സദുക്കായരും മറ്റുള്ളവർ ഫരിസേയരുമാണെന്നു മനസ്സിലാക്കിയ പൗലോസ് ഇങ്ങനെ വിളിച്ചുപറഞ്ഞു: സഹോദരന്മാരേ, ഞാനൊരു ഫരിസേയനും, ഫരിസേയപുത്രനുമാണ്. മരിച്ചവരുടെ പുനരുത്ഥാനത്തിലുള്ള പ്രത്യാശയെ സംബന്ധിച്ചാണ് ഞാൻ വിചാരണ ചെയ്യപ്പെടുന്നത്. അവൻ ഇതു പറഞ്ഞപ്പോൾ ഫരിസേയരും സദുക്കായരും തമ്മിൽ അഭിപ്രായഭിന്നതയുണ്ടാവുകയും അവിടെ കൂടിയിരുന്നവർ രണ്ടു പക്ഷമായി തിരിയുകയും ചെയ്തു. കാരണം, പുനരുത്ഥാനമോ ദൈവദൂതനോ ആത്മാവോ ഇല്ല എന്നാണു സദുക്കായർ പറയുന്നത്. ഫരിസേയരാകട്ടെ ഇവയെല്ലാം ഉണ്ടെന്നും പറയുന്നു*" (23,6-8).

സാൻഹെദ്രിൻ സംഘത്തിന്റെ മുമ്പിൽ പൗലോസ് ഒരുപായം പ്രയോഗിക്കുന്നു. സാൻഹെദ്രീൻ അംഗങ്ങളിൽ ഒരു വിഭാഗം സദുക്കായരും മറുവിഭാഗം ഫരിസേയരുമാണെന്നു മനസ്സിലാക്കിയ പൗലോസ് ഫരിസേയരെ തന്റെ ഒപ്പം നിർത്താൻ ശ്രമിക്കുകയാണ്. പൗലോസ് ഒരു ഫരിസേയനായിരുന്നു (ഫിലി 3,5-6; 2 കൊറി 11,22). ഫരിസേയർ മരിച്ചവരുടെ ഉയിർപ്പിലും മരണാനന്തരജീവിതത്തിലും വിശ്വസിച്ചിരുന്നു. എന്നാൽ സദുക്കായർക്ക് അങ്ങനെയൊരു വിശ്വാസമില്ലായിരുന്നു. തന്റെ ഫരിസേയവിശ്വാസത്തിന്റെ പേരിലാണ് ഫരിസേയനായ തന്നെ വിചാരണ ചെയ്യുന്നതെന്ന് പൗലോസ് ആലോചനാസംഘത്തിന്റെ മുമ്പിൽ പ്രഖ്യാപിച്ചു. ഈ പ്രഖ്യാപനത്തോടുകൂടി സാൻഹെദ്രീൻ സംഘാംഗങ്ങൾ രണ്ടു വിഭാഗങ്ങളായി തിരിഞ്ഞ് പരസ്പരം

വാക്കാൽ ഏറ്റുമുട്ടാൻ തുടങ്ങി. എതിരാളികളെ പരസ്പരം ഭിന്നിപ്പിച്ച് അവരുടെമേൽ വിജയം നേടുക എന്ന തന്ത്രം പൗലോസ് ഇവിടെ ഫല പ്രദമായി വിനിയോഗിച്ചു. സദുക്കായരും ഫരിസേയരും തമ്മിലുള്ള വ്യത്യാസം 8-ാം വാക്യത്തിൽ എടുത്തുപറയുന്നു: "പുനരുത്ഥാനമോ ദൈവദൂതനോ ആത്മാവോ ഇല്ല എന്നാണു സദുക്കായർ പറയുന്നത്. ഫരിസേയരാകട്ടെ ഇവയെല്ലാം ഉണ്ടെന്നും പറയുന്നു".

"മരിച്ചവരെപ്പറ്റിയുള്ള എന്റെ പ്രതീക്ഷയിലും ഉത്ഥാനത്തിലും" എന്നതിനുപകരം "മരിച്ചവരുടെ ഉത്ഥാനത്തിലുള്ള എന്റെ പ്രതീക്ഷ യെപ്പറ്റിയാണ് ഞാൻ ഇവിടെ വിചാരണ നേരിടുന്നത്" എന്നാണ് മിക്ക വാറും വ്യാഖ്യാതാക്കൾ ഈ വചനഭാഗം വിവർത്തനം ചെയ്യുന്നത്. പൗലോസിന്റെ സുവിശേഷപ്രഘോഷണത്തിന്റെ പ്രധാനവിഷയം 'ഉത്ഥാന'മായിരുന്നു എന്ന വസ്തുതയുടെ പ്രാധാന്യം ഈ വിവർത്ത നത്തിൽ വേണ്ടതുപോലെ വ്യക്തമാകുന്നില്ല. പൗലോസിന്റെ സുവി ശേഷപ്രഘോഷണത്തിന്റെ അടിസ്ഥാന വിഷയം ഉത്ഥാനമായിരുന്നു എന്നത് വളരെ പ്രാധാന്യമർഹിക്കുന്നതാണ്. ഉത്ഥാനത്തെപ്പറ്റിയുള്ള പൗലോസിന്റെ വാക്കുകൾ ഈ പ്രാധാന്യത്തെ എടുത്തു കാണി ക്കുന്നു: "മരിച്ചവർ ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം" (1 കൊറി 15,13-14). സാൻഹെദ്രീൻ മുമ്പാകെയുള്ള പൗലോസിന്റെ പ്രസ്താവന ഇതാണ് വ്യക്തമാക്കുന്നത്. പുരോഹിതരുടെ സുവിശേഷപ്രഘോഷണത്തിൽ ഇന്ന് ഏറ്റവും ഊന്നൽ കൊടുക്കേണ്ടത് മിശിഹായുടെയും നമ്മു ടെയും ഉത്ഥാനത്തിനാണ്. ഇന്നത്തെ സുവിശേഷപ്രഘോഷണങ്ങ ളിൽ ഇക്കാര്യം വിസ്മരിക്കപ്പെടുന്നതായി തോന്നുന്നു. അന്ത്യാത്മ കജീവിതവിഷയങ്ങൾ ധ്യാനത്തിനു വിചിന്തനവിഷയമാക്കപ്പെടാ ത്തത് ആദ്ധ്യാത്മികജീവിതത്തെ സാരമായി ബാധിക്കും.

**4. പുരോഹിതൻ: നല്ല മനുഷ്യബന്ധങ്ങൾ കെട്ടിപ്പടുക്കുന്നവൻ**

*"പൗലോസിന്റെ സഹോദരീപുത്രൻ ഈ ചതിയെപ്പറ്റി കേട്ടു. അവൻ പാളയത്തിൽച്ചെന്ന് പൗലോസിനെക്കണ്ട് വിവരമറിയിച്ചു. പൗ ലോസ് ഒരു ശതാധിപനെ വിളിച്ചുപറഞ്ഞു: ഈ യുവാവിനെ സഹ സ്രാധിപന്റെയടുക്കൽ കൊണ്ടുചെല്ലുക. അവന് എന്തോ പറയാനു ണ്ട്. അതിനാൽ, അവൻ അവനെ സഹസ്രാധിപന്റെ മുമ്പിൽ കൊണ്ടു ചെന്ന് ഇപ്രകാരം ബോധിപ്പിച്ചു: തടവുകാരനായ പൗലോസ് എന്നെ വിളിച്ച് ഈ ചെറുപ്പക്കാരനെ നിന്റെ അടുക്കൽ കൊണ്ടുവരാനാവശ്യ പ്പെട്ടു. അവന് എന്തോ പറയാനുണ്ടുപോലും. സഹസ്രാധിപൻ അവനെ കൈയ്ക്കുപിടിച്ച് മാറ്റിനിർത്തി രഹസ്യമായി ചോദിച്ചു:*

*എന്താണ് നിനക്കു പറയാനുള്ളത്? അവൻ പറഞ്ഞു: യഹൂദന്മാർ പൗലോസിനെക്കുറിച്ച് സൂക്ഷ്മമായി അന്വേഷിക്കാനെന്ന ഭാവേന അവനെ തങ്ങളുടെ ആലോചനാസംഘത്തിലേക്കു കൊണ്ടുപോകണമെന്ന് അങ്ങയോടപേക്ഷിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. നീ അവർക്കു വഴങ്ങരുത്. കാരണം, അവരിൽ നാല്പതിലേറെപ്പേർ പൗലോസിനെ വധിക്കാതെ ഭക്ഷിക്കുകയോ പാനം ചെയ്യുകയോ ഇല്ല എന്നു വ്രതമെടുത്തുകൊണ്ട് അവനെ ആക്രമിക്കാൻ പതിയിരിക്കുന്നുണ്ട്. നിന്നിൽനിന്ന് അനുവാദം ലഭിക്കുമെന്നു പ്രതീക്ഷിച്ചുകൊണ്ട് അവർ ഒരുങ്ങിയിരിക്കുകയാണ്*" (23,16-21).

ജറുസലേമിലെ നാല്പതിലധികം യഹൂദർ ഒരുമിച്ചുകൂടി ഒരു ശപഥം ചെയ്തു: "പൗലോസിനെ വധിക്കുന്നതുവരെ അവർ തിന്നുകയോ കുടിക്കുകയോ ചെയ്യുകയില്ല". തങ്ങളുടെ ഈ ശപഥത്തെക്കുറിച്ച് അവർ പ്രധാനപുരോഹിതരുടെയും ശ്രേഷ്ഠന്മാരുടെയും അടുക്കൽചെന്ന് അവരെ അറിയിച്ചു. പൗലോസിനെ രഹസ്യമായി വധിക്കാനുള്ള ഉപായവും അവർ അധികാരികളെ അറിയിച്ചു: "കൂടുതൽ വിശദമായ അന്വേഷണത്തിന് വിധേയനാക്കാനെന്ന വ്യാജേന പൗലോസിനെ നിങ്ങളുടെ അടുക്കൽ കൊണ്ടുവരണമെന്ന് ആലോചനാസംഘത്തിലെ അംഗങ്ങളോടു ചേർന്ന് നിങ്ങൾ ആവശ്യപ്പെടണം" അതനുസരിച്ച് അയാളെ കൊണ്ടുവരുന്ന വഴിയിൽ പതിയിരുന്ന് ശപഥം ചെയ്തവർ പൗലോസിനെ വധിക്കും (23,14-15). യഹൂദർ ചേർന്നുണ്ടാക്കിയ ഗൂഢാലോചനയിൽ പൗലോസിനെ എളുപ്പം ഇല്ലാതാക്കാനുള്ള വഴിയാണ് അവർ ചിന്തിച്ചുറപ്പിച്ചിരുന്നത്.

എന്നാൽ അവരുടെ ഗൂഢാലോചന പൊളിയുന്നതായിട്ടാണ് പിന്നീട് നാം കാണുന്നത്. പൗലോസിന്റെ സഹോദരിയും അവളുടെ പുത്രനും ജറുസലേമിൽ താമസിക്കുന്നുണ്ടായിരുന്നു. ആ സഹോദരിയുടെ പുത്രൻ യഹൂദ ഗൂഢാലോചനയെപ്പറ്റി അറിയാനിടയാവുകയും അത് നേരെ വന്ന് പൗലോസിനെ അറിയിക്കുകയും ചെയ്തു. ഈ വിവരം അറിഞ്ഞ പൗലോസ് ഒരു ശതാധിപന്റെ സഹായത്താൽ തന്റെ മരുമകനെ പട്ടാള അധികാരിയായ ക്ലാവൂദിയൂസ് ലീസിയാസിന്റെ പക്കൽ പറഞ്ഞുവിട്ടു. അദ്ദേഹത്തിന്റെ അടുക്കലെത്തിയ ചെറുപ്പക്കാരൻ യഹൂദ ഗൂഢാലോചനയെക്കുറിച്ച് അദ്ദേഹത്തെ അറിയിച്ചു. തന്നോട് ഇതു പറഞ്ഞതായി മറ്റാരും അറിയരുതെന്ന് പട്ടാള അധികാരി ആ ചെറുപ്പക്കാരനോട് ആവശ്യപ്പെട്ട് അവനെ മടക്കി അയച്ചു (23,17-22). ഈ ഗൂഢാലോചനയെ മറികടന്ന് പൗലോസിനെ രക്ഷിക്കാൻവേണ്ട നടപടികൾ അയാൾ സ്വീകരിക്കുകയും ചെയ്യുന്നു (23,23-30).ദൈവത്തിന്റെ പ്രത്യേകമായ പരിപാലനയിൽ ഇപ്രകാരം സംഭവി

ച്ചത് പൗലോസിനുണ്ടായിരുന്ന മനുഷ്യബന്ധങ്ങളുടെ ഫലമായിട്ടാണ്. തന്റെ ശുശ്രൂഷാജീവിതത്തിൽ പുരോഹിതൻ നല്ല മനുഷ്യബന്ധങ്ങൾ കെട്ടിപ്പടുക്കുവാൻ ശ്രദ്ധിക്കണമെന്ന് ഈ സംഭവം നമ്മെ ഓർമ്മിപ്പിക്കുന്നു.

**5. പുരോഹിതൻ: ശാന്തത കൈവെടിയാതെ ശുശ്രൂഷ ചെയ്യുന്നവൻ**

"*അവർ കേസറിയായിലെത്തി കത്ത് ദേശാധിപതിയെ ഏല്പിക്കുകയും പൗലോസിനെ അവന്റെ മുമ്പിൽ കൊണ്ടുവരുകയും ചെയ്തു. കത്തു വായിച്ചതിനുശേഷം, അവൻ ഏതു പ്രവിശ്യയിൽപ്പെട്ടവനാണെന്ന് അവൻ ചോദിച്ചു. കിലിക്യാക്കാരനാണെന്നറിഞ്ഞപ്പോൾ അവൻ പറഞ്ഞു: പരാതിക്കാർ വരുമ്പോൾ ഞാൻ നിന്നെ വിസ്തരിക്കാം. ഹേറോദേസിന്റെ പ്രത്തോറിയത്തിൽ അവനെ സൂക്ഷിക്കാൻ അവൻ ആജ്ഞാപിച്ചു*" (23,33-35).

യഹൂദഗൂഢാലോചനയെ മറികടക്കാൻ പട്ടാള അധികാരി ഉടനെ തീരുമാനങ്ങളെടുക്കുകയാണ്. പൗലോസിനെ ജെറുസലേമിൽനിന്ന് നൂറു കിലോമീറ്റർ അകലെ സ്ഥിതി ചെയ്തിരുന്ന കേസറിയായിലേക്ക് പട്ടാളക്കാരുടെ അകമ്പടിയോടെ രാത്രിയിൽതന്നെ അയയ്ക്കുന്നു. കേസറിയാ റോമൻ ഗവർണർമാരുടെ ആസ്ഥാനമായിരുന്നു. അന്നത്തെ ഗവർണറായിരുന്ന ഫെലിക്സിന്റെ പേരിൽ പൗലോസിനെപ്പറ്റി ഒരു കത്തും തയ്യാറാക്കി കൊടുത്തുവിടുന്നു. കത്തിൽ പൗലോസിനെ തടവിലാക്കാനുണ്ടായ സാഹചര്യം വിവരിക്കുന്നുണ്ട്: യഹൂദർ പിടിച്ച് വധിക്കാൻ തുടങ്ങിയ ഇയാളെ താൻ രക്ഷപ്പെടുത്തിയത് ഇയാൾ ഒരു റോമൻ പൗരനായതുകൊണ്ടാണ്. ഇദ്ദേഹം ചെയ്ത കുറ്റമെന്താണെന്ന് അറിയാൻ ഒരു പ്രാഥമിക വിചാരണ നടത്തപ്പെട്ടു. അത് യഹൂദ ആലോചനാസംഘത്തിന്റെ മുമ്പാകെ ആയിരുന്നു. യഹൂദരുടെ നിയമത്തിൻകീഴിൽ വരുന്ന ഒരു ആരോപണമാണ് അവർ ഇയാൾക്കെതിരെ ഉയർത്തിയത്. പക്ഷേ, അത് വധശിക്ഷയോ കാരാഗൃഹവാസമോ അർഹിക്കുന്ന കുറ്റമൊന്നുമല്ല. കേസറിയായ്ക്ക് പൗലോസിനെ അയയ്ക്കാൻ കാരണം ഇയാൾക്കെതിരെ യഹൂദർ നടത്തുന്ന ഗൂഢാലോചനയാണ്. അതിൽനിന്ന് ഇയാളെ രക്ഷിക്കാനാണ് ഇയാളെ ഗവർണരുടെ അടുത്തേക്ക് അയയ്ക്കുന്നത്. ഇയാൾക്കെതിരെയുള്ള പരാതി ഗവർണരുടെ മുമ്പാകെ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുമുണ്ട് (23,25-30).

ഫെലിക്സ് കത്തു വായിച്ചതിനുശേഷം പൗലോസ് തന്റെ അധികാരപരിധിയിലുള്ള പ്രവിശ്യയിൽപ്പെട്ട ആളാണെന്ന് ഉറപ്പുവരുത്തുകയും, പരാതിക്കാർ വരുമ്പോൾ താൻതന്നെ പൗലോസിനെ വിസ്തരി

ക്കാമെന്നു പറഞ്ഞ് അയാളെ പ്രത്തോറിയത്തിൽ താമസിപ്പിക്കുകയും ചെയ്തു. ഈ അനുഭവങ്ങളിലൂടെയെല്ലാം കടന്നുപോയപ്പോൾ പൗലോസ് എപ്രകാരമാണ് അവയെ നേരിട്ടത് എന്നു ധ്യാനിക്കുന്നത് നല്ലതാണ്. ദൈവത്തിന്റെ പരിപാലനയിൽ വിശ്വസിച്ചുകൊണ്ട്, തന്റെ പ്രാർത്ഥനാജീവിതത്തിനു കുറവുവരുത്താതെ, ശാന്തതയോടുകൂടെയാണ് പൗലോസ് ഈ സാഹചര്യങ്ങളെ നേരിട്ടത്. തന്റെ സ്നേഹത്തിനോ തീക്ഷ്ണതയ്ക്കോ കുറവു വരുത്താതെ ഈ അനുഭവങ്ങളിലൂടെ കടന്നുപോകുന്ന പൗലോസ് അജപാലകർക്കെല്ലാം മാതൃകയാണ്. ഏതെല്ലാം പ്രതികൂല സാഹചര്യങ്ങളിലൂടെ കടന്നുപോകേണ്ടി വന്നാലും, ശാന്തത കൈവെടിയാതെ അവയെ നേരിടുവാൻ പുരോഹിതനു കഴിയണം. ഇതിനു പുരോഹിതനെ പ്രാപ്തനാക്കുന്നത് പ്രാർത്ഥനാജീവിതമാണ്.

**ജീവിതസൂചിക**

1. ദൈവതിരുമുമ്പിൽ നല്ല മനഃസാക്ഷിയോടെയാണോ ഞാൻ അജപാലനശുശ്രൂഷ നിർവഹിക്കുന്നത്?
2. സഭാനിയമങ്ങൾക്കനുസൃതം സഭാശുശ്രൂഷ നിർവഹിക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
3. എന്റെ സുവിശേഷപ്രഘോഷണത്തിൽ ഉത്ഥാനത്തിനും അന്ത്യാത്മകജീവിതത്തിനും ഞാൻ എത്രമാത്രം പ്രാധാന്യം നല്കുന്നുണ്ട്?
4. എന്റെ ശുശ്രൂഷാതലങ്ങളിൽ നല്ല മനുഷ്യബന്ധങ്ങൾ കെട്ടിപ്പടുക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
5. ബുദ്ധിമുട്ടുകളും എതിർപ്പുകളുമുണ്ടാകുന്ന സാഹചര്യങ്ങളിൽ ശാന്തത കൈവെടിയാതെ ശുശ്രൂഷ ചെയ്യുവാൻ എനിക്കു സാധിക്കുന്നുണ്ടോ?

## കുടുംബകൂട്ടായ്മകൾക്കുള്ള പഠനവിഷയം

# ആരാധനക്രമവും ഭക്താനുഷ്ഠാനങ്ങളും

ഒരു വർഷക്കാലമായി ആരാധനാക്രമവർഷത്തിലെ കാലഘട്ടങ്ങളെക്കുറിച്ചാണ് നാം കുടുംബക്കൂട്ടായ്മ മീറ്റിംഗുകളിൽ പഠിച്ചിരുന്നത്. ഇനി നമുക്ക് ഈ ആരാധനാക്രമവർഷത്തിന്റെ ചൈതന്യത്തിലുള്ള ഭക്താനുഷ്ഠാനങ്ങളെക്കുറിച്ച് പഠിക്കാം.

**ആമുഖം**

ആരാധനാക്രമത്തിൽനിന്ന് ഉരുത്തിരിഞ്ഞ് വളരുന്ന ക്രൈസ്തവ

ആദ്ധ്യാത്മികതയെ കൂടുതൽ പരിപോഷിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളാണ് ഭക്താനുഷ്ഠാനങ്ങൾ. രണ്ടാം വത്തിക്കാൻ കൗൺസിൽ 'വിശ്വാസികളുടെ സർവ്വസാധാരണമായ ഭക്താനുഷ്ഠാനങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടണം' എന്ന് ആവശ്യപ്പെടുന്നു. ഭക്താനുഷ്ഠാനങ്ങൾ ആരാധനാക്രമത്തിനുള്ള ഒരുക്കമായും, ആരാധനാക്രമത്തിന്റെ തുടർച്ചയായും, വളർച്ചയായും ആരാധനക്രമത്തെ സാഹചര്യങ്ങൾക്കു യോജിച്ചവിധം പരിപുഷ്ടിപ്പെടുത്തുന്ന മാർഗ്ഗങ്ങളായും വേണം കാണാനും അനുഷ്ഠിക്കാനും. ഭക്താനുഷ്ഠാനങ്ങൾ നമ്മുടെ വൈകാരികതലത്തെ ഏറെ സ്പർശിക്കുന്നതാണ്. ഭക്താനുഷ്ഠാനങ്ങൾ ആരാധനക്രമജീവിതത്തിന് കൂടുതൽ നിറക്കൂട്ട് നൽകുന്നു. എന്നാൽ ഭക്താനുഷ്ഠാനങ്ങൾ ആരാധനാക്രമത്തിന് പകരമല്ല (ccc1675)

ഭക്താനുഷ്ഠാനങ്ങൾ വ്യക്തികളോ, സമൂഹങ്ങളോ ആരംഭിച്ച് പിന്നീട് പ്രാദേശികമോ, സാർവ്വത്രികമോ ആയ സഭ അംഗീകരിച്ചവയാണ്. എല്ലാ ഭക്താനുഷ്ഠാനങ്ങളും എല്ലായിടത്തും ആചരിക്കപ്പെടണമെന്നില്ല. എന്നാൽ ആരാധനാക്രമം സ്വഭാവത്താലെ സാർവ്വത്രികവും, സാമൂഹികവുമാണ്. സ്വകാര്യവും, വ്യക്തിപരവുമല്ലാത്ത ഭക്താനുഷ്ഠാനം സഭാ നേതൃത്വത്തിന്റെ നിബന്ധനകൾക്ക് വിധേയമാണ്. ഒരു രൂപതയിലെ മാത്രമാണെങ്കിൽ സ്ഥലത്തെ മെത്രാന്റേയും, വ്യക്തി സഭയിൽ കാണുന്നവയ്ക്ക് സഭാ സിനഡിന്റേയും, സാർവ്വത്രികസഭയിൽ വ്യാപരിക്കുന്നവയ്ക്ക് പരിശുദ്ധ സിംഹാസന ത്തിന്റേയും അംഗീകാരം ആവശ്യമാണ്.

**<u>സീറോമലബാർ സഭയിൽ അനുഷ്ഠിക്കുന്ന ചില ഭക്താനുഷ്ഠാനങ്ങൾ</u>**

നമ്മുടെ സഭയായ സീറോമലബാർ സഭയിലെ ആരാധനാക്രമം പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിലാണെങ്കിലും, ലത്തീൻ സഭയുമായി ചരിത്രപരമായ ബന്ധം മൂലം ആരാധനാക്രമത്തിലും, ഭക്താനുഷ്ഠാനത്തിലും ലത്തീൻ പാരമ്പര്യത്തിന്റെ സ്വാധീനമുണ്ട്.

### A. കർത്താവിനോടുള്ള ഭക്താനുഷ്ഠാനങ്ങൾ

#### 1. കുരിശിനോടും ക്രൂശിത രൂപത്തോടുമുള്ള വണക്കം

സ്ലീവാക്കാലത്തിൽ കർത്താവിന്റെ പീഢാനുഭവത്തിന്റേയും, മരണത്തിന്റേയും, ഉത്ഥാനത്തിന്റേയും പ്രതീകമായ കുരിശിനെ നാം വണങ്ങുന്നു. സീറോമലബാർ സഭയിലെ ഭക്താനുഷ്ഠാനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു ഭക്താനുഷ്ഠാനമാണ് കുരിശിനോടും, ക്രൂശിതരൂപത്തോടുമുള്ള വണക്കം.

വളരെ മുമ്പുത്തന്നെ മാർത്തോമാക്രിസ്ത്യാനികൾ കുരിശിനെ ആദരിച്ചിരുന്നു. പള്ളികളുടെ മുമ്പിലുള്ള കരിങ്കൽ കുരിശ്, കുരിശിൻ തൊട്ടി, വിവാഹത്തിലെ താലിയിലുള്ള കുരിശ്, റാസകുർബാനയിലെ സ്ലീവാവണക്കം ഇവയെല്ലാം കുരിശിനോടുള്ള ഭക്തിയേയും, അതിന്റെ പ്രാധാന്യത്തേയും സൂചിപ്പിക്കുന്നു. കുരിശ് ഈശോയുടെ പീഢാനുഭവത്തിന്റെയും, മരണത്തിന്റെയും മാത്രമല്ല, ഉത്ഥാനത്തിന്റെയും അടയാളമാണ്.

കുരിശിനോടുള്ള ഭക്തിയുടെ മറ്റൊരു പ്രകാശനമാണ് വലിയ കുരിശടയാളം വരയ്ക്കൽ. നെറ്റിയിലും, അധരങ്ങളിലും നെഞ്ചിലും കുരിശ് വരച്ച് പ്രാർത്ഥിക്കുന്ന രീതി കുരിശിനോടുള്ള നമ്മുടെ ഭക്തിയെയും, കുരിശിനോടുള്ള ആശ്രയബോധത്തേയും സൂചിപ്പിക്കുന്നു.

കുരിശിനോടുള്ള മറ്റൊരു ഭക്താനുഷ്ഠാനമാണ് കുരിശിന്റെവഴി. പള്ളികളിൽ യേശുവിന്റെ പീഢാനുഭവത്തിന്റെ 14 സ്ഥലങ്ങൾ സ്ഥാപിച്ച് യേശുവിന്റെ പീഢാനുഭവത്തേയും, മരണത്തേയും ധ്യാനിച്ച് പ്രാർത്ഥിക്കാൻ ഈ കുരിശിന്റെവഴി സഹായിക്കുന്നു. ഈ പ്രാർത്ഥന ധാരാളം പേർക്ക് ആദ്ധ്യാത്മികതയിൽ വളരുവാൻ സഹായകമാണ്.

**2. ദിവ്യകാരുണ്യഭക്തി**

കർത്താവിനോടുള്ള മറ്റൊരു ഭക്താനുഷ്ഠാനമാണ് ദിവ്യകാരുണ്യ ഭക്തി. ആദിമകാലത്ത് പരസ്യമായ ആരാധനകൾ ഉണ്ടായിരുന്നില്ല. അക്കാലത്ത് രോഗികൾക്ക് കൊടുക്കുവാനാണ് ദിവ്യകാരുണ്യം സൂക്ഷിച്ചിരുന്നത്. പിന്നീട് 4-ാം നൂറ്റാണ്ടിൽ വി. ബേസിലിന്റെ കാലത്താണ് ദിവ്യകാരുണ്യം പള്ളികളിലും ആശ്രമങ്ങളിലും ബലിപീഠത്തിനുമുകളിലായി സൂക്ഷിക്കുവാൻ തുടങ്ങിയത്.

കുർബാനയിലെ യേശുവിന്റെ സാന്നിധ്യത്തെ നിക്ഷേധിച്ച പാഷാണ്ഡത വളർന്നുവന്നപ്പോഴാണ് 11-ാം നൂറ്റാണ്ട് മുതൽ ദിവ്യകാരുണ്യത്തിലെ മിശിഹായുടെ സാന്നിധ്യത്തെക്കുറിച്ച് ജനങ്ങളെ കൂടുതൽ അവബോധമുള്ളവരാക്കാൻവേണ്ടി കൂടി ഈ ഭക്തി വളർത്തിയത്.

വിശുദ്ധ കുർബാനയുടെ തുടർച്ചയായി യേശുവിന്റെ സാന്നിധ്യാനുഭവം ദിവസം മുഴുവൻ നിലനിർത്തുവാൻ ദിവ്യകാരുണ്യാരാധന സഹായിക്കുന്നു. തിരുമണിക്കൂർ ആരാധന, 13 മണി ആരാധന, 40 മണി ആരാധന, നിത്യാരാധന എന്നിങ്ങനെ പലവിധത്തിലുള്ള ആരാധനരീതികൾ നിലവിലുണ്ട്.

### 3. തിരുഹൃദയഭക്തി

ഈശോയുടെ തിരുഹൃദയത്തിന്റെ ചിത്രമോ, രൂപമോ ഭവനങ്ങളിൽ പ്രധാന സ്ഥലത്ത് സ്ഥാപിച്ച് അതിന് മുമ്പിൽ കുടുംബങ്ങൾ എല്ലാവരും ഒരുമിച്ചുകൂടി സന്ധ്യാപ്രാർത്ഥന ചൊല്ലുന്നത് കത്തോലിക്കാ ഭവനങ്ങളിൽ നിലനിൽക്കുന്ന ഒരു ഭക്തിയാണ്. മാസാദ്യ വെള്ളിയാഴ്ചകളിൽ കുമ്പസാരിച്ച് വി. കുർബാന സ്വീകരിക്കുകയും, കുടുംബപ്രതിഷ്ഠ നവീകരിക്കുകയും ചെയ്യുന്നതെല്ലാം തിരുഹൃദയവണക്കത്തോടുള്ള പ്രകാശനമാണ്. അതുപോലെ തന്നെ, ജൂൺ മാസത്തിൽ തിരുഹൃദയവണക്കമാസം നടത്തുന്നതും തിരുഹൃദയ വണക്കത്തിന്റെ പ്രകാശനമാണ്.

വി. മാർഗരീത്ത മറിയം അലക്കോക്കിനുണ്ടായ ദർശനങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ തിരുഹൃദയഭക്തി സാർവ്വത്രികമായി വളർന്നത്. 11–ാം നൂറ്റാണ്ടിൽ ഈ ഭക്തി ആരംഭിച്ചിരുന്നു. ഇരുപതാം നൂറ്റാണ്ടിലാണ് കേരളത്തിൽ ഈ ഭക്തി കൂടുതൽ വളർന്നുവന്നത്.

**ചോദ്യങ്ങൾ**

1. ആരാധനാക്രമവും ഭക്താനുഷ്ഠാനങ്ങളും-ബന്ധങ്ങളും, വ്യത്യാസങ്ങളും എന്തെല്ലാം?
2. ആർക്കാണ് ഭക്താനുഷ്ഠാനങ്ങൾക്ക് അംഗീകാരം നൽകുവാനുള്ള അധികാരം?
3. കുരിശിനോടുള്ള ഭക്തി ഏതെല്ലാം വിധത്തിലാണ് നാം അനുഷ്ഠിക്കുന്നത്?
4. തിരുഹൃദയഭക്തി ആരുമൂലമാണ് സാർവ്വത്രികമായത്?



## സെമിനാരി വിശേഷം

**1–10–2019 :** മലയാള അക്കാദമി റീജന്റ് ബ്ര. പോൾ പെല്ലിശ്ശേരിയുടെ അദ്ധ്യക്ഷതയിൽ നടന്നു. തുടർന്ന് ആഘോഷമായ ജപമാല ആചരണം ആരംഭിച്ചു.
**24–10–2019 :** ഹോം ഡേയോടനുബന്ധിച്ചുള്ള സ്പോർട്സ് ഡേ നടത്തി. മിഷൻ ചൈതന്യത്തെ ഉൾക്കൊണ്ടുകൊണ്ട് ബലിയർപ്പണവും മിഷൻ ദിനാചരണവും ഉണ്ടായി.
**27–10–2019 :** വി. മറിയം ത്രേസ്യായുടെ വിശുദ്ധ പദവി പ്രഖ്യാപനത്തോടനുബന്ധിച്ചുള്ള കൃതജ്ഞതാ ബലിയിൽ ഇടവകദൈവാലയ

ത്തിൽ സെമിനാരികുടുംബം പങ്കുചേർന്നു.

**31–10–2019 :** ജപമാലമാസാചരണത്തിന്റെ സമാപനദിനത്തിൽ അഖണ്ഡജപമാല നടത്തി. രാത്രി ജപമാല റാലിയും ഉണ്ടായിരുന്നു.

**01–11–2019 :** സകലവിശുദ്ധരുടേയും (വിജയസഭ) തിരുനാൾ ആഘോഷമായ ബലിയർപ്പണത്തോടെ നടത്തി.

**02–11–2019 :** സകലമരിച്ചവർക്കും വേണ്ടി ബലിയർപ്പിക്കുകയും ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

**03–11–2019 :** രൂപതാ കത്തീഡ്രൽ ദൈവാലയത്തിലെ വി. മറിയം ത്രേസ്യായുടെ വിശുദ്ധപദ പ്രഖ്യാപനത്തിന്റെ കൃതജ്ഞതാബലിയിൽ സെമിനാരിക്കാർ പങ്കെടുത്തു.

**06–11–2019 :** അഭിവന്ദ്യ പിതാവിന്റെ ബലിയർപ്പണവും ക്ലാസ്സുമുണ്ടായിരുന്നു.

**07–11–2019 :** ഹോം ഡേയോടനുബന്ധിച്ച് ആർട്സ് ഡേ നടന്നു.

**14–11–2019 :** മാസധ്യാനത്തിന് ബഹു. ബിജു കുറ്റിക്കാട്ടച്ചൻ നേതൃത്വം നൽകി.

**ഫാ. ജോയ് ചിറ്റിലപ്പിള്ളി,** റെക്ടർ



# വിശ്വാസപരിശീലനം

**ഓർമ്മിക്കാൻ**

**സെക്കൻഡ് മിഡ്ടേം എക്സാം**

1–ാം ക്ലാസ്സ് മുതൽ 12–ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് സെക്കൻഡ് മിഡ്ടേം എക്സാം എല്ലാ യൂണിറ്റിലും ഡിസംബർ 1ന് നടത്തുന്നു. ചോദ്യപേപ്പർ അതാത് യൂണിറ്റുകളിൽ തന്നെ തയ്യാറാക്കേണ്ടതാണ്.

**ഫോംസ് :** വിശ്വാസപരിശീലന ഓഫീസിലേയ്ക്ക് അയയ്ക്കേണ്ട ഓരോ യൂണിറ്റിലെയും വിദ്യാർത്ഥികളുടെ വിവരങ്ങളടങ്ങിയ ലിസ്റ്റും 1 മുതൽ 16 വരെയുള്ള ഫോമുകളിൽ ഇതുവരെയും തിരിച്ചേൽപ്പിക്കാത്ത ഫോമുകളും ഓരോ യൂണിറ്റുകളും എത്രയും പെട്ടെന്ന് തിരിച്ചേൽപ്പിക്കേണ്ടതാണ്. യൂണിറ്റ് ഡയറക്ടർമാരും പ്രധാനാദ്ധ്യാപകരും ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**കോളാഷ് മത്സരം**

കോളാഷ് മത്സരത്തിന്റെ ചാർട്ട് കൊണ്ടുപോകാത്തവർ ഉണ്ടെങ്കിൽ വിശ്വാസപരിശീലന ഓഫീസിൽ നിന്നും എത്രയും പെട്ടെന്ന് കൊണ്ടുപോകേണ്ടതാണ്. വർക്ക് ചെയ്ത ചാർട്ട് പേപ്പറുകൾ തിരിച്ചേൽപ്പിക്കേണ്ട അവസാന തിയ്യതി ഡിസംബർ 31 ആണ്. മത്സരത്തിന്റെ നിയമാവലി വിശ്വാസപരിശീലന ഡയറിയിലെ പേജ് നമ്പർ 68–ൽ നോക്കുക.

**സോഷ്യൽ ഔട്ട് റീച്ച് പ്രോഗ്രാം**

10, 11, 12 ക്ലാസ്സിലെ വിശ്വാസപരിശീലന വിദ്യാർത്ഥികൾക്കായി നട

ത്തിയ സോഷ്യൽ ഔട്ട് റീച്ച് പ്രോഗ്രാമിന്റെ റിപ്പോർട്ട് ഡിസംബർ - 29ന് മതബോധന ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

**പ്രതിഭാ സംഗമം :** നമ്മുടെ രൂപതയിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന വിശ്വാസപരിശീലന വിദ്യാർത്ഥികൾ ഡിസംബർ 27-ാം തീയതി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വെച്ച് നടക്കുന്ന പ്രതിഭാസംഗമ പരിപാടിയിൽ പങ്കെടുക്കേണ്ടതാണ്. യോഗ്യരായവരുടെ പേരുകൾ അറിയിക്കുന്നതാണ്.

**ചിൽഡ്രൻസ് മിനിസ്ട്രി**

ഡിസംബർ 8-ാം തിയ്യതി കൗണ്ടംപാളയം, ഡിസംബർ 15-ാം തിയ്യതി മേട്ടുപാളയം (അണ്ണൂരും കൂടെ) യൂണിറ്റിലും ജനുവരി 5-ാം തിയ്യതി പൊള്ളാച്ചി യൂണിറ്റിലും റീജന്റ് ബ്രദേഴ്സിന്റെ നേതൃത്വത്തിൽ ചിൽഡ്രൻസ് മിനിസ്ട്രി നടത്തപ്പെടുന്നു. ബഹു. യൂണിറ്റ് ഡയറക്ടർമാരുടെയും അദ്ധ്യാപകരുടെയും മാതാപിതാക്കളുടെയും സഹകരണവും പ്രോത്സാഹനവും പ്രതീക്ഷിക്കുന്നു.

**നന്ദിയുടെ നറുമലരുകൾ**

**മതദ്ധ്യാപകരുടെ വാർഷികധ്യാനം**

നവംബർ 10-ാം തീയതി പാസ്റ്ററൽ സെന്ററിൽ വെച്ച് മതദ്ധ്യാപകരുടെ വാർഷികധ്യാനം രൂപതാ വിശ്വാസപരിശീലന ഡയറക്ടർ ബഹു. ടോമി പുന്നത്താനത്തച്ചന്റെ നേതൃത്വത്തിൽ നടത്തുകയുണ്ടായി. രാവിലെ 9.30ന് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ പോൾ ആലപ്പാട്ട് ദീപം കൊളുത്തി ഉദ്ഘാടനം ചെയ്ത് വിശ്വാസപരിശീലകർക്ക് രാമനാഥപുരം രൂപതയുടെ പശ്ചാത്തലത്തിലുള്ള കൂട്ടുത്തരവാദിത്വത്തെക്കുറിച്ച് സംസാരിക്കുകയുണ്ടായി. റവ. ഫാ. വിത്സൻ തറയിൽ സി. എം.ഐ. ആയിരുന്നു ധ്യാനത്തിന് നേതൃത്വം നൽകിയത്. ഏകദേശം 186-ഓളം വിശ്വാസ പരിശീലകർ പങ്കെടുക്കുകയുണ്ടായി. ഇതിനായി നേതൃത്വം നൽകിയ എല്ലാവർക്കും നന്ദി. വിശ്വാസപരിശീലകരെ ഒരുക്കി അയച്ച എല്ലാ യൂണിറ്റ് ഡയറക്ടർമാർക്കും പ്രധാനാദ്ധ്യാപകർക്കും പ്രത്യേകം നന്ദിയും ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു.

**പി.ടി.എ. മീറ്റിംഗ് :** നവംബർ 17-ാം തീയതി സെന്റ് ജോസഫ് ചർച്ച് പൂമാർക്കറ്റിൽ വെച്ച് പി.ടി.എ. ഭാരവാഹികളുടെ യോഗം നടത്തുകയുണ്ടായി. പ്രസ്തുത യോഗം പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ടി. കെ. സിറിയക് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയുണ്ടായി. തുടർന്ന്, വരും വർഷങ്ങളിലേയക്കുള്ള ഭാരവാഹികളെ പ്രസ്തുത യോഗത്തിൽ വെച്ച് വിശ്വാസ പരിശീലന ഡയറക്ടർ റവ. ഫാ. ടോമി പുന്നത്താനത്തിന്റെ നേതൃത്വത്തിൽ തിരഞ്ഞെടുക്കുകയുണ്ടായി. മിഷൻ പ്രവർത്തനങ്ങളിൽ രക്ഷിതാക്കൾക്കുള്ള പങ്കിനെക്കുറിച്ച് റവ. സി. ലിൻസ എസ്.എ.ബി.എസ്. ക്ലാസ്സ് എടുക്കുകയുണ്ടായി. സ്ഥാനം ഒഴിഞ്ഞ ഭാരവാഹികളുടെയും പുതിയതായി ദൗത്യം ഏറ്റെടുത്തവരുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

<u>സ്ഥാനം ഒഴിഞ്ഞവർ</u>

| | | |
|---|---|---|
| പ്രസിഡന്റ് | – | ശ്രീ. സിജു ക്ലീറ്റസ് (സുളൂർ) |
| സെക്രട്ടറി | – | ശ്രീ. ടി.വി. ജോസ് (പോത്തന്നൂർ) |

<u>പുതിയതായി ചാർജ്ജെടുത്തവർ</u>

| | | |
|---|---|---|
| President | - | Mr. T. V. Jose (St. Clotilda Church, Podannur) Mob: 9047276010 |
| Vice- President | - | Mr. Mathew P. James (Lourde's Forane Church, Gandhipuram) Mob:9943339568 |
| Secretary | - | Mrs. Babitha Philjo (St. Mark's Church, Kuniyamuthur) Mob : 9047475050 |
| Joint - Secretary | - | Mrs. Linda Jojumon (St. Antony's Church, Viswasapuram) Mob : 9629969072 |
| Treasurer | - | Mr. Shaju Kodiyan (St. Sebastian's Church, Ukkadam) Mob : 9486772111 |
| Committee Members | - | a) Mrs. Gracy Mathew (Jeevan Jyothi Mission Centre, Chinnathottipalayam) Mob : 7708004554 |


b) Mrs. Jolly Johnson (Good Shephered Church, Karamadai)

പുതുതായി ചാർജ്ജെടുത്ത എല്ലാവർക്കും വിശ്വാസപരിശീലന യൂണിറ്റിന്റെയും രൂപതയുടെയും പ്രത്യേക നന്ദിയും പ്രാർത്ഥനാ മംഗളങ്ങളും നേരുന്നു. അതോടൊപ്പം പി.ടി.എ. യോഗത്തിനായി പള്ളി ഹാൾ ഒരുക്കി തന്ന പൂമാർക്കറ്റ് പള്ളി വികാരിയായ റവ. ഫാ. ഷിന്റോ പാറയിലിനും, പി.ടി.എ. അംഗങ്ങൾക്കും ഇടവകാംഗങ്ങൾക്കും നന്ദി അറിയിക്കുന്നു. ഏറെ തിരക്കുകൾ ഉണ്ടായിരുന്നിട്ടും തങ്ങളുടെ ഉത്തരവാദിത്വത്തോടും കുഞ്ഞുങ്ങളോടും ഉള്ള താല്പര്യത്തെക്കുറിച്ചും മനസ്സിലാക്കി ഈ മീറ്റിംഗിൽ പങ്കെടുത്ത എല്ലാ പി.ടി.എ. ഭാരവാഹികൾക്കും അവരെ പറഞ്ഞയച്ച ബഹു. വികാരിയച്ചന്മാർക്കും നന്ദി.

**ചിൽഡ്രൻസ് മിനിസ്ട്രി**

കൊടൈക്കനാൽ, ഉടുമൽപ്പേട്ട്, വാൽപ്പാറ യൂണിറ്റുകളിൽ ബഹു. റീജന്റ് ബ്രദേഴ്സിന്റെ നേതൃത്വത്തിൽ ചിൽഡ്രൻസ് മിനിസ്ട്രി നടത്തുകയുണ്ടായി. ഇതിനുവേണ്ടി ഏറ്റവും ഭംഗിയായി ക്രമീകരണങ്ങൾ ചെയ്ത ബഹു. വികാരിയച്ചന്മാർക്കും പ്രധാന അദ്ധ്യാപകർക്കും വിശ്വാസ പരിശീലകർക്കും മാതാപിതാക്കൾക്കും കൈക്കാരന്മാർക്കും സഹകരിച്ച ഓരോരുത്തർക്കും ഡയറക്ടറച്ചന്റെ പ്രത്യേക നന്ദി അറിയിക്കുന്നതോടൊപ്പം ദൈവാനുഗ്രഹങ്ങൾ ആശംസിക്കുന്നു.

**ആശംസ :** സമാധാനത്തിന്റെയും രക്ഷയുടെയും സന്ദേശം കൊണ്ടു വന്ന ക്രിസ്തുവിന്റെ ജനനത്തിരുനാൾ ആഘോഷിക്കുവാൻ ഒരുങ്ങുന്ന എല്ലാവർക്കും, പ്രത്യേകിച്ച് എല്ലാ കുഞ്ഞുമക്കൾക്കും ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും ആശംസകൾ നേർന്നുകൊള്ളുന്നു.



**സി. ആൻറോസ് SABS**
സെക്രട്ടറി

**ഫാ. ടോമി പുന്നത്താനത്ത്**
ഡയറക്ടർ

## രൂപതയുടെ മാതൃകാഭിമാനം



ഈ വർഷം മുതൽ ലോഗോസ് ക്വിസ് മത്സരത്തിൽ രൂപതാതലത്തിൽ ഒന്നാംസ്ഥാനം നേടിയ എല്ലാവർക്കും സമ്മാനം നൽകി ആദരിക്കുവാൻ ലോഗോസ് ക്വിസ് കമ്മീഷൻ തീരുമാനിച്ചിരിക്കുന്നു. ഇതിന്റെ ഭാഗമായി നമ്മുടെ രൂപതയിൽ നിന്നും ഒന്നാംസ്ഥാനം കരസ്ഥമാക്കിയ മേട്ടുപാളയം പള്ളി, സെന്റ് ജോസഫ് ഇടവകാംഗവും വിശ്വാസപരിശീലകയുമായ ശ്രീമതി രേഷ്മ ലാസർ ചീനാത്ത് അർഹയായിരിക്കുന്നു. ശ്രീമതി രേഷ്മ ലാസറിന് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ പോൾ ആലപ്പാട്ട് പിതാവിന്റെയും രൂപതാ ബൈബിൾ അപ്പസ്തോലേറ്റിന്റെയും വിശ്വാസപരിശീലനകേന്ദ്രത്തിന്റെയും മറ്റെല്ലാവരുടെയും അഭിനന്ദനങ്ങളും പ്രാർത്ഥനാമംഗളങ്ങളും നേരുന്നു. നവംബർ 24ന് മൗണ്ട് സെന്റ് തോമസ് കാക്കനാടിൽ വെച്ച് നടത്തുന്ന ചടങ്ങിൽ ക്യാഷ് അവാർഡും ഫലകവും നൽകി ആദരിക്കുന്നതാണ്.

# *Mater Dei* International School

### Annual Sports Day

The much awaited Annual Sports Day was held on 16th November, 2019 with great zeal and enthusiasm. The Chief Guest Dr. Muthu Saravana Kumar was received by the Correspondent and the Principal accompanied by band party. The program commenced with prayer song. The National Flag was unfuried by the Chief Guest and the school flag was hoisted by the Principal Mrs. Teresa George.

The chief Guest took the salute of the impressing March Past and the Olympic

lamp was lit by the sports captain and the chief guest declare the sports meet open. The Sports Captain Mr. Alan Chettiyar of Grade V administered the oath the children repeated it.

The display of yoga and mass drill by students, mesmerized the audience with their sparkling performance. The finals of track and field events of the students from LKG to Grade V took place. Prizes were given to the winners and trophies were given for the best march past and overall championship for the best house for their scintillating performance.

The program came to an end with vote of thanks followed by National Anthem.

**Diwali**

The festival of Diwali, the festival of lights was celebrated on 25th October, 2019. The corridors were lit with diyas and lanterns. This year we had a green Diwali, without fire works. The celebration came to an end after the distribution of laddus to the students.

**Fr. Dearin Pallikunnath**
Correspondent

**Mrs. Treasa George**
Principal

# ജീവൻ ജ്യോതി സെന്റർ

- ജപമാല മാസത്തിന്റെ അവസാനദിനത്തിൽ പരി. അമ്മയോടുള്ള ഭക്തിവളരുന്നതിനും വിശ്വാസത്തിൽ ആഴപ്പെടുവാനും വേണ്ടി ആഘോഷമായ ജപമാല പ്രദക്ഷിണവും തുടർന്ന് ദിവ്യബലിയും നടത്തപ്പെട്ടു. വ്യത്യസ്തങ്ങളായ ജപമാലകൾ കൂട്ടിചേർത്ത് ജപ മാല പ്രദർശനവും അന്നേ ദിവസത്തിന്റെ മാറ്റ് കൂട്ടി.
- സകല മരിച്ചവരുടെയും ഓർമ്മ ആചരിക്കുന്ന ദിവസമായ നവംബർ 2-ാം തീയതി മരിച്ചവർക്കുവേണ്ടിയുള്ള വി. കുർബാനയും തുടർന്ന് നവീകരിച്ച സിമിത്തേരിയിൽ ഒപ്പീസും റവ. ഫാ. ജിയോ കുന്നത്തു പറമ്പിലിന്റെ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.
- അസാധാരണ മിഷൻ ഞായറിന്റെ തീക്ഷ്ണത ഒട്ടും കുറയാതെ ആദ്യമായി നവംബർ 3-ാം തീയതി മിഷൻ ഞായർ ആഘോഷിച്ചു. മിഷൻ ഞായറിന്റെ ഭാഗമായി വി. കുർബാനയും മിഷൻ ഞായർ ലേലവും നടത്തപ്പെട്ടു.
- വി. സഖറിയ, വി. എലിസബത്ത് എന്നിവരുടെ തിരുനാൾ ദിനമായ നവംബർ 5-ാം തീയതി ക്ലെയർ ഇല്ലത്തിൽ ശുശ്രൂഷ ചെയ്യുന്ന റവ. സി. ലിസിയുടെ നാമഹേതുക തിരുന്നാൾ ആഘോഷിച്ചു.
- ഗ്രാമീണ കുട്ടികളെ വളർത്തുവാനും ജീവിത ദർശനങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ജീവിക്കുവാനുമായി നവംബർ 10-ാം തീയതി ശിശു

ദിനം ആഘോഷിച്ചു. നാല് ഗ്രാമങ്ങളിൽ നിന്നും 50 കുട്ടികൾ പങ്കെടുക്കുകയും കുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് ബോധവത്ക്കരണം നടത്തുകയും ചെയ്തു.

**ഫാ. ജിയോ കുന്നത്തുപറമ്പിൽ**
ഡയറക്ടർ

# മദർ തെരേസ പീസ് ഹോം

മദർ തെരേസാ പീസ്ഹോമിൽനിന്നും ആശംസകൾ!
എല്ലാവർക്കും ആഗതമാകുന്ന ക്രിസ്തുമസ്സിന്റെ ആശംസകൾ ഒത്തിരി സ്നേഹത്തോടെ നേരുന്നു. നിങ്ങളുടെ ക്രിസ്തുമസ്സ് ദൈവാനുഗ്രഹങ്ങൾ നിറഞ്ഞതാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.
**ഉണ്ണീശോയ്ക്കൊരു സമ്മാനം :** നിങ്ങളുടെ ക്രിസ്തുമസ്സ് ആഘോഷങ്ങളിൽ മദർ തെരേസാ പീസ്ഹോമിലെ കുഞ്ഞുങ്ങളെ ഓർക്കുകയും ഉൾപ്പെടുത്തുകയും ചെയ്യണമെന്ന് ഓർമ്മപ്പെടുത്തുന്നു.
**ഓർമ്മിക്കാൻ**
പീസ് ഹോമിൽ സേവനത്തിന് വരാൻ താല്പര്യമുള്ള അമ്മമാർ 8220822936 എന്ന നമ്പറുമായി ബന്ധപ്പെടാൻ ശ്രമിക്കുമല്ലോ. 1, 2, 3, 6, 8, 9, 10, 11, 12, 15, 16, 18, 28, 29, 30, 31 തീയതികളിൽ സേവനത്തിന് വരാൻ ആരും ഇല്ല. സാധിക്കുന്നവർ ഈ ദിവസങ്ങളിൽ arrange ചെയ്യണം.
ക്രിസ്തുമസ്സിന് സാധനങ്ങളായി ആരെങ്കിലും സഹായിക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ ഇവിടെ അത്യാവശ്യ സാധനങ്ങൾ എന്തെന്ന് വിളിച്ച് ചോദിച്ച് അത് വാങ്ങിക്കൊണ്ടുവരണമെന്ന് അപേക്ഷിക്കുന്നു.
ബന്ധപ്പെടേണ്ട നമ്പർ : 8220822936
**ഒക്ടോബർ മാസത്തിലെ സഹായ ഹസ്തങ്ങൾ**

| | | |
|---|---|---|
| 1. | Lions Club of Tirupur | 5000/- |
| 2. | Riju & Riya, CBE | 500/- |
| 3. | Linda Francis, Thrissur | 4000/- |
| 4. | Andavar Selvam, Tirupur | 5000/- |
| 5. | Graceamma, Tirupur | 500/- |
| 6. | Treesa Fernandas | 500/- |
| 7. | Sinto Davis, CBE | 1000/- |
| 8. | P D Jose, Tirupur | 3000/- |
| 9. | Rejo Kurian, Tirupur | 5000/- |
| 10. | Mr. Prem Samuel, Tirupur | 2000/- |
| 11. | Manuel Joseph, CBE | 7500/- |
| 12. | Console Shopping Services India, Tirupur | 5000/- |

| | | |
|---|---|---|
| 13. | Lissy Thomas, Erode | 4000/- |
| 14. | Rosy Rappai, Thrissur | 7020/- |
| 15. | Jithin Jose, Thrissur | 5253/- |
| 16. | Shainto Padinjakara, Chalakudy | 10579/- |
| 17. | Mrs. Martha. R | 500/- |
| 18. | Mathew Gregory, Changanassery | 1000/- |
| 19. | Elizabeth Hilda. P | 7000/- |
| 20. | Mary Baby, Valparai | 750/- |
| 21. | Anju A, Valparai | 500/- |
| 22. | Fr. Antony Raj, Puklipalayam, Tirupur | 1000/- |
| 23. | Mr. Pramod, Tirupur | 1600/- |
| 24. | Mr. Sebin P G, Anoor | 500/- |
| 25. | Mr. E J Biju, Pollachi | 5000/- |
| 26. | Ganeshan, Tirupur | 1006/- |
| 27. | Lazar, Tirupur | 1006/- |
| 28. | T. Augustin Polly | 10000/- |
| 29. | A Well Wisher | 1000/- |
| 30. | Princy Jenitta, Tirupur | 5000/- |
| 31. | George, C/o Little flower Schoor, Tirupur | 10000/- |
| 32. | George, Thrissur | 3000/- |
| 33. | Mr. Joseph Samuel | 6350/- |
| 34. | Jobin, Thrissur | 10000/- |
| 35. | Mercy Enterprises | 500/- |

**ഒക്ടോബർ മാസത്തിൽ സേവനത്തിന് വന്നവർ**

1. Lourde Forane Church, Gandhipuram
2, St. Mark Church, Kuniamuthur
3. St. Antony's Church, Viswasapuram
4. Holy Trinity Cathedral, Ramanathapuram
5. Lourde Matha Church, Erode
6. St. Mary's Mission Centre, Annoor
7. Little Flower Church, Saibaba Colony
8. Mount Carmel Church, Tirupur

**സേവനത്തിന് വന്ന കുടുംബങ്ങൾ**

1. Aloshi & Family, Tirupur

2. Lazar & Family, Tirupur CSI Church
3. Samuel Prem & Family, Tirupur CSI Church
4. Rooban & Family, Tirupur CSI Church

**Fr. Vineeth O'praem,** Director  **Sr. Shainty SNDS,** Superior




**Office Number : 9786137938**

**05-11-19 :** സാന്തോം സോഷ്യൽ സർവ്വീസിന്റെ ജനറൽബോഡി മീറ്റിംഗ് 5-ാം തീയതി നടത്തി. മീറ്റിംഗിൽ, നടത്തിയ പ്രവർത്തനങ്ങളെ പറ്റിയും, ഭാവിയിൽ നടത്താൻ പോകുന്ന പ്രവർത്തനങ്ങളെപ്പറ്റിയും, ഭാവിയിൽ നടത്താൻ പോകുന്ന പ്രവർത്തനങ്ങളെപ്പറ്റിയും വിശദമായി പരാമർശിച്ചു. കാൻസർ ബോധവത്ക്കരണ സെമിനാർ നടത്തുവാൻ നിശ്ചയിച്ചു.

**07-11-19 :** സ്ത്രീശാക്തീകരണത്തിന്റെ ഭാഗമായ Free Tailoring Course 7-ാം തീയതി ആരംഭിച്ചു. 8 പേർ ഇപ്പോൾ ഇത് പഠിച്ചുകൊണ്ടിരിക്കുന്നു. ഇത് പത്താമത്തെ ബാച്ചാണ്.

**10-11-19 :** റീജണൽ ഓഫീസിൽ ചിൽഡ്രൻസ് ഡേ ആഘോഷങ്ങൾ ഏറ്റവും ഭംഗിയായി, സന്തോഷപ്രദമായി നടത്തി. 50 കുട്ടികൾ ഇതിൽ പങ്കെടുത്തു. കലാപരിപാടികളും പലതരത്തിലുള്ള മത്സരങ്ങളും നടത്തി. വിജയികളായവർ ബാഗ് നിറയെ സമ്മാനങ്ങളുമായി വീടുകളിലേക്ക് തിരിച്ചുപോയി.

**ഫാ. ജിയോ കുന്നത്തുപറമ്പിൽ,** ഡയറക്ടർ




## A. ചിൽഡ്രൻസ് മിനിസ്ട്രി

ചിൽഡ്രൻസ് മിനിസ്ട്രിയുടെ എല്ലാ കുട്ടികൾക്കും ഡിസംബർ മാസത്തിലെ എല്ലാ പ്രവർത്തനങ്ങളിലേക്കും സ്വാഗതവും ദൈവാനുഗ്രഹവും ആശംസിക്കുന്നു. ഡിസംബർ 3 വി. ഫ്രാൻസിസ് സേവ്യറിന്റെയും, ഡിസംബർ 27 തിരുക്കുടുംബത്തിന്റെയും തിരുനാളിന്റെ എല്ലാവിധ മംഗളങ്ങളും എല്ലാവർക്കും നേരുന്നു.

## B. ചെറുപുഷ്പ മിഷൻ ലീഗ്

ഡിസംബർ 25ന് നാം ക്രിസ്തുമസ്സ് ആഘോഷിക്കുകയാണല്ലോ. ഈശോയുടെ ജനനത്തിരുനാളിനായി എല്ലാവരും ഒരുങ്ങുമല്ലോ. നോമ്പിലും ഉപവാസത്തിലും മറ്റുള്ളവരെ സഹായിക്കുവാനും ക്രിസ്തുമസ്സിന്റെ സന്ദേശം അവരിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ! നോമ്പിലെ എല്ലാദിവസവും ബലിയിൽ പങ്കെടുക്കുവാൻ ശ്രമിക്കുമല്ലോ.

## C. അൾത്താരസംഘം

അൾത്താര ബാലന്മാരെല്ലാവർക്കും നല്ലൊരു ക്രിസ്തുമസ്സും ഒരു പുത്തനുണർവ്വിന്റെ പുതുവത്സരവും ആശംസിക്കുന്നു. എല്ലാവരും ക്രിസ്തുമസ്സിന് ഉണ്ണിയേശുവിന് സുകൃതങ്ങളാൽ കുഞ്ഞുടുപ്പ് തീർക്കുവാൻ മറക്കല്ലേ... അനുദിന ബലിയർപ്പണത്തിൽ മുടക്കം വരുത്തരുതേ...

## D. തിരുബാലസഖ്യം

"ഉണ്ണീശോയെ എന്റെ ഹൃദയത്തിൽ പിറക്കണമേ" എന്ന സുകൃത ജപം ചൊല്ലി ക്രിസ്തുമസ്സിനായി നമുക്കൊരുങ്ങാം. ഇതുപോലെയുള്ള സുകൃതജപങ്ങളാൽ ഉണ്ണിയേശുവിന്, തണുപ്പിൽ ഉടുക്കാനുള്ള കമ്പിളി ഉടുപ്പ് തീർക്കുവാൻ മാതാപിതാക്കൾ കുഞ്ഞുമക്കളെ സഹായിക്കുമല്ലോ!

ഡിസംബർ 28ന് കുഞ്ഞുപൈതങ്ങളുടെ ദിനമാണല്ലോ. അന്നേദിവസത്തിന്റെ പ്രാർത്ഥനാമംഗളങ്ങളും കുഞ്ഞുമക്കൾക്ക് നേർന്നുകൊള്ളുന്നു.

**ഫാ. ടോമി പുന്നത്താനത്ത്,** ഡയറക്ടർ



# പിതൃവേദി

രാമനാഥപുരം രൂപതാ പിതൃവേദിയുടെ നേതൃത്വത്തിൽ അംഗങ്ങളുടെ രൂപതാതലത്തിലുള്ള കലാമത്സരങ്ങൾ 2019 ഡിസംബർ 1 ഞായറാഴ്ച ഉച്ചയ്ക്ക് 2.30ന് രൂപതാ പാസ്റ്ററൽ സെന്റർ (ചിന്താമണിപ്പുതൂർ) വച്ച് നടത്തപ്പെടുന്നു. എല്ലാ ഇടവകകളിലെയും പിതൃവേദി അംഗങ്ങൾ മത്സരങ്ങളിൽ പങ്കുചേർന്ന് കലാവാസനകൾ വളർത്താനും അപ്പന്മാരുടെ കൂട്ടായ്മ വളർത്താനും ആത്മാർത്ഥമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**മത്സര ഇനങ്ങൾ**

1. കരോൾ ഗാനമത്സരം : 5 മിനിട്ട് (മിനിമം 10 പേർ, മാക്സിമം 30 പേർ പങ്കെടുക്കാം)
2. മോണോ ആക്ട് : 5 മിനിട്ട്
3. ഫാൻസി ഡ്രസ്സ് : 5 മിനിട്ട്

**പൊതുനിബന്ധനകൾ**

1. വി. ഗ്രന്ഥം അടിസ്ഥാനമാക്കിയുള്ള പ്രമേയമായിരിക്കണം അവതരിപ്പിക്കേണ്ടത്. അവയുടെ സൂചിക (Reference) നല്കേണ്ടതാണ്.

2. ഒരു മത്സരത്തിലും മൈക്ക്, സംഗീതോപകരണങ്ങൾ, പശ്ചാത്തല സംഗീതം എന്നിവ പാടില്ല.

3. നവംബർ 25-ാം തീയതിയോടുകൂടി മത്സരാർത്ഥികളുടെ പേരുകൾ ഇടവകയിലെ ഡയറക്ടറച്ചൻ/ വികാരിയച്ചൻ സാക്ഷ്യപത്രത്തോടുകൂടി രജിസ്ട്രേഷൻ ഫീസ് സഹിതം രൂപതാഭരണസമിതിയെ ഏൽപ്പിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് താഴെപറയുന്നതാണ്.
കരോൾ ഗാനം രൂ. 600/, മോണോ ആക്ട് രൂ. 100/- (വ്യക്തിയ്ക്ക്), ഫാൻസി ഡ്രസ്സ് രൂ. 100/- (വ്യക്തിയ്ക്ക്)

4. കരോൾ ഗാനമത്സരത്തിന് ഒരു ടീമും വ്യക്തിഗത ഇനങ്ങളായ മോണോ ആക്ട്, ഫാൻസി ഡ്രസ്സ് എന്നിവയ്ക്ക് രണ്ടുപേർ വീതവും ഒരു ഇടവകയിൽനിന്നും മത്സരിക്കാവുന്നതാണ്.

5. ഒരു ഇനത്തിൽ 3 ടീമുകൾ മത്സരിക്കുന്നതിന് രജിസ്റ്റർ ചെയ്തില്ലെങ്കിൽ ആ ഇനം മത്സരത്തിൽനിന്നും ക്യാൻസൽ ചെയ്യുന്നതായിരിക്കും.

6. ഇടവകയിൽനിന്നും അംഗങ്ങളുടെ പട്ടിക (members list) യിൽ പേരില്ലാത്തവർക്ക് മത്സരിക്കാൻ സാധിക്കുകയില്ല. ആയതിനാൽ ഇടവകയിലെ പിതൃവേദി അംഗങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി വികാരിയച്ചന്റെ ഒപ്പോടുകൂടി രജിസ്ട്രേഷനു മുമ്പായി രൂപതാഭരണ സമിതിയെ ഏൽപ്പിക്കേണ്ടതാണ്.

7. കലാമത്സരങ്ങളുടെ നടത്തിപ്പിനെക്കുറിച്ചുള്ള പരാതികൾ ഉണ്ടായാൽ പിതൃവേദി രൂപതാ ഭരണസമിതിയുടെ തീരുമാനം അന്തിമമായിരിക്കും.

**ഫാ. ജോസഫ് ആലപ്പാടൻ,** ഡയറക്ടർ

# ഫാമിലി അപ്പോസ്തലേറ്റ്

ഫാമിലി അപ്പസ്തോലേറ്റ് കോർകമ്മിറ്റി മീറ്റിംഗ് 15-11-2019 റവ. ഫാ. ജോർജ്ജ് ചെറുവത്തൂരിന്റെ അദ്ധ്യക്ഷതയിൽ കൂടി. 2018-19 വർഷത്തെ കണക്കിന്റെ തെരട്ട് വായിച്ച് പാസ്സാക്കി. ഡിസംബർ 26ന് ജൂബിലിയേറിയൻസ് മീറ്റ് പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തുന്നു. എല്ലാ ഇടവകകളിലും നിന്ന് 25, 50 വർഷത്തെ വിവാഹ വാർഷികം ആഘോഷിക്കുന്നവർ 30-11-2019ന് മുമ്പായി പേര് രജിസ്റ്റർ ചെയ്യുവാൻ താല്പര്യപ്പെടുന്നു.
ബന്ധപ്പെടേണ്ട നമ്പർ : 9496126670, 9447468387

ഫാമിലി അപ്പോസ്തലേറ്റിന്റെ അടുത്തവർഷത്തെ Year Planഉം മീറ്റിംഗിൽ തയ്യാറാക്കി.

3. 18-11-2019 തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 3.00 മണിക്ക് എസ്.എം.ആർ.സി. എക്സിക്യൂട്ടീവ് മീറ്റിംഗ് ഉക്കടം ഹോളിഫാമിലി കോൺവെന്റിൽ കൂടി. വി. കുർബാന ടെക്സ്റ്റ് നവീകരണത്തോടനുബ

ന്ധിച്ച് പഠിച്ചിരുന്ന കരട് രൂപം വായിച്ച് ചർച്ച ചെയ്ത് അഭിപ്രായം രൂപതാ ലിറ്റർജി കമ്മിറ്റിയ്ക്ക് നല്കി.

**ഫാ. ജോർജ്ജ് ചെറുവത്തൂർ,** ഡയറക്ടർ



## നവീകരണ മുന്നേറ്റം

**ഏകദിനധ്യാനം :** ഡിസംബർ മാസത്തെ ഏകദിനധ്യാനം 7-ാം തീയതി ശനിയാഴ്ച ഗാന്ധിപുരം ലൂർദ്ദ് ഫൊറോന ദൈവാലയത്തിൽ വച്ച് നടത്തപ്പെടുന്നു. അന്നേദിവസം ശുശ്രൂഷയ്ക്ക് നേതൃത്വം വഹിക്കുന്നത് ഫാ. ഡൊമിനിക് ഐപ്പൻപറമ്പിൽ ആയിരിക്കും. രാവിലെ 9.30 മണിമുതൽ ഉച്ചകഴിഞ്ഞ് 3.30 വരെയുള്ള ധ്യാനത്തിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുവാൻ എല്ലാവരും എത്തിച്ചേരുക.

**ജാഗരണ പ്രാർത്ഥന :** ഡിസംബർ മാസത്തെ ജാഗരണ പ്രാർത്ഥന രാമനാഥപുരം ഹോളിട്രിനിറ്റി കത്തീഡ്രലിൽ വെച്ച് 13-ാം തീയതി വെള്ളിയാഴ്ച വൈകിട്ട് 9 മണിക്ക് ആരംഭിച്ച് 14-ാം തീയതി ശനിയാഴ്ച പുലർച്ചെ 2 മണിക്ക് വി. കുർബാനയോടുകൂടി സമാപിക്കും. അന്ന് നമുക്കുവേണ്ടി വചനം പങ്കുവയ്ക്കുന്നത് ബേബിച്ചൻ ചാലക്കുടി ആയിരിക്കും.

- എല്ലാ ബുധനാഴ്ചകളിലും ഉക്കടം സെന്റ് സെബാസ്റ്റ്യൻ ദേവാലയത്തിൽ രാവിലെ 10 മണിമുതൽ ഉച്ചകഴിഞ്ഞ് 3 മണിവരെ ഉപവാസ പ്രാർത്ഥന നടക്കുന്നു. പ്രാർത്ഥനാശുശ്രൂഷകളിൽ പങ്കുചേർന്ന് അനുഗ്രഹം പ്രാപിക്കുവാൻ ഏവരേയും യേശുനാമത്തിൽ സാദരം ക്ഷണിക്കുന്നു.

**ഫാ. ജോസഫ് പുത്തൂർ,** ഡയറക്ടർ



## എസ്. എം. ആർ. സി.

**1. ഹോളിഫാമിലി ഹയർസെക്കന്ററി സ്കൂൾ, ഉക്കടം**

സ്കൂളിൽ ശിശുദിനാഘോഷം നടത്തി. കുട്ടികൾക്ക് മധുരപലഹാരം നല്കി. അധ്യാപകരുടെ കലാപരിപാടികളിലൂടെ കുട്ടികൾക്ക് മൂല്യബോധം നല്കി. അന്നേദിനം 3 മുതൽ 10 വരെയുള്ള എല്ലാ കുട്ടികൾക്കും അവരുടെ Ambiton അനുസരിച്ച് കരിയർ ഗൈഡൻസ് ക്ലാസ്സ് കൊടുത്തു.

- സ്കൂളിൽ 7-ാം ക്ലാസ്സിൽ പഠിക്കുന്ന ഹരിഹരൻ എന്ന വിദ്യാർത്ഥിക്ക് കാരം ബോർഡ് മത്സരത്തിൽ സ്റ്റേറ്റിലേക്ക് സെലക്ഷൻ കിട്ടി.
- വി. മറിയം ത്രേസ്യായുടെ തിരുനാൾ എല്ലാ ഹോളിഫാമിലി സ്കൂളുകൾ ആഘോഷിച്ചു.

**സി. മോളി ജോസ് CHF,** സെക്രട്ടറി

# വിവിധ പള്ളികളിലെ കുർബാന സമയം

**ഹോളി ട്രിനിറ്റി കത്തീഡ്രൽ** : Sunday 6.00am, 8.30am, 11.00am, 5.00pm, Monday-Saturday 6.00am, 6.00pm On Fridays Adoration 6.00am - 6.00pm, Holy Rosary before everyday Mass

**കാരുണ്യമാതാ ചർച്ച്, കാരുണ്യ നഗർ :** Sunday 8.30am, Rosary every day at 6.30pm

**സെന്റ് ജോസഫ് മിഷൻ സെന്റർ (SITRA) :** Sunday 8.30am, Tuesday 6.30pm

**സെന്റ് പോൾസ്, പൊള്ളാച്ചി** : Sunday 6.15 am, 9.30am , Monday, Tuesday, Wednesday, Thursday, Saturday 6.15am - Friday 5.30pm, Novena, Qurbana, Adoration, Saturday 6.15am, Qurbana, Novena

**സെന്റ് എലിസബത്ത് സൂലേശ്വരംപ്പട്ടി** : Sunday : Vadavally 6.45 am, R.S. Puram 8.30am Monday, Tuesday, Wednesday, Thursday, Saturday 6.15am, Friday 6.15pm, First Friday 6.00pm: വി. കുർബാന, ആരാധന

**സെന്റ് സെബാസ്റ്റ്യൻ, ഉക്കടം** : Sunday 6.00am, 7.30am Monday to Thursday & Saturday 6.15am Friday 5.30pm Mass & Adoration

**സെന്റ് ക്ലൊത്തിൽഡ, പോത്തന്നൂർ :** Sunday 7.00am & 9.00am, Monday to Saturday 6.15am, First Friday 6.15pm

**സെന്റ് ജോസഫ്, പൂമാർക്കറ്റ്** : Vadavally : Sunday 6.45am Poomarket : Sunday 8.30am, Monday to Saturday - 6.15am First Friday 6.00pm

**സെന്റ് മാർക്ക് ചർച്ച്, കുനിയമുത്തൂർ** : Monday, Tuesday & Saturday 6.30am, Other days - 6.30pm Sunday 6.30am & 9.30am

**പുന്നശ്ശേരി നെസ്റ്റ്, എട്ടിമടൈ** : Sunday 7.45am

**ലൂർദ്ദ് ഫൊറോന, ഗാന്ധിപുരം** : Sunday 6.30am, 8.30am, 10.30am, 5.30pm Monday - Saturday 6.15am, Monday - Saturday 6.00pm

**ഹോളിഫാമിലി മിഷൻ സെന്റർ, ഗണപതി** : Sunday 8.00am

**ഇൻഫന്റ് ജീസ്സസ്, ഇടയാർപാളയം** : Sunday 6.00am, 8.30am; Mon, Tue, Wed, Sat - 6.15 am; All Thursdays 10.15am (Tamil), 6.00pm and Novena to Infant Jesus; All Fridays adoration 7.00am to 6.00pm; All last Thursday evening Bible Convention - 5.30pm - 9.00pm

**സെന്റ് ജോസഫ്, കൗണ്ടംപാളയം** : Sunday 6.30am, 8.00am; Monday - Saturday : 6.15am Wednesday & Friday (2nd Qurbana) : 6.30pm

**സെന്റ് ആന്റണീസ്, വിശ്വാസപുരം** : Sunday 6.30am & 8.30am, Monday, Tuesday, Wednesday 6.15am; Thursday, Friday, Saturday 6.15pm

**വി. ജോൺപോൾ മിഷൻ സെന്റർ പെരിയനായ്ക്കൻപാളയം:** Sunday 8.00am & Saturday 5.00pm

**ഗുഡ് ഷെപ്പേർഡ് ചർച്ച്, കാരമടൈ** : Sunday 8.00am - Monday to Thursday 6.15am, Friday 6.00pm, Saturday 6.15am, Novena

**ലിറ്റിൽ ഫ്ളവർ, സായിബാബ കോളനി** : Sunday 6.15am, 8.30am, Tuesday & Friday - 6.15am & 6.00pm, Other days 6.15am

**സെന്റ് തോമസ്, സൂളൂർ** : Sunday 8.00am, Tuesday - Saturday 5.30pm

**ജീവൻ ജ്യോതി മിഷൻ സെന്റർ, ചിന്നത്തൊട്ടിപ്പാളയം** : Sunday 7.30am, Monday to Saturday 6.30am, Wednesday 6.30pm

**മൗണ്ട് കാർമ്മൽ ചർച്ച്, തിരുപ്പൂർ** : Sunday 6.30am, 8.30am, Monday to Saturday 6.15am, Adoration- Every Friday 5.45am

**സെന്റ് ആന്റണീസ്, കാങ്കയം** : Sunday 7.30am

**സെന്റ് ആന്റണീസ് മിഷൻ സെന്റർ, ചെന്നിമലൈ** : Sunday 8.00am Monday, Wednesday to Saturday 6.45am, Tuesday : 6.00pm

**സെന്റ് ജൂഡ് മിഷൻ സെന്റർ, ധാരാപുരം** : Sunday : 7.30am, Friday : 6.30pm & Saturday : 6.30am

**ലൂർദ്ദ്മാതാ ഫൊറോന, ഈറോഡ്**: Sunday8.30am - 10.30am, Monday - Friday 6.30am, Saturday 6.00pm, First Friday - 6.30pm

**സെന്റ് ആന്റണീസ്, ശാസ്ത്രീനഗർ** : Sunday 7.00am - Tuesday 6.30pm Novena, Saturday 6.30pm

**മാതാകോവിൽ, ഈറോഡ്**: Sunday 4.00pm

**സെന്റ് ആന്റണീസ്, കരൂർ** : Sunday 8.00am, Wednesday - Saturday 6.45am

**സെന്റ് ജോസഫ്, മേട്ടുപാളയം** : Sunday 8.30am, Monday, Tuesday, Thursday, Saturday - Adoration 5.30am & Qurbana 6.15am, Wednesday & Friday 6.00pm

**സെന്റ് അൽഫോൻസ മിഷൻ സെന്റർ, മേട്ടുപാളയം** : Sunday 6.30am

**സെന്റ് മേരിസ് മിഷൻ സെന്റർ, അന്നൂർ** : Monday to Saturday 6.15am, Sunday 7.30am

**സെന്റ് സെബാസ്റ്റ്യൻ, ഉദുമൽപ്പേട്ട്** : Sunday 8.00am - Monday to Saturday 6.15am; Friday 5.30pm - 6.30pm Adoration, Holy Mass 6.30pm

**സെന്റ് അൽഫോൻസ മിഷൻ സെന്റർ, പല്ലടം** : Sunday 7.00am, Tuesday & Friday 5.30pm

**സെന്റ് മേരീസ് ചർച്ച്, സേലം** : Weekday: Adoration - 6.00am, Holy Mass 6.30am; First Friday -6.30pm, Saturday - Holy Mass & Novena 7.00pm; Sunday Youth Mass - 7.15am; 9.30am, 11.15am; At Namakkal - 4.00pm; Every 2nd Friday Night Vigil - 6.30pm

**ക്രിസ്ത്യൻ എഞ്ചിനിയറിംഗ് കോളേജ്, ഒട്ടംചിത്ര** : Sunday 11.30am

**സെന്റ് അൽഫോൻസ സീറോമലബാർ മിഷൻ സെന്റർ, കൊടൈക്കനാൽ** : Sunday 7.30am

**ഹോളി റെഡീമർ ബസലിക്ക, പാലക്കരൈ, ട്രിച്ചി** : Sunday 7.15am

**സെന്റ് ജെയിംസ് ചർച്ച്, മെഴുക്കുപ്പാറ, ട്രിച്ചി** : Sunday 9.30am

**NIT, ട്രിച്ചി** : Sunday 11.30am

**സെന്റ് മദർ തെരേസ സീറോമലബാർ മിഷൻ സെന്റർ, തഞ്ചാവൂർ** : Sunday 7.00am

**സെന്റ് ലിറ്റിൽ ഫ്ളവർ, ദിണ്ടിഗൽ** : Sunday 7.45am

## SNIPPETS

| | | |
|---|---|---|
| 1. | Starting of the Coimbatore Mission | 29th April 1955 |
| 2. | Formation of Coimbatore Forane | Nov. 1973 |
| 3. | Erection of the Eparchy of Palghat | 20th June 1974 |
| 4. | Inauguration of the Eparchy of Palghat | 8th Sept 1974 |
| 5. | Inauguration of the Coimbatore Region and Formation of 3 Foranes | 1st May 2008 |
| 6. | Erection of the Eparchy of Ramanathapuram | 18th Jan 2010 |
| 7. | Inauguration of the Eparchy of Ramanathapurm & Episcopal Ordination o f Msgr. Paul Alappatt | 11th April 2010 |
| 8. | Inauguration of the Ist Pastoral Council | 29th April 2010 |
| 9. | Ist Eparchial Day & Releasing of the Eparchia Logo and Anthem (Chief Guest: Mar Andrews Thazhath, Metropolitan Archbishop of Trichur) | 4th July 2010 |
| 10. | Inauguration & Blessing of Eparchial Catechetical Centre (Gandhipuram) & Animation Centre (Ukkadam) (Temporary) | 12th October 2010 |
| 11. | Blessing of the Arokiamatha Chapel, Pollachy | 18th October 2010 |
| 12. | Blessing & Inauguration of "Santhom Creations", Tirupur | 25th October 2010 |
| 13. | Blessing foundation Stone for the Eparchial Minor Seminary (H.E. Mar Jacob Manathodath) | 06th January 2011 |
| 14. | Inauguration of the 2nd Pastoral Council | 11th June 2011 |
| 15. | Inauguration of "St. Mary's Minor Seminary", at temporary building in Edayapalayam | 12th June 2011 |
| 16. | Releasing of the 1st Diocesan Directory (Mar Bosco Puthur) | 03rd July 2011 |
| 17. | Inauguration of the Mission Year | 10th Sept. 2011 |

| | | |
|---|---|---|
| 18. | Inauguration of the Diocesan Website | 10th Sept. 2011 |
| 19. | Consecration of the Karunya Matha Church Karunya Nagar (Perur) | 08th Dec. 2011 |
| 20. | Erection of the Parish Udumalpet | 07 Jan. 2012 |
| 21. | Starting of the Dharapuram Mission | 4th March 2012 |
| 22. | Blessing of the Presbytery, Karamadai | 06th May 2012 |
| 23. | The Pastoral visit of the Major Archbishop Mar George Cardinal Alencherry | 6th-8th July 2012 |
| 24. | 03rd Eparchial day | 8th July 2012 |
| 25. | Blessing of the foundation stones for Bishop's House & Pastoral Centre by the Major Archbishop | 8th July 2012 |
| 26. | Erection of the Parish Sulur Aero | 15th July 2012 |
| 27. | Inauguration of the Eparchial Santhom Social Service Society | 18th August 2012 |
| 28. | Laying foundation Stone for the Minor Seminary at Kozhinjampara | 18th January 2013 |
| 29. | Consecration of the Good Shepherd Church, Karamadai | 20th January 2013 |
| 30. | Starting of Vadavally Mission | 10th February 2013 |
| 31. | Starting of Ettimada Mission | 17th February 2013 |
| 32. | Starting of St. Alphonasa Mission, Edayarpalayam (Mettupalayam) | 03rd March 2013 |
| 33. | Starting of Athipalayam Pirivu Mission(Ganapathy, Gandhipuram) | 11th August 2013 |
| 34. | Starting of Sowripalayam Mission | 20th October 2013 |
| 35. | Consecration of the St. Judes Church, Dharapuram | 21st Dec. 2013 |
| 36. | Sifting of the Minor Seminary to the New building in Vadakkukadu (Kozhinjampara) | 06th Jan 2014 |
| 37. | Consecration of St. Alphonsa Church, Palladam | 1st Feb 2014 |
| 38. | Starting of Holy Mass at Peelamedu (Sitra) | 2nd Feb 2014 |
| 39. | Blessing of Presbytery, Dharapuram | 23rd Feb 2014 |
| 40. | Perpetual Adoration Centre at Lourde Forane Church, Gandipuram | 8th Dec 2014 |
| 41. | Laying foundation stone for Mother Theresa Peace Home, Tirupur | 11th Apr 2015 |
| 42. | Laying foundation stone for the new church at Kuniamuthur | 25th Apr 2015 |
| 43. | "Samarpithavarsham" at Ramanathapuram Cathedral in connection with the year of the Consecrated (2014 Nov. 30-2016 Feb.02) | 14th Jun 2015 |
| 44. | Laying Foundation Stone for the Community hall at "Rosary Garden" (RNM) | 11th Aug 2015 |
| 45. | Laying of the Foundation stones for Bishop's house and Pastoral Centre (by Mar Paul Alappatt) | 06th Nov 2015 |
| 46. | Formal blessing & inauguration of St. Mary's Minor Seminary, Vadakkukad (Pollachi) by Mar Andrews Thazhath, Metropolitan Archbishop of Trichur | 08th Dec 2015 |
| 47. | Opening of the "Door of Divine Mercy" at Cathedral | 13th Dec 2015 |
| 48. | 2nd Diocesan Bible convention at Ramanathapuram (Alvernia School Ground) | 18-22nd Dec 2015 |
| 49. | Protest rally & Meeting at Ramanathapuram against attach on a priest and three lay people in the diocese | 07th Feb 2016 |
| 50. | Blessing of the first phase of the Mother Theresa Peace Home | |
| 51. | Blessing & laying of the foundation stone for St. John Paul Mission centre, Periyanaickampalayam (Bishop Paul Alappatt) | 23rd May 2016 |
| 52. | Blessing of the grotto, Kindergarten section & Kids park, at St. Joseph's school, Jadayampalayam (Bishop Paul Alappatt) | 07-6-2016 |
| 53. | Formal blessing & inauguration of Mater Dei ICSE school at temporary building in Singanalloor (Bishop Paul Alappatt) | 09-6-2016 |

| | | |
|---|---|---|
| 54. | The first feast of St. Mother Theresa of Kalkota in the diocesan level At Holy Trinity Cathedral, Ramanathapuram | 09-10-2016 |
| 55. | Blessing of the chapel at St. Joseph's Matri. Higher sec. School Jadayampalayam | 19-10-2016 |
| 56. | Blessing of Holy Family Priest Home, Ganapathy | 06-11-2016 |
| 57. | First Eparchial Convention of Catholica Congress | 20-11-2016 |
| 58. | Blessing of Second phase of Mother Theresa Peace Home | 01-05-2017 |
| 59. | 4th Pastoral Council | 18-06-2017 |
| 60. | Bishop Joseph Irimpen Memorial Eparchial Quiz Competition (Ed. 1) | 18, 25 June 2017 |
| 61. | 8th Eparchial Day | 02-07-2017 |
| 62. | Foundation stone laid for "Mater Dei ICSE School" at Pattanam, CBE (Bishop Paul Alappatt) | 08-09-2017 |
| 63. | Extension of the territory of the Eparchy (Decree No. 38/2010) | 10-10-2017 |
| 64. | 4th Diocesan Bible convention at Ramanathapuram (Alvernia School Ground) | 24-26th Nov 2017 |
| 65. | Handing over of the Syro-Malabar St. Mary's Parish (from the diocese of Salem to the eparchy of Ramanathapuram By Bishop Sebastianappan Singorayan of Salem) | 20-1-2018 |
| 66. | Consecration of St. Joseph's church ( reconstructed) at Kaundampalayam (By Bishop Paul Alappatt) | 21-1-2018 |
| 67. | First meeting of the bishop with the Syro-Malabar faithful at Pallipalayam (Namackal) | 06-3-2018 |
| 68. | First meeting of the bishop with the Syro-Malabar faithful at Dindigal | 17-3-2018 |
| 69. | First meeting of the bishop & the Holy Mass with the Syro-Malabar faithful at Kodaikanal | 18-3-2018 |
| 70. | First meeting of the bishop with the Syro –Malabar faithful (mainly students) at Christian College of Engineering & Technology at Ottachithram (Dindigal) | 18-3-2018 |
| 71. | First Holy Mass for the Syro –Malabar faithful (mainly students) at Christian College of Engineering & Technology at Ottachithram (Dindigal) (on Palm Sunday) | 25-3-2018 |
| 72. | First meeting of the bishop & the Holy Mass with the Syro-Malabar faithful at Thanchavoor (in the house of Mr. Babu & Mrs. Sheela, Parappully) | 03-6-2018 |
| 73. | Consecration of the renovated St. Paul’s parish church, Pollachi (by Bishop Paul Alappatt) | 01-7-2018 |
| 74. | Blessing and starting of St. Alphonsa FC convent at a rented house in Trichy | 03-7-2018 |
| 75. | Consecration of St. John Paul church, Periyanaickampalayam (by Bishop Mar Paul Alappatt) | 07-7-2018 |
| 76. | Blessing of CMC convent (Idukki provinc e) at a temporary building in Kodaikanal | 22-7-2018 |
| 77. | Blessing and Inauguration of Mater Dei School, Pattanam, CBE. | 15-8-2018 |
| 78. | Blessing of the Holy Family Convent at temporary building at Thanjavur | 24-02-2019 |
| 79. | Foundation stone for the third phase of the Mother Theresa Peace Home, Tirupur laid by Mar Paul Alappatt | 13-4-2019 |
| 80 | Inauguration of the Decennial year of the eparchy of Ramanathapuram at Holy Trinity Cathedral (by Mar Paul Alappatt) | 15-4-2019 |
| 81 | Blessing of the Shefi Aaram F.C. Convent at Ettimadai | 22-4-2019 |
| 82 | Blessing & inauguration of the Bishop's House, (Trichy road, Selvarajapuram, P.O. Chinthamanipudur) by Abp. Andrews Thazhath in the presence of Mar Jacob Manathodath, Mar Pauly Kannookadan, Mar Paul Alappatt, TN Minister S.P. Velumany) | 09-6-2019 |
| 83. | Blessing & inauguration of Santhom Pastoral centre, (Trichy road, Selvarajapuram, P.O. Chinthamanipudur) by Bp. Jacob Manathodath in the presence Abp. Andrews Thazhath, Mar Pauly Kannookadan Mar Paul Alappatt, TN Minister S.P. Velumany) | 09-6-2019 |